SINCE 1976

# ഐക്യദീപം

വില ₹10

2020 ആഗസ്റ്റ്




## പൗരോഹിത്യ-സന്യസ്ത സ്പെഷ്യൽ പതിപ്പ്

# MATHA SENIOR SECONDARY SCHOOL

THUMPOLY, ALAPPUZHA. PH : 0477 2245737, 2965737, 2244165
(AFFILIATION NO 930036)



MATHA SENIOR SECONDARY SCHOOL THUMPOLY, ALAPPUZHA
LET YOUR LIGHT SHINE BEFORE MEN










## *Wings of a Smart Future*

### DISTINCTIVE FEATURES

Greenish Campus
Spacious and Digital Classrooms
Well Equipped Physics, Chemistry, Biology and Computer Labs.
Fully equipped Integrated Lab
Specially designed Mathematics Lab
Value based and Life skill based education
Regular Football, Cricket, Basketball, Badminton Practice
Special Yoga, Taekwondo and Karate classes
Studying Artificial Intelligence in IX & X classes
Various clubs like Literary,
Mathematics, Science,
Social Science, Computer,
Nature, Philately and Numismatics
Daily English, Malayalam and Hindi News Paper Reading
Committed and Highly Talented Faculty.
Activity Room for K G Students




2020 ആഗസ്റ്റ്
പുസ്തകം 52 ലക്കം 09

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

അസോ. എഡിറ്റർ
**ഫാ. മാത്യു ചിറയിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. കോശി മണ്ണിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്.ഐ.സി.**
**റവ. സി. റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി മാത്യു**
**ജയിസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

# ഐക്യദീപം

## ഉള്ളടക്കം

**ഇടയശബ്ദം** ..... 06
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

**പൗരോഹിത്യ-സന്യസ്തജീവിതം – ബാവാ തിരുമേനിയുമായുള്ള അഭിമുഖം** ..... 08
ഫാ. ഡോ. ഐസക് പറപ്പള്ളിൽ

**ദുർഘടവഴിയിലെ സാഹസിക യാത്രികൻ** ..... 18
സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ

**അഭിഷേകം ഒഴുകുന്ന പൗരോഹിത്യം** ..... 20
മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ

**അവന്റെ സ്വന്തം ഈ ജീവിതം** ..... 22
സി. ഡോ. ആൻസലെറ്റ് ഡി.എം.

**കത്തോലിക്കാ പൗരോഹിത്യത്തിന്റെ അനന്യത – രാമനാലിൽ ചെറിയാൻ കോറെപ്പിസ്കോപ്പായുമായുള്ള അഭിമുഖം** ..... 25
ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ

**സന്യസ്തർ–അഗതികളുടെ മാലാഖമാർ** ..... 28
സി. ടെസ് പരിയാരത്തുകുന്നേൽ എസ്.ഡി.

**സന്യാസജീവിതത്തിന്റെ ആനന്ദം – സി. ജെയിൻ എസ്.ഐ.സി.യുമായുള്ള അഭിമുഖം** ..... 30
സി. ജോബ്സി എസ്.ഐ.സി.

**പൗരോഹിത്യ ജീവിതത്തിന്റെ സന്തോഷം** ..... 33
ഫാ. ആന്റണി ചെത്തിപ്പുഴ

**ഒരു കോടി ജന്മമീ ഭൂമിയിൽ തന്നാലും...** ..... 35
മദർ ലില്ലി ജോസ് എസ്.ഐ.സി.

**വിമർശിക്കപ്പെടുന്ന പൗരോഹിത്യവും വിശുദ്ധിയിലേക്കുള്ള വളർച്ചയും** ..... 37
ഫാ. ജോബിൻ പുളിവിളയിൽ

**ഹൈന്ദവ വിശ്വാസത്തിൽനിന്ന് ക്രിസ്തീയ സന്യാസത്തിലേക്ക്** ..... 40
സി. പ്രശോഭ എസ്.ഐ.സി.

**സന്യാസം – മൺപാത്രത്തിലെ നിധി** ..... 42
സി. റാണി മരിയ ഒ.എസ്.എസ്.

**ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടവർ** ..... 44
ഡോ. അനിത ജോജി വാളക്കുഴിയിൽ

**സന്യാസം – അപരനെ സ്നേഹിക്കുവാനും കരുതുവാനുമുള്ള ജീവിതം** ..... 46
ഫാ. അലൻ തോമസ് ഒ.ഐ.സി.

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626. E-mail : aikyadeepamtvla@gmail.com



# എഡിറ്റോറിയൽ



**പൗ**രോഹിത്യ-സന്യാസജീവിതത്തിലേക്കുള്ള വിളി അതിവിശിഷ്ടമായ ഒന്നാണ്. ജീവിതം ദൈവദാനമായിരിക്കെ, ദാതാവിനർപ്പിക്കുന്ന സമ്പൂർണ്ണ സമർപ്പണമാണ് പൗരോഹിത്യ-സന്യാസജീവിതം. പൗരോഹിത്യവും സന്യാസവും സഭയുടെ പ്രേഷിതപ്രവർത്തനത്തിലും കെട്ടുപണിയിലും നിർവ്വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതോടൊപ്പം വിശ്വാസസമൂഹത്തെ ആത്മീയതയിലും ദൈവാനുഭവത്തിലും ദൈവകേന്ദ്രീകൃതമായും ഉറപ്പിക്കുന്നതിന് പൗരോഹിത്യജീവിതവും സന്യാസജീവിതവും വഹിക്കുന്ന പങ്ക് ചെറുതല്ല. വിശുദ്ധ മരിയ വിയാനി ഇപ്രകാരം പറയുന്നു, ''ദൈവത്തിന്റെ കുത്തി പിളർക്കപ്പെട്ട ഹൃദയത്തിന്റെ സ്നേഹമാണ് പൗരോഹിത്യം''. ദൈവജനത്തെ സംരക്ഷിക്കുവാൻ ദൈവം കെട്ടി ഉയർത്തിയിരിക്കുന്ന മതിലും, തിന്മ കടന്നു വരാതിരിക്കുവാൻ ദൈവം കെട്ടിയിരിക്കുന്ന വേലിയുമാണ് പുരോഹിതൻ. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ വൈദികരെക്കുറിച്ചുള്ള ഡിക്രിയിൽ ഇപ്രകാരം പറയുന്നു, ''തിരുസഭയുടെ ദൗത്യം ജനമധ്യത്തിൽ നിർവഹിക്കുന്ന വൈദികജീവിതം ക്രിസ്തുവിലേക്കും മനുഷ്യരിലേക്കും ഉന്മുഖമാണ്. ദൈവവചന ശുശ്രൂഷയിലും കൂദാശാപരികർമ്മത്തിലും ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന വൈദികൻ 'മറ്റൊരു ക്രിസ്തുവാണ്' - alter Christus (Presbyterorum ordinis, nos. 1- 6 ). സന്യാസജീവിതത്തെപ്പറ്റി കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു: ''സന്യാസത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ നിയമം സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുക എന്നതാണ്. എല്ലാ സന്യാസസമൂഹങ്ങളുടെയും ഏറ്റവും വലിയ നിയമവും അതാണ്..... (Perfectae caritatis, no. 2). തിരുസഭയുടെ നന്മയ്ക്കുവേണ്ടിയാകണം സന്യാസസമൂഹങ്ങളെന്നും, ലോകം ഉപേക്ഷിച്ച് ദൈവത്തിനായി മാത്രം ജീവിക്കുന്നവർ, ബ്രഹ്മചര്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും ജീവിതം നയിക്കേണ്ടവരാണെന്നും കൗൺസിൽ ഓർമിപ്പിക്കുന്നു.

സന്യാസമെന്നത് ഒരു വെള്ളപേപ്പറിൽ എഴുതിതീരുന്ന 3 അക്ഷരങ്ങളല്ല. സം+ന്യാസം എന്നാൽ സർവ്വവും ത്യജിക്കുന്ന വ്യക്തി എന്നാണർത്ഥം. പൗരോഹിത്യ-സന്യാസജീവിതം എന്താണ് എന്ന് സമർത്ഥിക്കുന്നതിനേക്കാൾ, എന്തായിരിക്കണം, എന്താകരുത് എന്നാണ് ഇക്കാലയളവിൽ സമൂഹം ചർച്ച ചെയ്യുക. സന്യാസത്തിലേക്കോ പൗരോഹിത്യത്തിലേക്കോ ഒരു വ്യക്തി എത്തുന്നതല്ല, വിളിച്ചവനാൽ എത്തിക്കപ്പെടുന്നതാണ്. ആ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന നാൾ മുതൽ അവർ നെഞ്ചോട് ചേർക്കുന്ന ഒരു വചനമുണ്ട്: ''ഇനിമേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്'' (ഗലാ. 2:20). അങ്ങനെ ജീവിക്കാൻ, സ്വന്തവും ബന്ധവും എല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുവാൻ വീട് വിട്ടിറങ്ങിയവരെ, അതിന് സാധിക്കാത്തവർ പ്രണമിക്കണം. വഴിയോരത്തും തെരുവിലും പോയിനിന്ന് സന്യാസത്തിനും പൗരോഹിത്യത്തിനും എതിരേ വിമർശനം ഉയർത്താനും പരിഹസിക്കാനും എളുപ്പമാണ്. വ്രതത്രയങ്ങളിൽ ഒന്നായ അനുസരണം വാഗ്ദാനം ചെയ്തിട്ട്, സഭാനേതൃത്വത്തിന്റെയോ അധികാരികളുടെയോ അനുവാദം കൂടാതെ ചാനലുകളിൽ പോയിരുന്ന് പുലഭ്യം പറയുന്നതോ, സഭാനേതൃത്വത്തെയും അധികാരികളെയും വെല്ലുവിളിച്ച് തെരുവിൽ സഭാവിരുദ്ധരുടെ കൂടെയിരുന്ന് മുദ്രാവാക്യം വിളിക്കുന്നതോ അല്ല ഈ ജീവിതശൈലി. എളിമയും, ലാളിത്യവും, വിനയവും, വിധേയത്വവും, അനുസരണവും ജീവിതത്തിൽ കാത്തുസൂക്ഷിക്കേണ്ടവർ, പരമ്പരാഗത സന്യാസജീവിതം 'പഴഞ്ചനാ'ണെന്നും, 'മോഡേൺ സന്യാസം' ആണ് ഫാഷനെന്നും, ഇഷ്ടമുള്ളതെല്ലാം ചെയ്യുവാനുള്ള സ്വാതന്ത്ര്യമാണ് 'മോഡേൺ സന്യാസ' ത്തിന്റെ അന്തസത്ത എന്നുമാണ് വാദം. വിരലിലെണ്ണാവുന്ന കുറേപ്പേർ സമർപ്പിതജീവിതത്തെ വികലമായ രീതിയിലും ഭാവത്തിലും ചിത്രീകരിക്കുമ്പോൾ ശേഷിക്കുന്ന ആയിരക്കണക്കിന് സന്യാസിനികൾ മൗനം പാലിക്കുന്നത്, അവർക്ക് നാവ് എന്ന അവയവം ഇല്ലാത്തതുകൊണ്ടല്ല, മറിച്ച് അവർ അവരുടെ നാവിനെ ദൈവസ്തുതികൾ ആലപിക്കുവാനും, അതിലൂടെ തീഷ്ണമായ പ്രാർത്ഥനാനുഭവത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നതുകൊണ്ടും മാത്രമാണ്. യഥാർത്ഥ സന്യാസത്തിന്റെ മാധുര്യവും രുചിയും തിരിച്ചറിഞ്ഞവർ, അതിന് കയ്പ്പാണ്, പുളിയാണ്, രുചിയില്ലാത്തതാണ് എന്ന് മറ്റുള്ളവർ പറഞ്ഞാലും മൗനമായി അതിനെ അവഗണിക്കും. കാരണം അവർ ഏറ്റവും 'വിലയേറിയതിനെ' അന്വേഷിച്ച്, കണ്ടെത്തി, അനുഭവിച്ചറിഞ്ഞവരാണ്. എന്നിരുന്നാലും ചിലപ്പോൾ ചിലർക്ക് തെറ്റു വന്നേക്കാം. ഏത് മേഖലയിലാണ് അതില്ലാത്തത്? മാധ്യമങ്ങളിലും ചാനലുകളിലും നിരന്തരം ചർച്ച നടത്തി വിധി പ്രഖ്യാപിക്കുന്ന 'മാധ്യമ ജഡ്ജിമാരുടെ'

വ്യക്തിജീവിതത്തിലും കുടുംബങ്ങളിലും പ്രശ്നങ്ങളില്ലേ? മറ്റുള്ളവരെ അന്യായമായി കുറ്റം പറയുന്നതിലും വിധിക്കുന്നതിലും ആനന്ദം കൊള്ളുന്ന, 'തിരുത്തൽവാദികളും സാമൂഹ്യ പരിഷ്കർത്താക്കളുമായി' സ്വയം ചമഞ്ഞിറങ്ങുന്ന, അസത്യങ്ങളും അപവാദങ്ങളും പ്രചരിപ്പിക്കുന്ന ഇക്കൂട്ടർ, നാടിനുവേണ്ടിയും പൊതുസമൂഹത്തിനുവേണ്ടിയും 'എന്തോ വലിയ കാര്യങ്ങൾ' ചെയ്യുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തുന്നു. ഒന്നോ രണ്ടോ പത്തോ പേരുടെ മാനുഷികമായ ബലഹീനതകളെയും പോരായ്മകളെയും പർവതീകരിച്ച് അതാണ് സഭയെന്നും, പൗരോഹിത്യ-സന്യസ്ത ജീവിതം മുഴുവൻ അങ്ങനെയാണെന്നും ചിത്രീകരിച്ച് തെറ്റിദ്ധാരണകൾ പരത്തി, സഭയിൽനിന്ന് വിശ്വാസസമൂഹത്തെ അകറ്റി മാറ്റുവാനുള്ള അജണ്ടയുമായി ഇറങ്ങി പുറപ്പെട്ടിരിക്കുന്ന കുറേ ചർച്ചതൊഴിലാളികളും, മാധ്യമവിചാരണക്കാരും, വിധികർത്താക്കളുമൊക്കെ യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാതെ ഘോരഘോരം വായിട്ടടിക്കുമ്പോൾ, നിരന്തരം ഇത് കാണുന്ന സാമാന്യജനത്തിന് പുച്ഛമേ തോന്നൂ. യാഥാർത്ഥ്യമെന്തെന്നുപോലും തിരക്കാതെ, അറിയാൻ ശ്രമിക്കാതെ, ഒന്നാം ദിവസത്തെ അന്തിചർച്ചയിൽതന്നെ വിധി പുറപ്പെടുവിക്കുന്നവരാണ് അവർ. ഇക്കൂട്ടർ, സഭയും പൗരോഹിത്യവും സന്യാസവും കൂദാശകളും വേണ്ട എന്നു പറയും. കുമ്പസാരവുമായി ബന്ധപ്പെട്ട് വിഷയം ഉണ്ടായപ്പോൾ സഭയിൽ കുമ്പസാരം എന്തിനാണ്, അത് നിർത്തലാക്കണമെന്നായി! മഠത്തിലെ കിണറ്റിൽ ഒരാൾ വീണപ്പോൾ, മഠം അടച്ചു പൂട്ടണമെന്നും, കിണറുകളെല്ലാം നികത്തണമെന്നുമായി അടുത്ത വാദം!


ഈ വാദങ്ങളുടെ നടുവിൽ കേരളത്തിലെ വിദ്യാഭ്യാസ-ആതുര-സാമൂഹ്യക്ഷേമ മേഖലകളിൽ വൈദികരും സന്യസ്തരും ചെയ്യുന്ന അനവധി നന്മകൾകൂടി ഓർമ്മിക്കാതെ പോകരുത്. കേരളത്തിലെ 32 കത്തോലിക്കാരൂപതകളിലായി 10,000 ളം വൈദികരും, 38,000 ളം സന്യാസിനികളും ഉണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആതുരാലയങ്ങളും, വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനകേന്ദ്രങ്ങളുമായി 10,000 ൽപരം കത്തോലിക്കാസ്ഥാപനങ്ങൾ കേരളത്തിലുണ്ട്. അതിലൂടെ പൊതുസമൂഹത്തിനും, എല്ലാ രംഗങ്ങളിലുമുള്ള വളർച്ചയ്ക്കും ലഭ്യമാകുന്ന നന്മകളും ശുശ്രൂഷകളും മറന്ന് പൗരോഹിത്യ-സന്യസ്തജീവിതത്തെ ഇകഴ്ത്തിയും പുച്ഛിച്ചും പരിഹസിച്ചും നടത്തുന്ന ജല്പനങ്ങളും വാദകോലാഹലങ്ങളുംകൊണ്ട് അത് നടത്തുന്നവർക്കല്ലാതെ മറ്റാർക്കാണ് പ്രയോജനം? വൈദികരും സന്യസ്തരും - അവരും മനുഷ്യരാണ്. അവരും നമ്മുടെ സാധാരണ കുടുംബങ്ങളിൽനിന്നുള്ളവരാണ്. തെറ്റുകളും കുറവുകളും വന്നേക്കാം, അതിനെ ചൂണ്ടിക്കാണിക്കാം. അതിന്റേതായ വേദികളിൽ നടപടി ആവശ്യപ്പെടാം. അത് സഭതന്നെ പരിഹരിക്കാനും നടപടികൾ സ്വീകരിക്കാനും പരിശ്രമിക്കും, എക്കാലവും അത് ചെയ്തിട്ടുമുണ്ട്. വിമർശനങ്ങളും ആരോപണങ്ങളും destructive ആകരുത്, constructive ആകണം. നന്മ ആഗ്രഹിച്ചാകണം, തിന്മ ആകരുത് ലക്ഷ്യം. അത് സമൂഹത്തിന് ബോധ്യപ്പെടുകയും ചെയ്യണം.

ജീവിതം മുഴുവൻ അധ്വാനിച്ചിട്ടും ഫലം കാണാതെ നിരാശരാകുമ്പോഴും, കാരണവും കാര്യവുമില്ലാതെ അപമാനത്തിനും ഗോസിപ്പുകൾക്കുമിടയിൽ ഞെരിഞ്ഞമരുമ്പോഴും, സ്വന്തം കുടുംബാംഗങ്ങളെയും നാടിനെയും വിട്ട്, ഏതോ ദേശത്ത് ചെന്ന് മറ്റാർക്കോവേണ്ടി ശുശ്രൂഷ ചെയ്യുന്ന വൈദികരെയും സന്യസ്തരെയും കൂടപ്പിറപ്പായി കാണാനും കരുതാനുമുള്ള മനസ് വിശ്വാസസമൂഹത്തിനും ഉണ്ടാകണം. അവരല്ലേ നിങ്ങളുടെ മക്കൾക്ക് മാമ്മോദീസായും സ്ഥൈര്യലേപനവും നല്കുന്നത്? ആദ്യകുമ്പസാരം നടത്തി ആദ്യകുർബാന നല്കുന്നത്? നിങ്ങളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി ആത്മീയമായി ബലപ്പെടുത്തുന്നത്? നിങ്ങളുടെ ഭവനങ്ങൾ അനുഗ്രഹിക്കപ്പെടാൻ ആശീർവദിക്കുന്നത് രോഗം വരുമ്പോൾ ആശുപത്രിയിലും ഭവനത്തിലും വന്ന് പ്രാർത്ഥിക്കുന്നത്? മരണം സംഭവിക്കുമ്പോൾ ഓടി വന്ന് ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തുന്നത്? കബറടക്കംവരെയുള്ള ദിവസങ്ങൾ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി മരണാനന്തര കർമ്മങ്ങൾ നടത്തുന്നത്? നിങ്ങളുടെ കുടുംബാംഗങ്ങളുടെ മരണത്തിന്റെയും, വിവാഹവാർഷികത്തിന്റെയും, ജന്മദിനത്തിന്റെയും അവസരങ്ങളിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുന്നത്? അവരല്ലേ വിവാഹം ആശീർവദിച്ച് ദാമ്പത്യജീവിതത്തിലേക്ക് നിങ്ങളെ പ്രവേശിപ്പിക്കുന്നത്? നിങ്ങളുടെ മക്കളെ നല്ല ഉപദേശങ്ങളും മാർഗ്ഗദർശനവും നല്കി നല്ല വഴിയിലൂടെ നടത്തുന്നത്? വേദപാഠക്ലാസ്സുകളും മറ്റ് സംഘടനാപ്രവർത്തനങ്ങളും നടത്തി അവരുടെ വളർച്ചയ്ക്കുവേണ്ടി അധ്വാനിക്കുന്നത്? അതെ, നിങ്ങളുടെ ഓരോ വളർച്ചയിലും ഉയർച്ചയിലും സന്തോഷിക്കുന്നവരും, നിങ്ങളുടെ പരാജയങ്ങളിലും തളർച്ചയിലും വേദനിക്കുന്നവരുമാണ് അവർ. നാടിനെയും നാട്ടാരെയും കുടുംബാംഗങ്ങളെയും വിട്ട് ആരോരുമില്ലാതെ അവർ നിങ്ങളുടെകൂടെ ആയിരിക്കുന്നത് നിങ്ങൾക്കുവേണ്ടി മാത്രമാണ്. അവർക്ക് എന്തെങ്കിലും വീഴ്ചകൾ ഉണ്ടാകുമ്പോൾ, തളർന്നുപോകുമ്പോൾ, നിരാശരാകുമ്പോൾ, ബലപ്പെടുത്താൻ നിങ്ങളല്ലാതെ മറ്റാരാണുള്ളത്? അവരാരും അവരുടെ ഭാരവും ആകുലതകളുമായി വേറെങ്ങോട്ടും പോകാറില്ല. സ്വയമേ സഹിക്കുക, കുറേ കരഞ്ഞ് തീർക്കുക, പ്രാർത്ഥനയിൽ അഭയം പ്രാപിക്കുക. ഇത്രയുമേ ചെയ്യാറുള്ളൂ. സുഖമാണെങ്കിലും ദുഃഖമാണെങ്കിലും അവർ നിങ്ങളുടെകൂടെ ആയിരിക്കും. അനുദിന ജീവിതത്തിലെ ക്ലേശങ്ങളും, വ്യത്യസ്ത സ്വഭാവക്കാരായ വ്യക്തികളുമായുള്ള ഇടപെടലുകളിലൂടെ ഓരോ ദിവസവും ഉണ്ടാകാവുന്ന മാനസിക പ്രയാസങ്ങളുമൊക്കെ, രാത്രിയിൽ തനിയെ ഒരു മുറിയിൽ ആയിരിക്കുന്ന വ്യക്തിക്ക് ചിലപ്പോൾ താങ്ങാനാവാത്ത ഭാരമോ മനപ്രയാസമോ വരുത്തിയേക്കാം. അയർക്കുന്നം പുന്നത്തുറ പള്ളിയിലെ വൈദികന് ഒരുപക്ഷേ അതായിരിക്കില്ലേ സംഭവിച്ചത്? തളരുമ്പോൾ, തളരാതിരിക്കാൻ കൂടെ നില്ക്കുന്നവരും സഹായിക്കുന്നവരുമാണ് വൈദികർക്കും സന്യസ്തർക്കും ആവശ്യം. പരിഹസിക്കാനും അപമാനിക്കാനും വിമർശിക്കാനും, വിമർശകരോടുകൂടെ കൂടുവാനും എളുപ്പമാണ്. എന്നാൽ തകർന്ന് പോയേക്കാവുന്ന വ്യക്തികളെ, കൂടെ ചേർത്ത് നിർത്തി ബലപ്പെടുത്തുന്നതാണ് ഏറെ ബുദ്ധിമുട്ടുള്ളതും നമുക്ക് തീരെ താല്പര്യമില്ലാത്തതും.

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

## കോവിഡ്–19

കോവിഡ് –19 നോട് അനുനയപ്പെട്ട് മുൻപോട്ട് പോകുകയാണ് ഇനി കരണീയം എന്ന് സമൂഹം മനസിലാക്കി വരുന്നു. തികച്ചും മനുഷ്യത്വമില്ലാത്ത രീതിയിൽ രോഗികളോടും, ക്വാറന്റൈയിനിൽ കഴിയുവാൻ എത്തുന്ന പ്രവാസികളോടും, ഇതരസംസ്ഥാനങ്ങളിൽനിന്നും സ്വന്തം ഭവനങ്ങളിലേക്ക് വരുന്നവരോടുമുള്ള നിഷേധാത്മക സമീപനം ഏറെ സങ്കടകരമാണ്. അസുഖം വരാതെ നോക്കാൻ എല്ലാവരും ശ്രദ്ധിക്കണം, അതിനുള്ള മുൻകരുതൽ എല്ലാവരും എടുക്കണം. എന്നാൽ പൊതുസ്ഥലങ്ങളിലും മറ്റും ജനങ്ങൾ വ്യാപരിക്കുന്നതു കാണുമ്പോൾ ഈ ശ്രദ്ധ എത്രമാത്രം ഉണ്ടെന്നു സംശയം തോന്നുന്നു. ആത്മിക ഇടങ്ങളിൽനിന്നാണ് കൂടുതൽ രോഗവ്യാപനസാദ്ധ്യത എന്ന ധ്വനിയിൽ കാര്യങ്ങളെ വളച്ചൊടിക്കുന്നത് അക്ഷന്തവ്യമാണ്. നിരീശ്വരത്വത്തേക്കാൾ അപകടകരമായ ഒരു സമീപനം ഇന്നു നിലനിൽക്കുന്നു എന്ന് പറയാതിരിക്കാൻ തരമില്ല. ആത്മീയതയല്ല പ്രധാനപ്പെട്ടത് മറിച്ച്, രോഗത്തെ പ്രതിരോധിക്കുവാനുള്ള ഭൗതിക കാര്യങ്ങളാണ് പ്രധാനപ്പെട്ടതൊന്നും, മാറ്റിവയ്ക്കാവുന്നതും തികച്ചും വൈയക്തികമായതുമായ ഒന്നാണ് ആത്മീകത എന്നുമുള്ള ചിന്ത വളർത്താൻ പലരും ശ്രമിക്കുന്നു. നമ്മൾ ആരും ദൈവത്തെ സംരക്ഷിക്കേണ്ടതില്ല, വിശ്വാസികൾ സംരക്ഷിക്കേണ്ട ഒരു ദൈവവും ദൈവിക സംവിധാനവും നമുക്കുവേണ്ട. എന്നാൽ ദൈവവുമായുള്ള ബന്ധത്തിലും ആത്മീകതയിലും മാത്രമെ നാം വിലമതിക്കുന്ന മൂല്യങ്ങൾ നിലനിൽക്കുകയുള്ളൂ എന്ന് തിരിച്ചറിയണം. മനുഷ്യൻ അടിസ്ഥാനപരമായി ദൈവീകനും ആത്മീകനുമാണ്. അവനിൽ അതുള്ളതുകൊണ്ടാണ് ദൈവം നല്കുന്ന സ്നേഹത്തെയും ദൈവികജീവനെയും സ്വീകരിക്കുവാനും അതിൽ വളരുവാനും കഴിയുക. ഇല്ലാത്തതൊന്നും ആർക്കും നല്കാൻ പറ്റില്ല (Nemo dat quod non habet). വി. അഗസ്റ്റീനോസ് പറയുന്നു, ''ദൈവമെ എന്നെ അങ്ങേയ്ക്കായി സൃഷ്ടിച്ചിരിക്കുന്നു. അങ്ങയിൽ എത്തുന്നതുവരെ എന്റെ ഹൃദയം അസ്വസ്ഥമായിരിക്കും''. ഏറ്റം നല്ല ജീവനും, പരമമായ സ്നേഹവും, ഉദാത്തമായ നന്മയും നിലനിൽക്കുന്ന സൗന്ദര്യവുമായ ദൈവത്തിലേക്ക് സ്വമേധയാ ആകർഷിക്കപ്പെടുക എന്നതാണ് മനുഷ്യനിലെ നന്മ. ദൈവത്തെ മാറ്റി നിർത്തിയാൽ പിന്നെ മനുഷ്യൻ ഏത് ഹീനകൃത്യത്തിലേക്കും അധഃപതിക്കാം.

ഈ കോവിഡിന്റെ കാലം അനേകം കാര്യങ്ങൾ നമ്മെ പഠിപ്പിച്ചു എന്ന് മനസിലാക്കുന്നു. നമ്മുടെ നിയന്ത്രണം വെടിഞ്ഞുള്ള നെട്ടോട്ടം, ആർത്തിയുടെയും ആഢംബരത്തിന്റെയും പിറകെയുള്ള പരക്കംപാച്ചിൽ, സമയമില്ലാത്തുതുകൊണ്ട് ബന്ധങ്ങൾപോലും മറന്ന ശൈലി; ഇതെല്ലാം നമ്മെ തിരിച്ചു ചിന്തിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു. ജോലി നഷ്ടപ്പെടുന്നതിന്റെയും സാമ്പത്തിക ഞെരുക്കത്തിന്റെയും കാലത്ത് അല്പംകൂടി കരുതലോടെ ജീവിക്കുവാനും ഉത്തരവാദിത്വപൂർവ്വം കടമകൾ ചെയ്യുവാനും എല്ലാവരും ശ്രമിക്കണം.

## മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ

പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ നാം അർത്ഥസമ്പുഷ്ഠമായും, ഉത്തരവാദിത്വവും പൗരബോധവുമുള്ള ജനങ്ങളെപ്പോലെയും ആചരിച്ചു. സഭൈക്യത്തിന്റെ ശില്പിയും ആധുനികകാലത്തിന്റെ ധാർമ്മിക പ്രവാചകനും സുവിശേഷ ശുശ്രൂഷയുടെ അനുഗ്രഹീത നേതാവും എന്ന നിലയിൽ സഭാചരിത്രത്തെയും സാംസ്കാരിക ചരിത്രത്തെയും ഏറെ സ്വാധീനിച്ച അഭിവന്ദ്യ പിതാവിന്റെ ഓർമ്മ അനുഗ്രഹവും സുകൃതവുമാണ്. പതിവുള്ള പലതും നാം ഉപേക്ഷിച്ചുവെങ്കിലും ഏറെ ഹൃദയസ്പർക്കായി പിതാവിന്റെ ഓർമ്മ നാം ആചരിച്ചുവല്ലോ. പിതാവു നമ്മുടെ മുമ്പിൽ കാട്ടിത്തന്ന വീരോചിതമായ ജീവിതശൈലി നമുക്കു മാർഗ്ഗദീപം ആവണം. പിതാവിന്റെ നാമകരണത്തിനായി നാം ഒരുങ്ങുമ്പോൾ, എനിക്കുള്ള ചിന്ത നാം പിതാവിന്റെ ആത്മികത സ്വന്തമാക്കിയാൽ, അതു നമുക്കും കുടുംബങ്ങൾക്കും സഭയ്ക്കും സമൂഹത്തിനും വലിയ മുതൽക്കൂട്ടായിരിക്കും എന്നതാണ്. ഇപ്രകാരം നാം പരിശുദ്ധമായ ഒരു ജീവിതശൈലിയിലേക്കു വരുമ്പോഴാണ് സ്വർഗ്ഗം കനിഞ്ഞ് അത്ഭുതങ്ങൾ ഉണ്ടായി പിതാവിന്റെ നാമകരണം നടക്കുക. നാം പ്രാർത്ഥിക്കുന്നതാണ് ആയിതീരുന്നത്. ലത്തീനിൽ Lex orandi Lex credendi എന്നു പറയും.

എന്നാൽ അത് Lex vivendi കൂടിയാണ്. അതായത് പ്രാർത്ഥിക്കുന്നത് വിശ്വസിക്കുക, വിശ്വസിക്കുന്നത് പ്രാർത്ഥിക്കുക, പ്രാർത്ഥിക്കുന്നതും വിശ്വസിക്കുന്നതും ജീവിക്കുക. പുണ്യ പിതാവിന്റെ ഹാർദ്ദവ പ്രാർത്ഥന നമ്മുടെ കുടുംബങ്ങളിലെ എന്നുമുള്ള പ്രാർത്ഥനയാക്കണം. അവയിലൂടെ നാം കടന്നുപോകുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ മനസിലാക്കണം:

1) പിതാവ് ദൈവവുമായി ആഴമായ രീതിയിൽ - പുത്രന്റെ, ഒരു സേവകന്റെ അരൂപിയിൽ ബന്ധപ്പെട്ടിരുന്നു.

2) ഹൃദയശുദ്ധിയും എളിമയും വിനയവും ക്ഷമയും കാത്തുസാക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു പിതാവ്. പരിഭവമില്ലാതെ, പ്രതികാരചിന്തയില്ലാതെ, എല്ലാവരോടും ക്ഷമിച്ചും ക്ഷമകൊടുത്തും പുണ്യവാനാക്കപ്പെട്ട വ്യക്തിയായിരുന്നു നമ്മുടെ പിതാവ്.

3) ദൈവത്തിനുമാത്രം മഹത്വവും കീർത്തിയും പുകഴ്ചയും ആഗ്രഹിച്ചിരുന്നു പിതാവ്.

4) ഏതൊരു വിഷമസന്ധിയിലും ദൈവത്തിന്റെ പദ്ധതികളെ കാണാൻ കഴിഞ്ഞിരുന്ന വിശ്വാസിയായിരുന്നു നമ്മുടെ പിതാവ്.

5) വി. അമ്മത്രേസ്യായെപ്പോലെയും സിയന്നായിലെ കത്രീനയെപ്പോലെയും ''ദൈവമെ നീ എനിക്കുവേണ്ടി എന്താഗ്രഹിക്കുന്നുവോ അതു ഞാനാഗ്രഹിക്കുവാൻ അനുഗ്രഹിക്കണമെ'' എന്നു പ്രാർത്ഥിച്ചിരുന്നു പിതാവ്.

6) സഹനങ്ങളിലൂടെ തന്റെ ജീവിത സമർപ്പണം പൂർത്തീകരിച്ച വ്യക്തിയായിരുന്നു പിതാവ്.

ഇങ്ങനെ പോകുന്നു ആ സത്യങ്ങൾ. നമുക്കു ദൈവം തന്ന അനുഗ്രഹമാണ് പിതാവ്. സ്വർഗ്ഗത്തിന്റെ സാക്ഷ്യമാണ്. ശിംശോന്റെ ദാഹം തീർത്ത അസ്ഥിയിൽനിന്ന് ഒഴുകിയ ജീവജലം പോലെ നമുക്കു പുണ്യതീർത്ഥമാകുന്ന ഇടമാണ് പിതാവിന്റെ കബർ. ഈ കാലഘട്ടത്തിന്റെ ആവശ്യമാണ് പുണ്യപിതാവിന്റെ ജീവിതമാതൃക. ദൈവത്തെയും ദൈവികതയെയും മാറ്റി നിർത്തുന്ന ശൈലികൾ പരക്കുന്ന കാലത്ത് ദൈവവും ദൈവവചനവും അവിടുത്തെ വാഗ്ദാനങ്ങളും മാത്രമാണ് സത്യമെന്ന് ആ പിതാവ് പ്രഘോഷിച്ചു. അതിനുവേണ്ടി വലിയവില കൊടുക്കുകയും ചെയ്തു. ആ പുണ്യതാതന്റെ പാവന സ്മരണ ഈ കോവിഡിന്റെ കാലത്ത് സംരക്ഷണം തരട്ടെ.

## പൗരോഹിത്യ-സമർപ്പണ ജീവിതം

പൗരോഹിത്യവും സന്യാസവും ഏറെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. മനുഷ്യൻ കാത്തുസൂക്ഷിച്ചിരുന്ന പല ബിംബങ്ങളും വീണുടയുന്ന അനുഭവം. സ്വീകാര്യമായും അനുകരണീയമായും കണ്ടിരുന്നവ അങ്ങനെയല്ല എന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. നിസാരമായവപോലും ഊതിപ്പെരുപ്പിച്ച് സഭയെ താറടിക്കുന്ന പ്രവണത ഏറെ വർദ്ധിച്ചിരിക്കുന്നു. സാമുദായിക കൂറുകളുടെ അടിസ്ഥാനത്തിൽ തൂലികയും നാവും ചലിപ്പിക്കുന്നവരുടെ എണ്ണവും വർദ്ധിച്ചിരിക്കുന്നു. ഒരു ന്യൂനപക്ഷ സമൂഹം എന്ന നിലയിൽ, ഈ പ്രതികൂല കാലാവസ്ഥയിൽ സഭയ്ക്ക് അസ്ഥിത്വംപോലും ബുദ്ധിമുട്ടായി വരുന്നു. വിശ്വാസവും ആചാരങ്ങളും വിശ്വാസസംഹിതകളും ആരാധനവിധികളും ഒന്നും ആവശ്യമില്ല എന്ന ചിന്തയ്ക്ക് വലിയ സ്വീകാര്യത ഉണ്ടാകുന്നു. ഒഴുക്കിനെതിരെ നീന്തുക എന്നത് നമ്മുടെ കടമയാണ്. ഇവിടെ നമുക്ക് ധാരാളം മാതൃകകൾ കാണാൻ കഴിയുന്നു. എത്ര നിഷേധാത്മക സാഹചര്യത്തിലും യേശുവിനുവേണ്ടി ജീവിക്കുവാൻ, സഭാശുശ്രൂഷകൾക്കുവേണ്ടി സമർപ്പിക്കപ്പെടുവാൻ തയ്യാറാകുന്ന വൈദിക-സന്യസ്തരെ തീർച്ചയായും അഭിനന്ദിക്കണം. കുത്തൊഴുക്കിൽ പലതും കടപുഴകി വീണു എന്നുവരാം. എന്നാൽ അവിടെയും ശോഭ പകരുന്ന ശാന്തതയുടെ തീരങ്ങൾ നമുക്കുണ്ട്. അവയ്ക്ക് പ്രോത്സാഹനം നൽകുവാൻ ഔദാര്യം കാണിക്കുന്ന മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും നമുക്ക് ആദരിക്കാം. ഈ ജീവിതത്തിന്റെ അർത്ഥവും സന്തോഷവും മനോഹാരിതയും യേശുവിനും അവന്റെ മുഖഛായ വഹിക്കുന്നവർക്കുമായി നീക്കിവയ്ക്കാൻ ഹൃദയവിശാലതയും ധൈര്യവും കാണിക്കുന്നവരെ കാണാതെ പോകരുത്. ഏതാണ്ട് 140 വർഷത്തിനു മുൻപ് നീഷെ എന്ന തത്വശാസ്ത്രജ്ഞൻ എഴുതി: ''ദൈവം മരിച്ചു. ദൈവത്തെ ഞങ്ങൾ കൊന്നിരിക്കുന്നു'. ഈ മനുഷ്യൻ മരിച്ചതിനെകുറിച്ചു പല കിംവദന്തികളും ഉണ്ടെങ്കിലും മനോരോഗം വന്ന് ഓർമ്മ ശക്തി ഇല്ലാതാണ് അദ്ദേഹം മരിച്ചതെന്ന് എല്ലാവരും സമ്മതിക്കുന്നു. ദൈവനിഷേധത്തിൽ മദമിളകുന്ന ഒരു സമൂഹത്തിന് അധികദൂരം മുമ്പോട്ടു പോകാൻ കഴിയുകയില്ല. സ്വേച്ഛാധിപത്യവും താൻപ്രാമാണിത്വവും മാത്രമായിരിക്കും ഫലം. തന്റെ ഇച്ഛയ്ക്കും ഇഷ്ടങ്ങൾക്കുംവേണ്ടിയുള്ള ഉപകരണങ്ങളായി മറ്റു മനുഷ്യരും സംവിധാനങ്ങളും പ്രകൃതിയും പരിഗണിക്കപ്പെട്ടാൽ എന്തായിരിക്കും ലോകത്തിന്റെ ഗതി. ലോകത്തിനു വൈദികരും സന്യസ്തരും ആവശ്യമാണ്. ഈ ലോകത്തെ കൂടുതൽ നന്മയുള്ളതാക്കാൻ അവരുടെ സാന്നിദ്ധ്യത്തിനെ കഴിയൂ. അതുകൊണ്ട് അവർ സ്വർഗ്ഗത്തിന്റെ അടയാളങ്ങളാണ്. ഇവരെപ്പറ്റിയാണ് നാം സന്തോഷിക്കേണ്ടത്. സമൂഹത്തിന്റെ നന്മയുടെ അളവുകോലാണ് അവരുടെ സാന്നിദ്ധ്യം. 173 രാജ്യങ്ങളിലായി ആർക്കും വേണ്ടാത്ത, സമൂഹവും സ്വന്തവും ബന്ധവും ഒക്കെ തള്ളിയവരെ മാറോടുചേർത്തു വച്ച കരുണയുടെ രൂപം ഈ സമൂഹത്തിന്റെ സന്തുലതയ്ക്കനിവാര്യമാണ്. താനൊഴികെ ബാക്കിയുള്ളവയൊക്കെ ബാദ്ധ്യതയായി, പാഴ്വസ്തുവായി കാണുവാൻ മാത്രം പഠിപ്പിക്കുന്ന ആർത്തിയുടെ സംസ്കാരത്തിനുള്ള മറുപടിയാണ് നീലക്കരയുള്ള, കൽക്കട്ടയിലെ തോട്ടികളുടെ വസ്ത്രം പേറുന്ന ഈ കൂട്ടർ. കാവ്യനീതിയെപ്പറ്റി ഏറെ സംസാരിക്കുന്ന ഈ പശ്ചാത്തലത്തിൽ ഇവരുടെ സാന്നിദ്ധ്യം മനുഷ്യവർഗ്ഗത്തിന്റെ നല്ല ഭാവിക്ക് ദൈവം തരുന്ന മനസിന്റെ കോണിലെ ഇടമാണ്.

# പൗരോഹിത്യ-സന്യസ്ത ജീവിതവും ഗോതമ്പുമണിയുടെ പ്രകൃതവും

ദൈവത്തിന്റെ കൈയ്യൊപ്പ് ഹൃദയത്തിൽ പേറുന്ന ശ്രേഷ്ഠാചാര്യൻ, ജാതി-മതഭേദമെന്യേ കേരളക്കരയ്ക്ക് പ്രിയങ്കരനായ തിരുമേനി, സാമൂഹിക-സാംസ്കാരിക മേഖലകളിലെ ശക്തമായ സാന്നിദ്ധ്യം, സമകാലീന പ്രതിസന്ധികളിൽ കേരളമാകെ കാതോർക്കാൻ ആഗ്രഹിക്കുന്ന ശബ്ദം, ആഗോളസഭയിലും ഭാരതസഭയിലും വ്യക്തിമുദ്ര പതിപ്പിച്ച ഇടയശ്രേഷ്ഠൻ, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ശക്തനായ സാരഥി അത്യഭിവന്ദ്യ
**കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ**
പൗരോഹിത്യ-സന്യസ്ത ജീവിതക്രമത്തെപ്പറ്റി
ഐക്യദീപം ചീഫ് എഡിറ്റർ **ഫാ. ഡോ. ഐസക് പറപ്പള്ളിലുമായി** നടത്തിയ അഭിമുഖം.

**1. പിതാവിന്റെ സെമിനാരി പ്രവേശനത്തിന് സഹായകരമായ വ്യക്തികൾ, സംഭവങ്ങൾ ?**

വൈദികനാകണമെന്നുള്ള എന്റെ ആഗ്രഹം വളരെ ചെറുപ്പത്തിൽത്തന്നെ മനസ്സിലുണ്ടായിരുന്നു. അതിന്റെ പിന്നിലുണ്ടായിരുന്ന പ്രധാന ഘടകം എന്റെ വീട്ടിലെ അന്തരീക്ഷംതന്നെയായിരുന്നു. ആത്മീയജീവിതത്തിന്റെ വളർച്ചയ്ക്കുവേണ്ട ബാലപാഠങ്ങൾ എന്റെ ഭവനത്തിൽനിന്ന് ലഭിച്ചു. എന്തൊക്കെ ചെയ്യാം, എന്തെല്ലാം അരുത് എന്നിങ്ങനെയുള്ള വ്യക്തമായ രൂപീകരണം ലഭ്യമായിരുന്നു. ഏതാണ്ട് 5-ാം ക്ലാസിൽ പഠിക്കുമ്പോൾ മുതൽ വി. കുർബാനയിൽ വി. മദ്ബഹാ ശുശ്രൂഷകനായി സംബന്ധിക്കുവാൻ കഴിഞ്ഞു. എന്റെ അച്ചായൻ (പിതാവ്) വി. കുർബാനയിൽ ഏറെ ഭക്തിയോടെ ഒരു ശുശ്രൂഷകനായി വി. മദ്ബഹായിൽ സഹായിക്കുന്നതും, ഈണത്തിൽ വായനകൾ നടത്തിയിരുന്നതുമൊക്കെ എന്നെ സ്വാധീനിച്ചിട്ടുണ്ട്. സത്യത്തിൽ പ്രാഥമികമായ ഒരു ആരാധനക്രമപഠനം അച്ചായനിൽനിന്ന് അപ്രകാരം ലഭിച്ചുവെന്ന് പറയാം. എന്റെ അമ്മയുടെ പ്രത്യേകമായ പ്രാർത്ഥനാഭിരുചി എന്നെ ഇപ്പോഴും ശക്തനാക്കുന്നുണ്ട്. അമ്മയ്ക്ക് ഒരുപാട് കാര്യങ്ങൾ ദൈവത്തോട് പറയാൻ ഉണ്ടായിരുന്നുവെന്നത് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. എന്റെ ഇടവകയിലും വളരെ അനുകൂലമായ സാഹചര്യം എന്റെ ദൈവവിളിക്ക് ഉണ്ടായിരുന്നു. 10-ാം ക്ലാസ് പാസ്സാകുന്നതുവരെ ആരോടും ഞാൻ ഇക്കാര്യം പറഞ്ഞിരുന്നില്ല.

എങ്കിലും, എന്റെ ഇടവകയിലെ സൺഡേസ്കൂൾ അദ്ധ്യാപകർ, ലീജിൻ ഓഫ് മേരി, ആരാധനാസമൂഹം..... ഇവരുടെ സമീപനം ഈ ദിശയിലേക്ക് എന്നെ പരിശീലിപ്പിക്കുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അതെനിക്ക് കൂടുതൽ ബോധ്യപ്പെട്ടത് വൈദികനായതിനുശേഷം ഇടവകയിൽ ചെല്ലുമ്പോൾ, ഞാൻ ഈയൊരവസ്ഥയിൽ ആകണമെന്ന് ആഗ്രഹിച്ചിരുന്നവരുടെ സാക്ഷ്യപ്പെടുത്തലുകൾ കേൾക്കുമ്പോഴാണ്.

എന്റെ വികാരിയച്ചന്മാരുടെ സ്വാധീനം എടുത്തു പറയേണ്ട പ്രധാന വസ്തുതയാണ്. ബഹു. കമുകുംപ്ലാക്കലച്ചൻ, പുന്നമഠത്തിലച്ചൻ, തുണ്ടിയിലച്ചൻ, പള്ളിപ്പുറത്തുശ്ശേരിയച്ചൻ, മാരേട്ടച്ചൻ എന്നിവരെപ്പറ്റി ഹൃദയത്തിൽ സന്തോഷമുള്ള ഓർമ്മയാണുള്ളത്. പള്ളിപ്പുറത്തുശ്ശേരിയച്ചൻ വികാരിയായിരിക്കുമ്പോഴാണ് ഞാൻ സെമിനാരിയിൽ ചേരുന്നത്. അച്ചൻ നമ്മുടെ സെമിനാരിയിൽ റെക്ടർ ആയിരുന്ന ആളാണ്. അദ്ദേഹത്തിന്റെ ശക്തമായ പ്രോത്സാഹനം ലഭിച്ചിട്ടുണ്ട്. മാരേട്ടച്ചൻ വികാരിയായിരിക്കുമ്പോഴാണ് ഞാൻ വൈദികപട്ടം സ്വീകരിക്കുന്നത്. അതിനു ശേഷമുള്ളവരും എന്റെ പൗരോഹിത്യശുശ്രൂഷയെ ബലപ്പെടുത്തിയവരാണ്. ചങ്ങനാശ്ശേരി അതിരൂപതയിൽ ശുശ്രൂഷ നടത്തുന്ന എന്റെ മാവിയുടെ മകൻ സെബാസ്റ്റ്യൻ മഞ്ചേരിക്കളത്തിലച്ചൻ കുടുംബാംഗമെന്ന നിലയിൽ ഏറെ സ്വാധീനിച്ചിട്ടുണ്ട്.



അങ്ങനെയാണ് ഞാൻ തിരുവല്ല മൈനർ സെമിനാരിയിൽ 1976 ൽ അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി രൂപതാദ്ധ്യക്ഷനും, ബഹു. ചുണ്ടേവാലേലച്ചൻ (അഭിവന്ദ്യ മാർ തിമോത്തിയോസ് തിരുമേനി) റെക്ടറായിരിക്കുകയും ചെയ്യുന്ന അവസരത്തിൽ ചേരുന്നത്. ദൈവവിളിക്ക് പ്രേരണ നൽകുകയും ആ യാത്രയിൽ പിൻബലം തന്ന് ദൂരെയിരുന്ന് പ്രാർത്ഥിക്കുകയും ചെയ്ത ഞാൻ അറിയുന്നവരും അറിയാത്തവരുമായ അനേകരുണ്ട്. അവരോടെല്ലാം ഞാൻ കടപ്പെട്ടിരിക്കുന്നു. എന്റെ മാതാപിതാക്കൾ, പ്രത്യേകിച്ച് എന്റെ അമ്മ, സഹോദരങ്ങൾ എല്ലാവരും ഈ യാത്രയിൽ സന്തോഷകരമായ ഓർമ്മയാണ്. ഈ ആത്മീയ വളർച്ചയിൽ അനേകർ എനിക്ക് എന്നും ചുറ്റിലുണ്ടായിരുന്നു; ഇന്നും അത് സജീവം.

**2. ഇക്കാലയളവിൽ നടക്കുന്ന പ്രതികൂല സംഭവങ്ങളും, വികലമായ ചർച്ചകളും പൗരോഹിത്യ-സന്യസ്ത ജീവിതത്തിന് വെല്ലുവിളിയാണോ? എന്താണ് ബാവാതിരുമേനിക്ക് പറയാനുള്ളത്?**

നമ്മുടെ കർത്താവുതന്നെ നമുക്ക് അപകടസൂചന (warning) നല്കിയിട്ടുണ്ട്. 'പച്ചമരത്തോട് അവർ ഇങ്ങനെ ചെയ്തെങ്കിൽ ഉണക്കമരത്തോട്' എന്തായിരിക്കും എന്നു പറഞ്ഞ് കർത്താവ് നല്കിയ അപകടസൂചന നമ്മെ നിരാശരാക്കാനല്ല, നമ്മൾ സുരക്ഷിതരായിരിക്കാനാണ്. കർത്താവ് പറഞ്ഞു, ''ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അത് വളരെയേറെ ഫലം പുറപ്പെടുവിക്കും'' (യോഹ. 12:24). യഥാർത്ഥത്തിൽ പൗരോഹിത്യ-സന്യസ്ത ജീവിതം ഗോതമ്പുമണിയുടെ പ്രകൃതത്തിൽ നമുക്ക് കാണാം. ഗോതമ്പുമണി നിലത്ത് വീഴണം. ചെളിയിലാണ് അത് വളരുക. അവിടെ കിടന്ന് മുളപൊട്ടുന്നു. സ്വർണനിറമുള്ള ഗോതമ്പുമണികളായി ഫലം പുറപ്പെടുവിക്കുന്നു. എന്നാൽ സ്വർണനിറമായി കിടക്കാനുള്ള അനുവാദമല്ല ദൈവം കൊടുത്തിരിക്കുന്നത്. അത് വീണ്ടും നിലത്തുവീഴണം, അഴിയണം. വി. കുർബാനയുടെ അന്തരാർത്ഥം ഗോതമ്പുമണിയിൽ വ്യക്തമാണ് - പൊടിഞ്ഞ് ഇല്ലാതാകണം, അപ്പമാകണം, മുറിക്കപ്പെടണം, പങ്കുവച്ച് കൊടുക്കപ്പെടണം, അത് വേറൊരാളുടെ ഭക്ഷണമാകണം. ത്യാഗത്തിന്റേതായ ഈ ദൈവശാസ്ത്രം (Eucharistic Theology) ഗോതമ്പുമണിയിലും ഓസ്തിയിലും നിറഞ്ഞുനില്ക്കുകയാണ്. പൗരോഹിത്യത്തെക്കുറിച്ചും സന്യാസത്തെക്കുറിച്ചും ചിന്തിക്കുമ്പോൾ ഇന്ന് ഒരുപാട് വെല്ലുവിളികൾ നമ്മുടെ മുമ്പിലുണ്ട്. പുരോഹിതരും സന്യസ്തരും ഈ ലോകത്തിന്റേതല്ല എങ്കിലും അവർ ഈ ലോകത്തിൽനിന്ന് വന്നവരാണെന്ന് ആർക്കും മറക്കാനാവില്ല. എന്നാൽ ചിലപ്പോഴെങ്കിലും നമ്മൾ ഈ ലോകത്തിന്റേതാണെന്ന് മറ്റുള്ളവർക്ക് തോന്നത്തക്ക വിധത്തിൽ ആയിട്ടുണ്ട്. അത് മറച്ചുവയ്ക്കേണ്ട കാര്യമില്ല. അത് കാണുമ്പോൾ ചിലർ നമ്മളെ വിമർശിക്കും, കരയിപ്പിക്കും, ചോദ്യം ചെയ്യും, നമുക്ക് വേദനയുണ്ടാകും. അതിൽ നമ്മൾ ഭാരപ്പെടേണ്ട. നമ്മുടെ നന്മയെപ്രതിയാണ് വീഴ്ച ചൂണ്ടിക്കാണിച്ച് തന്നത്, നമ്മൾ ബലമുള്ളവരായി നിലനില്ക്കണമെന്ന് അവർക്ക് ആഗ്രഹമുള്ളതുകൊണ്ടുകൂടിയാണ്.

പൗരോഹിത്യത്തെയും സന്യാസത്തെയും മനസിലാക്കാൻ നമുക്ക് എന്താണ് മാനദണ്ഡം? അത് കർത്താവും കർത്താവിന്റെ പഠനവുമല്ലാതെ മറ്റൊന്നുമല്ല. അതോടൊപ്പം, ആദിമ നൂറ്റാണ്ടിൽ പ്രതികൂലസാഹചര്യങ്ങളിലും കർത്താവിനുവേണ്ടി ജീവിച്ച രക്തസാക്ഷികളും നമുക്ക് അളവുകോലാണ്. ചിലർ ചോദിച്ചേക്കാം, നിങ്ങൾ എന്തിനാണ് മൗനം പാലിക്കുന്നത്? എന്തിനാണ് വിവാഹം കഴിക്കാതിരിക്കുന്നത്? എന്തിനാണ് മൗലികമായ അവകാശങ്ങൾപോലും വേണ്ട എന്നുവച്ച് അടിമകളെപ്പോലെ കഴിയുന്നത്? ഇങ്ങനെ ചോദിക്കുന്നവർ പൗരോഹിത്യത്തെയോ സന്യാസത്തെയോ അതിന്റെ ഉള്ളർത്ഥത്തിൽ മനസിലാക്കുകയോ, മനസ്സിലാക്കണമെന്ന് ആഗ്രഹിക്കുകയോ ചെയ്യുന്നവരല്ല. മറിച്ച് അവർ ഒരു പ്രതിവിപ്ലവം സൃഷ്ടിക്കുകയാണ്, ഇതൊന്നും ആവശ്യമില്ലെന്ന് പ്രചരിപ്പിക്കുകയാണ്. യേശുക്രിസ്തുവിന്റെ വിശുദ്ധിയെക്കുറിച്ചുപോലും ചോദ്യം ചെയ്യുന്ന സാഹിത്യകാരന്മാരും, നിരൂപകരും നമ്മുടെ ഇടയിലില്ലേ? ഇക്കൂട്ടരാണോ നമ്മുടെ പൗരോഹിത്യത്തെയും സന്യാസത്തെയും വളർത്തുന്നത്? അങ്ങനെ കരുതാനാകില്ല. രണ്ടു തരത്തിൽ നാം ഇതിനെ കാണണം. പൗരോഹിത്യത്തിന്റെയും സന്യാസത്തിന്റെയും അവികലമായ ഒരു ഭാവം നമ്മുടെ സമൂഹത്തിന് ഈ കാലഘട്ടത്തിലും ആവശ്യമുണ്ട്. ഈ ലോകത്തിലെ ജീവിതത്തിൽ ദൈവത്തോട് ചേർത്തുനിർത്താനും നന്മയിൽ സ്ഥിരീകരിക്കാനും, അടയാളപ്പെടുത്തപ്പെട്ട ജീവിതങ്ങൾ ഇന്നും ജനത്തിന് ആവശ്യമുണ്ട്. ആ വിഭാഗത്തിൽപെടുന്നു പൗരോഹിത്യവും സന്യാസവും. മറുഭാഗത്ത് വിരുദ്ധതയുടെ ചോദ്യങ്ങൾ ചോദിക്കുമ്പോൾ നാം പതറിപോകാതിരിപ്പാനുള്ള ആത്മബലവും വേണം. ഈ നിരൂപകരല്ല നിന്റെ ആത്മാവിന് വിലയിടുക. ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവനെ നാം ഭയപ്പെടേണ്ടതില്ലെന്ന് കർത്താവ് പറയുന്നതിന്റെ ഉൾപ്പൊരുൾ അതാണ്. അതുകൊണ്ട് ഈ കാലഘട്ടത്തിലെ വെല്ലുവിളികൾ വേദനയല്ലെന്നല്ല, അത് സൃഷ്ടിക്കുന്നവരെ നാം ശ്രദ്ധയോടെ വീക്ഷിക്കണം. നമ്മുടെ കുറവു

കൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കണം. നാം ജാഗരൂകരും പക്വതയുമുള്ളവരുമായിരിക്കണം. നമ്മുടെ കർത്താവിനെ മുൻനിർത്തി ജീവിക്കാൻ നാം തയ്യാറെടുക്കണം. മറ്റ് പ്രതികൂലങ്ങളായ ആരോപണങ്ങളെക്കുറിച്ച് നാം അതിരുകടന്ന് ആശങ്കപ്പെടുകയോ, ലോകത്തിന്റെ മാനദണ്ഡങ്ങൾ വച്ച് അതിനെ പ്രതിരോധിക്കാൻ ശ്രമിക്കുകയോ ചെയ്യേണ്ടതില്ല. അവർ ചെയ്ത് കൊള്ളട്ടെ. കാരണം, കുരിശിന്റെ താഴെ നിന്നുകൊണ്ട് തന്നെ അധിഷേപിച്ചവരെയും വെല്ലുവിളിച്ചവരെയുമായിരുന്നില്ല യേശുവിന്റെ ശ്രദ്ധ. അവൻ പിതാവിന്റെ കരങ്ങളിൽ ആത്മാവിനെ ഭരമേല്പിക്കുന്നതിന്റെ തിരക്കിലായിരുന്നു. സഭയ്ക്കും ഇതുതന്നെയാണ് മാതൃക. നാം ശ്രദ്ധയും കരുതലും ആത്മീയ ഒരുക്കവുമുള്ളവരായി ഇവയെ അതിജീവിക്കണം. പൗരോഹിത്യം മനുഷ്യൻ ഉണ്ടാക്കിയതോ, ഈ കാലഘട്ടത്തിലെ ചില ബുദ്ധിപരമായ നീക്കത്തിന്റെ പരിണിതഫലമോ അല്ല. കർത്താവിന്റെ ചങ്കിൽനിന്ന് പുറപ്പെട്ട രക്തവും വെള്ളവും പൗരോഹിത്യത്തിന് വഴിയൊരുക്കി സ്വർഗ്ഗത്തിന്റെ പദ്ധതിയിൽ ക്രമീകരിക്കപ്പെട്ടതാണ്. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല.

**3. വൈദിക-സന്യസ്ത ജീവിതം വെല്ലുവിളികളെ നേരിടുന്ന ഇക്കാലയളവിൽ വൈദിക പരിശീലനത്തിനും സന്യാസജീവിത പരിശീലനത്തിനും കാലികമായ മാറ്റങ്ങൾ വരുത്തുന്നതിനെപ്പറ്റി സഭയുടെ നിലപാട് എന്താണ്? ഇന്നിന്റെ സാഹചര്യത്തിൽ ഇത്തരം പരിശീലന പ്രക്രിയയിൽ ലക്ഷ്യം വയ്ക്കേണ്ട പ്രധാന ഘടകങ്ങൾ ഏതൊക്കെയാണ്?**

വൈദികജീവിതം കാലാനുസൃതമായി പുനർസമർപ്പിക്കപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ് (ever renewed). സഭയിൽ അത് എല്ലാവരും ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതുമാണ്. അതിന് ഉപോൽബലകമായി നാം കാണേണ്ട ഒരു ഘടകം വൈദികപരിശീലനമാണ്. വൈദികപരിശീലനം ഓരോ കാലത്തും കാണുന്ന ചില പ്രത്യേകതകൾ കണ്ട് പരിഷ്കരിക്കുന്നു എന്നതിനപ്പുറത്ത്, ക്രിസ്തീയ സുവിശേഷത്തിന്റെ അടിത്തറയിൽ ക്രമീകരിക്കേണ്ടതാണ്. ദൈവത്തിന്റെ കാരുണ്യവും സ്നേഹവും പ്രത്യാശ നിറച്ച് മനുഷ്യന് കൊടുക്കുക എന്നതാണ് പുരോഹിതധർമ്മം. അത് കൂദാശാപരമായും, പ്രാർത്ഥനയായും, അപ്പമായും, സാമീപ്യമായും കൊടുക്കണം. യേശു എന്തെല്ലാം നല്കിയോ അതെല്ലാം നല്കാൻ പുരോഹിതനും ബാധ്യസ്ഥനാണ്. ഇതൊരു താത്വികമായ ഉപദേശമാണ്. ഈ ഉപദേശത്തിന് അസ്ഥിയും മാംസവും വയ്ക്കേണ്ടതാണ് പരിശീലനകാലഘട്ടം അല്ലെങ്കിൽ പരിശീലന പദ്ധതി. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ശുശ്രൂഷ ഏറ്റെടുത്തപ്പോൾ മുതൽ പ്രചാരത്തിലിരിക്കുന്ന ഒന്നാണ് പുരോഹിതൻ 'ആടുകളുടെ മണമുള്ള ഇടയൻ' ആയിരിക്കണമെന്നത്. അത് പുതിയൊരു terminology അല്ല. പക്ഷെ അതിനൊരു പുതിയ അർത്ഥവ്യാപ്തി ഉണ്ടായി. ആടുകളുടെ മണം തിരിച്ചറിയുക, ഒരുപടി കൂടി കടന്ന്, ആടുകളുടെ മണം ഇടയനുണ്ടാകുക. ആടുകളുടെ കൂട്ടത്തിലാകണം ഇടയന്റെ വാസം. ക്രിസ്തീയ പൗരോഹിത്യം, കത്തോലിക്കാ പൗരോഹിത്യം, വിശിഷ്യ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ പൗരോഹിത്യം, നാം ഉറപ്പിക്കേണ്ടത് കർത്താവിലാണ്, തിരുസഭയിലാണ്, നമ്മുടെ ജീവിതാനുഭവങ്ങളുടെ മദ്ധ്യേയാണ്. അങ്ങനെയെങ്കിൽ നമ്മുടെ ശ്രദ്ധാവിഷയത്തിൽ പ്രധാനമായും കുടുംബങ്ങൾ വരേണ്ടേ? തോമസ് അക്വിനാസിനെപ്പോലുള്ള മധ്യകാല തത്വചിന്തകർ എങ്ങനെ ഈ യാഥാർത്ഥ്യത്തെ കണ്ടു എന്ന് പഠിക്കുന്നതുപോലെയോ, അതിനേക്കാളപ്പുറത്തോ പ്രാധാന്യമുള്ളതായി നാം നമ്മുടെ കുടുംബങ്ങൾ 'കൃപ നിറയുന്ന കുടുംബ'ങ്ങളായി വളരുന്നതിന് എന്താണ് ചെയ്യേണ്ടതെന്നാണ് നമ്മുടെ ചിന്താവിഷയം. അപ്പോൾ മാത്രമേ ഇടയന് ആടുകളുടെ മണമുണ്ടാകൂ. അതിന് സമാനമായ ഒരു രൂപാന്തരീകരണം ഉണ്ടാകേണ്ടത് വൈദികജീവിതത്തിലാണ്. അത് നമ്മുടെ പരിശീലനത്തിൽ നാം ഉൾപ്പെടുത്തേണ്ടതുണ്ട്. കത്തോലിക്കാ പൗരോഹിത്യം കുർബാന കേന്ദ്രീകൃതമായ ജീവിതമാണെന്ന് പറയുമ്പോഴും, എന്നും വിശുദ്ധ കുർബാനയർപ്പിച്ച് അതിൽ മാത്രം സംതൃപ്തിയടയുന്ന പരിമിതമായ അർത്ഥം മാത്രമായി അതിനെ കാണരുത്. കുർബാനകേന്ദ്രീകൃതമായ ജീവിതമെന്നത് വിശുദ്ധ കുർബാനയുടെ ദൈവശാസ്ത്രം ജീവിക്കുന്ന ജീവിതമാണ്. ഗോതമ്പുമണി പൊടിഞ്ഞ് അപ്പമാകുകയും, ഏറ്റവും ദുർബലമായ അപ്പത്തിൽ കർത്താവ് സന്നിഹിതനാവുകയും, ഈ അപ്പം മുറിച്ച് കൊടുത്ത് മറ്റൊരാളുടെ ജീവന്റെ ഭാഗമാകുകയും ചെയ്യുന്നു. വിശുദ്ധ കുർബാനയുടെ ഈ ദൈവശാസ്ത്രം കത്തോലിക്കാ പൗരോഹിത്യത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതാണ്. ബലിപീഠത്തിന് വലം വയ്ക്കുകയും, ബലിപീഠത്തിന് കാവലിരിക്കുകയും, ബലിപീഠത്തിലെ തീ അണയാതെ സൂക്ഷിക്കുകയും, ബലിപീഠത്തിന്റെ കെടാവിളക്കായി ജീവിക്കുകയും ചെയ്യേണ്ടവനാണ് പുരോഹിതൻ എന്നു പറയുമ്പോൾ ഈയൊരു കുർബാനകേന്ദ്രീകൃതമായ ജീവിതം പുരോഹിതനുണ്ടാവേണ്ടതാണ്. ഇത് നമ്മുടെ പരിശീലനത്തെ ബാധിക്കേണ്ടതല്ലേ? പാവപ്പെട്ട മനുഷ്യരോടുള്ള അടുപ്പം, സമ്പത്ത് സ്വപ്നം കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിനേക്കാൾ അഭി

കാമ്യമാണ്. നമ്മുടെ ദൈവജനം സാധാരണക്കാരാണ്. സാധാരണക്കാരെ സ്നേഹിക്കുന്ന ഒരു പൗരോഹിത്യത്തിന്റെ സാധാരണത്വം നമ്മെ കൈവിട്ട് പോകുന്നുണ്ടെങ്കിൽ അതും നമ്മുടെ പരിശീലനത്തിൽ ശ്രദ്ധിക്കേണ്ടതാണ്. പ്രതികൂല സാഹചര്യങ്ങൾ വന്നപ്പോൾ അനേകം ശിഷ്യന്മാർ യേശുവിനെ വിട്ടുപോയി എന്ന് സുവിശേഷത്തിൽ കാണുന്നുണ്ട്. സ്ഥലം വിട്ടുപോയി എന്നോ, ആളിനെ വിട്ടുപോയി എന്നോ നമുക്ക് മനസിലാക്കാം. ആളിനെ വിട്ടുപോയി എന്നത് അവനെ വിട്ടുപോയി എന്നതിനോട് ചേർത്ത് വയ്ക്കേണ്ടതാണ്. ഞാൻ യേശുവിന് ഉള്ളവനായിട്ടും അത് പറയാതിരിക്കുന്നത് യേശുവിനെ ഉപേക്ഷിച്ച് പോകുന്നതിന് തുല്യമാണ്. യേശുവിന്റെ മൗതികശരീരമായ സഭയെക്കുറിച്ച് സംസാരിക്കാതിരിക്കുന്നതും യേശുവിനെ ഉപേക്ഷിച്ച് പോകുന്നതിന്റെ ഭാഗമാണെന്ന് പൗലോസ്ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു, യേശുവിനെ ഒരിക്കലും ശാരീരികമായി പീഡിപ്പിച്ചിട്ടില്ലാത്ത സാവൂളിനോട് ''നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു'' എന്നാണ് കർത്താവ് ചോദിക്കുക. സഭയെ ദ്രോഹിക്കുമ്പോൾ, കർത്താവിനെ ദ്രോഹിക്കുന്നുവെന്നാണ് അതിന്റെ സാരം.

പരമ്പരാഗതമായി കൈമാറി വരുന്ന ചില തത്വങ്ങളും, നിഷ്ഠകളും, ആചാരവിധിപ്രകാരമുള്ള കർമ്മങ്ങളും അനുഷ്ഠിക്കുവാൻ പഠിപ്പിക്കുന്ന ഒരു സ്ഥലമായി മാത്രം പൗരോഹിത്യ പരിശീലനകളരിയെ കാണുമ്പോൾ we are producing certain products. ചില കാര്യങ്ങൾ ചെയ്യാൻ പ്രാപ്തിയുള്ള ആളുകളെ ഇറക്കിവിടുന്നതല്ല സെമിനാരി പരിശീലനം. കത്തോലിക്കാ പൗരോഹിത്യവും, മലങ്കര സുറിയാനി കത്തോലിക്കാ പൗരോഹിത്യവും ഇതിൽനിന്നും വ്യത്യസ്തമായിരിക്കുവാൻ സ്വർഗ്ഗം ആഗ്രഹിക്കുന്നുവെന്നതാണ് എന്റെ ബോധ്യം. ഇതിനെ നമുക്ക് കാലോചിതമായി സ്പർശിക്കുവാൻ കഴിയുമോ എന്നതാണ് നാം പരിശോധിക്കേണ്ടത്. എങ്കിൽ മാത്രമേ നാം ഇന്ന് നേരിടുന്ന വിഷയങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയൂ. പരിശുദ്ധാത്മാവ്, മാറ്റത്തിന്റെ ആത്മാവാണ്, ആലോചനയുടെ ആത്മാവാണ്. പരിശുദ്ധാത്മാവിനോട് ആലോചന ചെയ്ത് ഈ വിഷയത്തിൽ നമുക്ക് മുമ്പോട്ട് പോകുവാൻ കഴിയണം. പ്രത്യേകിച്ച് ഇടവക വൈദികരുടെ പരിശീലനപദ്ധതിയിൽ നമ്മുടെ അജഗണങ്ങളുടെ ജീവിതാനുഭവങ്ങളുംകൂടി ചേർത്ത് കാണുവാൻ കഴിയണം. പ്രായമായ മാതാപിതാക്കൾ മാത്രം താമസിക്കുന്ന വീടുകൾ ഇന്ന് ധാരാളമുണ്ട്. വെറുതെ വീട് കണ്ടിട്ട് പോരുന്ന രീതി മാറ്റി, കൂടെയില്ലാത്ത അവരുടെ മക്കളുടെ കടമകൾകൂടി ഏറ്റെടുക്കാൻ വൈദികർക്ക് കഴിയുമ്പോൾ അത്തരം അജപാലകർ ആടുകളുടെ മണമുള്ള ഇടയരാകുന്നു. ആരും നോക്കാനില്ലാത്ത, സാമ്പത്തികശേഷി ഉണ്ടെന്നു കരുതി മറ്റൊന്നും ആവശ്യമില്ലെന്ന് നാം കരുതുന്ന, ഈ മാതാപിതാക്കളുടെ അടുത്ത് കയറി ചെല്ലാൻ അജപാലകന് കഴിയണം. അങ്ങനെ മനുഷ്യബന്ധത്തിലൂടെ ദൈവബന്ധത്തിന്റെ അനുഭവം നല്കുവാൻ കഴിയുന്നു.

ഈ വിഷയത്തെക്കുറിച്ച് ഞാൻ തുറന്ന് സംസാരിക്കുമ്പോൾ ഒരു കാര്യം കൂടി ചേർത്ത് പറയേണ്ടതുണ്ട്. ലാളിത്യത്തെ ഹൃദയംകൊണ്ട് സ്വീകരിക്കുന്ന ഒരു സമീപനം നമ്മുടെ പൗരോഹിത്യത്തിന് അനിവാര്യമാണ്. ലോകത്തിൽ എല്ലാവരും പ്രൗഢിയിലേക്കും ആകർഷണതയിലേക്കും തിരക്കിയോടുമ്പോൾ ഒരു തിരിഞ്ഞുനടപ്പ് (return) നമുക്ക് ആവശ്യമാണ്. why I am a priest ? അതിന് ഞാൻ ഉത്തരം കൊടുക്കേണ്ടത് എന്റെ പുരോഹിതധർമ്മ നിർവഹണത്തിലാണ്. എന്നെ ഏല്പിച്ചിരിക്കുന്ന ജനത്തിനുവേണ്ടി മുഴുവനായി ഞാൻ കൊടുത്തിരിക്കുന്നവനാണ്. നൂറു കാര്യങ്ങൾക്കിടയിൽ, എനിക്കൊരു പള്ളികൂടി തിരുമേനി നല്കിയിരിക്കുന്നു എന്ന് കരുതുന്നതിൽനിന്ന് വ്യത്യസ്തമായി, എന്റെ അജപാലന ശുശ്രൂഷയുടെ ഇടയിൽ എന്നെ മറ്റൊരു ഉത്തരവാദിത്വംകൂടി ഏല്പിച്ചിരിക്കുന്നുവെന്നാണ് തിരിച്ചറിയേണ്ടത്. ഇത്തരം ചിന്തകൾ നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് നമ്മുടെ ജീവിതരൂപാന്തരീകരണത്തിനാണ്. കൊച്ചുപള്ളികൾ ആർക്കുവേണം എന്നു ചോദിച്ചാൽ 'ഞാൻ എടുക്കാൻ തയാറാണ്' എന്നു പറയുന്ന ഒരു പുരോഹിതസമൂഹം എക്കാലവും നമുക്ക് ഉണ്ടായിരുന്നു. അത് ഇന്ന് കൂടുതൽ ആവശ്യവുമായിരിക്കുന്നു. അതിനായി ചിലതിനോടൊക്കെ no പറയാൻ നമുക്ക് ആവണം. നമ്മുടെ സൗകര്യങ്ങളും വാഹനങ്ങളും താമസസ്ഥലങ്ങളുമൊക്കെ ലളിതമാകണം. നമ്മുടെ ദേവാലയങ്ങളുടെ നിർമ്മാണവും, ജൂബിലി ആഘോഷങ്ങളും വ്യക്തിപരമായ ആഘോഷങ്ങളുമൊക്കെ പുനഃപരിശോധിക്കപ്പെടണം. ആഘോഷങ്ങൾ വേണ്ടെന്നല്ല, നമുക്ക് അതൊന്ന് രൂപാന്തരപ്പെടുത്താനും, പുതിയൊരു മാനം കൊടുക്കാനും കഴിയുമോ? നമ്മുടെ ജൂബിലിയോടനുബന്ധിച്ച് 25 കുടുംബങ്ങൾക്ക്, ജാതിമതഭേദമെന്യേ നന്മ ചെയ്യാൻ കഴിയുന്നെങ്കിൽ അതല്ലേ ശ്രേഷ്ഠം? കത്തോലിക്കാ പൗരോഹിത്യത്തിന് ഇവിടെയൊരു പ്രതിവിപ്ലവം കൊടുക്കാൻ കഴിയും. ഈ ബോധ്യം നമ്മൾ ആരംഭിക്കേണ്ടത് സെമിനാരിയിൽനിന്നാണ്. കുപ്പായത്തിൽ ചെളി പുരളാത്ത നല്ല ദിനത്തെക്കുറിച്ചല്ല, കുപ്പായത്തിലും ശരീരത്തിലും ചെളി പുരുളാനും, ഇറങ്ങി പോരുമ്പോൾ മറ്റുള്ളവന്റെ ദുർഗന്ധമുണ്ടെങ്കിലും അതിനെ വില

പ്പെട്ടതായി കരുതുന്ന ധാരാളം വൈദികർ നമുക്കുണ്ട്. അങ്ങനെയുള്ളവരുടെ എണ്ണം കുറഞ്ഞുപോകുന്നു എന്നത് നാം മറച്ചു വയ്ക്കേണ്ടതില്ല. ആ സംഖ്യ കൂടട്ടെ. അത് കൂടണമെങ്കിൽ നമ്മുടെ വൈദികപരിശീലന പദ്ധതിയിൽ അതിനൊരു മൂല്യം (value) ഉണ്ടെന്ന് കാണണം. ആ മൂല്യം സെമിനാരി പരിശീലനത്തിൽ ഉൾപ്പെടുത്തിയാൽ വർഷങ്ങൾ കഴിഞ്ഞുവരുമ്പോൾ അതായിരിക്കും നമ്മുടെ ശ്രദ്ധാവിഷയം (focus).

**4. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വൈദിക-സന്യസ്ത ശുശ്രൂഷയെപ്പറ്റി പിതാവിന്റെ ദർശനം/സ്വപ്നം എന്താണ്? എന്തൊക്കെ നിർദ്ദേശങ്ങളാണ് പിതാവിന് വയ്ക്കാനുള്ളത്?**

നമ്മുടെ സഭയുടെ ശക്തി പല തലങ്ങളിലാണ്, പല ശ്രേണികളിലാണ്. പിതാക്കന്മാർ, വൈദികർ, സമർപ്പിതർ, കുടുംബങ്ങളിലെ മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ, പൊതുസമൂഹം, നമ്മെ സ്നേഹിക്കുന്ന സഭയുടെ പുറത്തുള്ള ആളുകൾ, നമ്മോട് അടുപ്പമുള്ളവർ..... അവരൊക്കെ സംസാരിക്കുന്നത് നാം ശ്രദ്ധിക്കണം. അത് അവരുടെ കരുതലിന്റെ ഭാഗമാണ്. നമ്മുടെ സഭ വളർന്നുവന്നതിൽ, ഗ്രാമങ്ങളിലെ കുടുംബങ്ങളെ വളർത്തിക്കൊണ്ടുവന്ന ഇടവക വൈദികർക്ക് വലിയ പങ്കുണ്ട്. മാർ ഈവാനിയോസ് പിതാവും മാർ തെയോഫിലോസ് പിതാവും ആശ്രമത്തിൽ ജീവിച്ച് സ്വപ്നം കണ്ട മിഷൻപ്രവർത്തനവും കത്തോലിക്കാ കൂട്ടായ്മയുടെ യഥാർത്ഥ അർത്ഥവ്യാപ്തിയും നമ്മുടെ ഗ്രാമങ്ങളിലെ കൊച്ചുവീടുകളിൽ എത്തിച്ചത് ഈ അച്ചന്മാരാണ്, ഒരു സംശയവുമില്ല. ആ വീടുകളിലെ മക്കൾ അത് സ്വീകരിച്ചു. ആ പുരോഹിതനിൽ അർപ്പിച്ച വിശ്വാസത്തോടെ പുനരൈക്യപ്പെട്ട അവസരത്തിൽ, അച്ചന് തെറ്റുപറ്റില്ല എന്ന വലിയ ഉറപ്പിൽ അവർ കൂടെനിന്നു. അത് വലിയൊരു കാര്യമാണ്. നമ്മുടെ സമർപ്പിതരും ഇക്കാര്യത്തിൽ സമ്പൂർണമായ സമർപ്പണം പിതാക്കന്മാർക്ക് കൊടുത്തിട്ടുണ്ട്, ദാരിദ്ര്യത്തിൽ കഴിഞ്ഞിട്ടുണ്ട്. മാർ ഈവാനിയോസ് പിതാവിനെപ്പറ്റി വായിച്ചിട്ടുള്ളത് ഓർക്കുന്നു: പിതാവ് മഠത്തിൽ ചെല്ലുമ്പോൾ അവർക്ക് ഭക്ഷണം ഉണ്ടോ എന്ന് പരിശോധിക്കും. ഇല്ലെങ്കിൽ അരമനയിൽനിന്ന് കൊടുത്തുവിടാമെന്ന് പറയും. അപ്പോൾ സിസ്റ്റേഴ്സ് പറയും, ഞങ്ങൾ അകത്തിരുന്ന് പ്രാർത്ഥിക്കുന്നവരല്ലേ, തിരുമേനിയും അച്ചന്മാരുമല്ലേ പുറത്തിറങ്ങി ജോലി ചെയ്യുന്നത്. നിങ്ങൾ കഴിച്ചാൽ മതിയെന്ന്. അക്ഷരാർത്ഥത്തിൽ ഭക്ഷണത്തിനുപോലും ബുദ്ധിമുട്ടിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ഒട്ടേറെ സൗകര്യങ്ങൾ ഇന്ന് നമുക്ക് വർദ്ധിച്ചിട്ടുണ്ട്. പഴയ കാലങ്ങളിലെ ദുരിതങ്ങൾ അറിയാത്ത പുതിയ തലമുറയിലെ കുടുംബങ്ങളും, ഈ തലമുറയിൽനിന്നു വന്നിട്ടുള്ള വൈദികരും സമർപ്പിതരും പിതാക്കന്മാരുമൊക്കെയാണ് നമ്മൾ. പക്ഷെ നമ്മുടെ സഭയുടെ ആദിമ ചൈതന്യം ഇന്നും ആവശ്യമാണ്. നാം വ്യവസ്ഥാപിതമായ മറ്റൊരു സഭയുടെ സംവിധാനങ്ങളും സൗകര്യങ്ങളും താരതമ്യം ചെയ്യേണ്ടുന്ന കാലഘട്ടമല്ല ഇത്. അങ്ങനെ ചെയ്യാൻ നമ്മൾ ശ്രമിക്കുകയുമരുത്. നമ്മൾ മലങ്കരയിലെ സുറിയാനി കത്തോലിക്കാവിഭാഗമാണ്. ആകമാന മലങ്കരസഭയിലെ കത്തോലിക്കാകൂട്ടായ്മയിലുള്ള ഏക വിഭാഗം നമ്മളാണ്. കവി പാടിയപോലെ we have to go miles and miles നമുക്ക് ഇനിയും ഏറെ ദൂരം പോകാനുണ്ട്. ചില സാങ്കേതികത്വം പറഞ്ഞോ താരതമ്യം ചെയ്തോ, സ്വയംകൃതാർത്ഥതയിൽ ജീവിക്കാൻ നമുക്ക് അവകാശമില്ല. മറ്റൊരു കാര്യം, പൗരോഹിത്യ കൂട്ടായ്മ ഏറ്റവും ശക്തമാകേണ്ട കാലമാണിത്. നമ്മുടെ സഭയെ അരക്കിട്ടുറപ്പിക്കാൻ കഴിയുന്ന ഒരു സമർപ്പണത്തിന്റെ പൊതുബന്ധമാണത്. അത് ഇടവകക്കാരെയോ മെത്രാനെയോ എതിർക്കാനല്ല. നാമെല്ലാരും ഒരേ സമർപ്പണത്തിൽ ചേർത്തുവയ്ക്കപ്പെട്ടിരിക്കുന്നു. ഒരു വൈദികന് എന്തെങ്കിലും പ്രയാസമുണ്ടാകുമ്പോൾ നമ്മുടെ പ്രതികരണം ഒരു വികാരപ്രകടനത്തിലോ വാക്കിലോ അവസാനിച്ചുപോകുന്ന പ്രവണത പാടില്ല. നമുക്ക് ആ സഹോദര വൈദികനെ അദ്ദേഹം അറിയാതെതന്നെ അനുധാവനം ചെയ്യാൻ കഴിയണം. വി. കുർബാനയിലെ കർത്താവിന്റെ മുമ്പിൽ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ ആരിലാണ് നാം പ്രത്യാശ അർപ്പിച്ചിരിക്കുന്നത്?

സന്യാസജീവിതത്തെക്കുറിച്ച് പറയുമ്പോൾ, സമർപ്പിതരെ ആവശ്യത്തിൽ കൂടുതൽ വിമർശിക്കുന്ന ഈ കാലഘട്ടത്തിൽ ഞാനുംകൂടി വിമർശിക്കുന്നുവെന്ന് ധരിക്കരുത്. ഞാനും ഉൾപ്പെടുന്ന ശുശ്രൂഷയാണല്ലോ സഭാജീവിതം. നമുക്ക് തിരുത്തേണ്ടുന്ന മേഖലകൾ ഉണ്ടെന്നത് സത്യമാണ്, തിരുത്തിയേ മതിയാകൂ. മറ്റാരുടെയും വിമർശനങ്ങൾ അടക്കാനല്ല അത്, മറിച്ച് കർത്താവിന് സ്വീകാര്യമായ ജീവിതക്രമം അനുസരിച്ച് ജീവിക്കാനാണ്. സന്യാസജീവിതമെന്ന് പറഞ്ഞാൽ ആർക്കും പെട്ടെന്ന് ഓടി കയറാവുന്നതും ചിന്തിക്കാവുന്നതുമായ വിഷയമല്ല. ലോകത്തെയും മാതാപിതാക്കളെയും സഹോദരങ്ങളെയും തറവാടിനെയും ഉപേക്ഷിച്ച് കർത്താവിനുവേണ്ടി ജീവിക്കുന്നവരാണ് സന്യാസികൾ. എന്നാൽ നമുക്ക് പറയാനാകുമോ അതാണ് യഥാർത്ഥത്തിൽ നാം ഇപ്പോൾ കൊടുക്കുന്ന സാക്ഷ്യമെന്ന്. നമുക്ക് ഒരു മടങ്ങിപ്പോക്ക് ആവശ്യമാണ്. അത് പൗരോഹിത്യത്തിനും സന്യാസത്തിനും ആവശ്യമാണ്. സന്യാ

സമെന്നു പറയുന്നത് കുറച്ചു സന്യാസിമാരുടെ private property ആണെന്ന് തെറ്റിദ്ധരിക്കരുത്. ഏതെങ്കിലും വിഷയങ്ങൾ വരുമ്പോൾ ആ രൂപതാദ്ധ്യക്ഷൻ നേരിടുന്ന വലിയ മാനസിക സംഘർഷം ഉണ്ട്, വലിയ ഒറ്റപ്പെടലിന്റെ അനുഭവമുണ്ട്. എന്നിട്ടും അത് അദ്ദേഹം ഏറ്റെടുക്കുന്നത് സന്യാസം സഭയുടെ അവിഭാജ്യഘടകമായതുകൊണ്ടാണ്. അത് ഏവരും തിരിച്ചറിയേണ്ടതുണ്ട്. സന്യാസവും പൗരോഹിത്യവും അവരുടേതല്ല, സഭയുടേതാണ്.

**5. കോവിഡ്-19 പശ്ചാത്തലത്തിൽ ഇടവകകളിലെ ശുശ്രൂഷകളും പൗരോഹിത്യ ശുശ്രൂഷയിലെ സമീപനങ്ങളും എങ്ങനെയായിരിക്കണം? കോവിഡാനന്തര സഭയിൽ വിശ്വാസസമൂഹത്തിന്റെ അജപാലന ശുശ്രൂഷയിൽ നൂതനമായ സമീപനത്തിന്റെ ആവശ്യമുണ്ടോ?**

കോവിഡ്-19 നമ്മെ ഒരു പുതിയ കാലത്തിലേക്ക് എത്തിച്ചിരിക്കുകയാണ്. എന്ന് ഇതിൽനിന്ന് കര കയറാനാകുമെന്ന് അറിയാതെ ലോകസമൂഹം ക്ലേശിക്കുകയാണ്. അക്ഷരാർത്ഥത്തിൽ മൂന്നാം ലോകമഹായുദ്ധത്തിന്റെ എല്ലാ കെടുതികളിലുമാണ് നാം. തോക്കുകളും ആയുധങ്ങളും ഉപയോഗിച്ച് ആക്രമിക്കുന്നില്ലെന്നേയുള്ളൂ. നാമറിയാതെ നമ്മുടെ ഉള്ളിൽ മരണത്തിന് കാരണമായ ഒരു രോഗം കയറിപറ്റുന്നു. ഒരുമിച്ചിരുന്ന് പഠിക്കാനും, പ്രാർത്ഥിക്കാനും, ഭക്ഷണം കഴിക്കാനും പറ്റുന്നില്ല. ആയിരങ്ങളെ കൂട്ടി ഇനിയൊരു സമ്മേളനം സാധ്യമായേക്കില്ല. ഇപ്പോൾ ലോകം മുഴുവനുള്ള ആളുകളുമായി സംവദിക്കാവുന്ന webinar ഒക്കെ ജീവിതചര്യയായി മാറിക്കഴിഞ്ഞു. ആരാധനാരീതികളും അങ്ങനെ മാറ്റപ്പെട്ടു. വി. കുർബാന സ്വീകരിക്കാൻ കഴിയുന്നില്ല എന്നതൊഴിച്ചാൽ കുർബാനതന്നെയാണല്ലോ എന്ന് കരുതുന്നവരും ഉണ്ട്. മാർപാപ്പ അതിന് കൃത്യമായ ഒരു വിശദീകരണം പറഞ്ഞിട്ടുണ്ട്; മാധ്യമങ്ങളിലൂടെ ലഭിക്കുന്ന കൗദാശിക അനുഭവം യഥാർത്ഥ കൗദാശിക അനുഭവത്തിന് പകരം വയ്ക്കാനാവില്ല.

കോവിഡാനന്തര ലോകത്തിലെ കോവിഡാനന്തര സഭയിൽ വരുന്ന മാറ്റത്തിനനുസരിച്ച് നമ്മുടെ പൗരോഹിത്യ സമീപനങ്ങളും മാറ്റപ്പെടേണ്ടതുണ്ട്. പള്ളികൾ തുറന്നിടണമെന്ന് ഞാൻ പറഞ്ഞതിന്റെ പിന്നിലെ പൊരുൾ അതാണ്. ശരീരത്തിന്റെയും ആത്മാവിന്റെയും ആരോഗ്യം നമുക്ക് പ്രധാനപ്പെട്ടതാണ്. അല്ലെങ്കിൽ നമ്മളും ഭൗതികവാദികളും തമ്മിൽ വ്യത്യാസമില്ലല്ലോ. കോവിഡാനന്തര സഭയിൽ വ്യത്യസ്തമായ പൗരോഹിത്യ സമീപനങ്ങൾ ഉൾക്കൊണ്ട് നമ്മുടെ കുടുംബങ്ങളെ ബലപ്പെടുത്തണം. പള്ളികളിലെ ആരാധന അവികലമായി നടക്കണം. കുടുംബങ്ങളെ ഒരു പുതിയ ജീവനിലേക്ക് കൊണ്ടുവരാനുള്ള ക്രമീകരണങ്ങൾ ചെയ്ത് സജീവമാക്കണം. കുടുംബത്തിൽ ദൈവവചന വായന, പ്രാർത്ഥന എന്നിവയുണ്ടെന്ന് നാം പറയുമ്പോഴും, പലയിടത്തും ഇല്ലെന്നതാണ് സത്യം. അതിനെ നാം സജീവമാക്കണം. ഒരു പെരുന്നാൾ നടത്തി ഇതിനൊരു പരിഹാരം കണ്ടെത്താമെന്ന് ഒരു വികാരി തീരുമാനിക്കുന്നുവെങ്കിൽ ഞാൻ പറയും, ആദ്യം ഇടവകയിലെ എല്ലാ കുടുംബങ്ങളും സന്ദർശിച്ച് അവർ എങ്ങനെ ജീവിക്കുന്നുവെന്ന് മനസിലാക്കണം. അങ്ങനെ കോവിഡാനന്തര പൗരോഹിത്യ സമീപനം വിശാലമാക്കാനും ആഴപ്പെടുത്താനും നമുക്ക് കഴിയും. ഈ ക്ലേശങ്ങളിലും ദൈവം നമ്മെ താങ്ങിനിർത്തിയെന്ന കാര്യം പങ്കുവയ്ക്കുന്ന ഒരു വിശ്വാസസമൂഹവും, അവരെ ജ്വലിപ്പിച്ച് നിർത്താൻ ഒരു പൗരോഹിത്യവും നമുക്ക് വേണം. കോവിഡാനന്തര സന്യാസജീവിതവും ഇപ്രകാരമായിരിക്കണം. കുടുംബങ്ങളെ സ്നേഹിക്കാത്ത ഒരു സന്യാസത്തെ ആർക്കു വേണം എന്ന് ഒരാൾ ചോദിച്ചതുപോലെ; സുരക്ഷിതമായ ആവൃതിയിൽ കഴിയുന്ന മിണ്ടാമഠത്തിലെ സിസ്റ്റേഴ്സ് ഒഴികെ, ബാക്കിയുള്ള സന്യാസിനി സമൂഹങ്ങൾ നമ്മുടെ വിശ്വാസപരിശീലനത്തിലും, കുടുംബപ്രേഷിത പ്രവർത്തനങ്ങളിലും ശ്രദ്ധ കൊടുക്കുന്നില്ലെങ്കിൽ അവർക്ക് എന്തിന് ദൈവവിളികൾ എന്ന ചോദ്യം ഉയരും. കോവിഡാനന്തരസഭയിലെ പൗരോഹിത്യവും സന്യാസവും, കുടുംബജീവിതവും പുതുതായിരിക്കും. പുതുതാക്കപ്പെടാത്തവ കാലഹരണപ്പെടും. അതിനാൽ 'അവൻ പറയുന്നതനുസരിച്ച് നമുക്ക് വലയിറക്കാം'. വലയിൽ അത്ഭുതകരമായ കാഴ്ചകൾ നാം കാണും.

**6. സന്യാസിനി ദൈവവിളികളിൽ വലിയ കുറവ് കണ്ടുവരുന്ന കാലമാണിത്. എന്തൊക്കെയാകാം കാരണങ്ങൾ? ഈ കുറവ് പരിഹരിക്കാൻ എന്തൊക്കെ ചെയ്യണമെന്നാണ് പിതാവിന്റെ അഭിപ്രായം?**

ദൈവവിളിക്കായി ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഓടിനടന്നിട്ട്, പിന്നീട് അടുത്ത വർഷം മാത്രം കാണുന്ന രീതി സന്യാസസമൂഹങ്ങളിൽനിന്ന് പണ്ടേ മാറേണ്ടതാണ്. ഞാൻ എന്തിന് ഒരു സന്യാസി ആകണമെന്നതിന് ഒരു ചോദ്യവും ഉത്തരവും ഒരു വ്യക്തിയിൽ ഉണ്ടാകണം. കുരിശുമലയിലെ സന്യാസികളോടും, തിരുവല്ല മിണ്ടാമഠത്തിലെ സിസ്റ്റേഴ്സിനോടും ഒരിക്കൽ ഞാൻ പറഞ്ഞു, നിങ്ങൾ ദൈവവിളിയെപ്പറ്റി അമിതമായി ആശങ്കപ്പെടേണ്ട; നിങ്ങൾക്കാവശ്യമുള്ളവ പരിശുദ്ധാത്മാവ് ഇവിടെയെത്തിക്കും. കാരണം ഇവയെല്ലാം അവിടുത്തേക്കുള്ളതല്ലേ? അതിനർത്ഥം നാം നിഷ്ക്രിയരാവണമെന്നല്ല. ഒരു

വ്യക്തിയെ നമ്മൾ സന്യാസത്തിലേക്ക് ആകർഷിക്കുന്നത് എന്തിനുവേണ്ടിയാണ്? അവരെ സ്വാധീനിക്കുവാൻ എന്തെങ്കിലും ഇല്ലാത്തപക്ഷം നിരന്തരമായി ക്യാമ്പുകൾ നടത്തുന്നതിൽ എന്തർത്ഥം? നമുക്കാവശ്യത്തിന് ആളുകൾ ലഭിക്കുന്നില്ലെന്നു കരുതി ഒരു കാരണവശാലും ആഭിമുഖ്യമില്ലാത്തവരെ സന്യാസത്തിലേക്ക് ക്ഷണിച്ചുകൊണ്ട് വരാൻ പാടില്ല. സന്യാസത്തിൽ ആഭിമുഖ്യമില്ലാത്തവരെ പ്രവേശിപ്പിച്ചാൽ അത് പരിശുദ്ധാത്മാവിനോടുള്ള വെല്ലുവിളിയാണ്. ദൈവാഭിമുഖ്യമില്ലാതെ കയറിപ്പറ്റിയ അനേകരെപ്പറ്റി പിന്നീട് എത്രയോ ലേഖനങ്ങളും പുസ്തകങ്ങളും വന്നിരിക്കുന്നു. ദൈവം എല്ലാം തക്കസമയത്ത് ക്രമീകരിച്ചുകൊള്ളും. മക്കളില്ലാത്ത യുവദമ്പതികൾ എന്തിന്റെ അടിസ്ഥാനത്തിലാണ് തങ്ങളുടെ കുടുംബത്തെ ഒരുമിച്ചു നിർത്തുന്നത്? കർത്താവ് തരും എന്ന വിശ്വാസത്തിലല്ലേ? മാർ ഈവാനിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ കുഞ്ഞിനെ ചോദിച്ചു വാങ്ങിയ എത്രയോ യുവദമ്പതികളെ എനിക്കറിയാം. 12 വർഷത്തോളം കാത്തിരുന്ന് കുഞ്ഞുങ്ങളെ ലഭിച്ചവരുണ്ട്. ഈ 12 വർഷക്കാലം എന്ത് പ്രത്യാശയിലാണ് അവർ ഈ കുടുംബത്തെ സംരക്ഷിച്ചു നിർത്തിയത്? അത്രയും പ്രത്യാശ നമുക്കില്ലെന്നോ? ദൈവം തരും. അങ്ങനെ വിശ്വസിച്ച് പോകുമ്പോൾ സന്യാസം കുറച്ചുകൂടി പവിത്രീകരിക്കപ്പെടും, ശുദ്ധീകരിക്കപ്പെടും. ദൈവാഭിമുഖ്യമുള്ള ഒരു കുട്ടിയെ വന്നുള്ളുവെങ്കിലും നമുക്കത് മതി. കാരണം അത് ദൈവികപദ്ധതിയാണ്. ഈ ദൈവികപദ്ധതിയെ സമൃദ്ധകാലത്തു മാത്രമല്ല ദുരിതകാലത്തും തിരിച്ചറിയാൻ നമുക്ക് കഴിയണം. ഞാൻ ബോധ്യപ്പെട്ടു പറയുവാൻ ആഗ്രഹിക്കുന്നു; വളരെ വ്യത്യസ്തമായ ഒരു സമീപനം സന്യസ്തജീവിതത്തിലേക്കുള്ള ദൈവവിളികൾ തിരഞ്ഞെടുക്കുമ്പോൾ നമുക്ക് ആവശ്യമാണ്. കാരണം എല്ലാവർക്കും ഓടിക്കയറി സ്വീകരിക്കാവുന്ന ഒന്നല്ല ഇത്. സത്യം.

**7. ഏതാനും ചില വൈദികരുടെയും സന്യസ്തരുടെയും വീഴ്ചകൾ പർവ്വതീകരിച്ച് ആഘോഷിക്കുന്ന മാധ്യമങ്ങളുടെയും തത്പരകക്ഷികളുടെയും പരിശ്രമങ്ങളിൽ ഒരുപക്ഷേ സമർപ്പിതരുടെ മനസു മടുക്കാൻ സാധ്യതയുണ്ട്. കൂടാതെ വിശ്വാസികൾക്കും വിശ്വാസപ്രതിസന്ധി നേരിടാൻ ഇടയുണ്ട്. ഇവരോട് എന്താണ് പറയാനുള്ളത്?**

പൗരോഹിത്യത്തെയും സന്യാസത്തെയുംകുറിച്ച് ആഴത്തിലും ആധികാരികതയിലും ബോധ്യപ്പെട്ട ഒരാൾ നമ്മോട് പറയുന്നതിനെ നാം ഗൗരവമായി സ്വീകരിക്കണം. കാരണം, അത് നമ്മുടെ നാശത്തിനല്ല, മറിച്ച് നമ്മുടെ നന്മയ്ക്കാണ്. ഇതേക്കുറിച്ച് എല്ലാവരും പറയുന്നത് ശ്രദ്ധിക്കാൻ നമ്മൾ നിർബന്ധിതരാണ്, എന്നാൽ സ്വീകരിക്കാൻ നാം നിർബന്ധിതരല്ല. കാരണം, സത്യമറിഞ്ഞിട്ടും അതിനെ തമസ്ക്കരിച്ച്, ചില താല്പര്യങ്ങളുടെ പേരിൽ അത് പർവതീകരിച്ച് സഭയെയും സഭാശുശ്രൂഷകരെയും അവഹേളിക്കുന്ന ഒരു സമീപനം കഴിഞ്ഞ ഏതാനും നാളുകളായി കേരളത്തിൽ നാം കാണുന്നുണ്ട്. ഒന്നും അന്വേഷിക്കാതെ, ഒരു സംഭവം നടന്നു കഴിഞ്ഞാൽ അന്ന് വൈകുന്നേരംതന്നെ കോടതി വിധി പ്രസ്താവിക്കുന്നതുപോലെ, പ്രതികളെ നിശ്ചയിച്ച് എല്ലാ തെളിവുകളും നിരത്തി വിശദീകരിക്കുന്ന ഒരു സംവിധാനം നമ്മുടെ ഇടയിൽ സജീവമാണ്. ഇവർ ആരെയാണ് സംരക്ഷിക്കുക? ഇവർ എന്താണ് ഉദ്ദേശിക്കുക? ആർക്കുവേണ്ടിയാണ് സംസാരിക്കുക? വലിയ മാനസിക സംഘർഷവും വേദനയും അമർഷവുമൊക്കെ എനിക്ക് തോന്നിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇങ്ങനെയൊക്കെ കേൾക്കുമ്പോൾ പ്രതികരിക്കാതിരുന്നിട്ടുമുണ്ട്. അറിയാൻ പാടില്ലാഞ്ഞിട്ടല്ല, സത്യം അറിഞ്ഞിട്ടും അതിനെ തമസ്ക്കരിക്കുന്ന സമീപനം. വേദനിക്കുന്നതാരാണ്, കുറേ നല്ല മനസുകൾ. അവരെ നിർവീര്യമാക്കുന്നതിനല്ലേ ഈ ശ്രമങ്ങൾ?

നല്ല മനസോടുകൂടി ആളുകളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്ന ആയിരക്കണക്കിന് വൈദികരും സമർപ്പിതരുമാണ് സഭയുടെ ശക്തി. ചെറുപ്രായത്തിൽതന്നെ പരിശീലനത്തിനു വരികയും, അറുപതും എഴുപതും വർഷങ്ങൾ ഈ ശുശ്രൂഷയിൽ തുടരുകയും ചെയ്ത് യാത്രയാകുമ്പോൾ, വിശ്വാസിസമൂഹം പറയും ''ഭാഗ്യവാനായ പിതാവേ, സമാധാനത്തോടെ പോവുക''. അദ്ദേഹം നിശബ്ദനായി മറുപടി നൽകും, ''വാത്സല്യമുള്ളവരെ നിങ്ങൾ സമാധാനത്തോടെ വസിക്കുക''. ഇതൊരു ആചാരവിധിയുടെ ഭാഗം മാത്രമല്ല; ഈ പുരോഹിതൻ നന്നായി ജീവിച്ചതിന്റെ വലിയ സന്തോഷത്തിൽ ജനം അങ്ങോട്ട് പറയുന്നതും, തിരിച്ച് പുരോഹിതൻ, മറുപടി നൽകുന്നതുമാണ്. ''ദൈവത്തിന്റെ സഭയിൽ കശ്ശീശ ആകുവാൻ പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നുവെന്ന്'' പറഞ്ഞ് കരം ഗ്രഹിച്ച് മേൽപ്പട്ടക്കാരൻ മദ്ബഹായിൽ പ്രവേശിപ്പിച്ച് പട്ടം നൽകുന്ന പുരോഹിതൻ സ്വർഗ്ഗത്തിലേക്ക് തിരിച്ചു പോകുമ്പോൾ മലങ്കര ആരാധനക്രമമനുസരിച്ച് ദൈവജനം പറയുന്നു, ''ദൈവത്തിന്റെ പുരോഹിതാ, സമാധാനത്തോടെ പോവുക''. നമ്മുടെ ആരാധനയിലെ ചില ആഭിമുഖ്യങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തിയാണ് ക്രമീകരിച്ചിരിക്കുന്നത്. ദൈവജനം, പുരോഹിതന്റെ അവസാനയാത്രയിൽ പറയുന്നു, നീ ഈ ലോകത്തിന്റേതല്ലാതിരുന്നതുകൊണ്ട് ദൈവത്തിന്റെ പുരോഹിതനാണെന്ന്

ഞങ്ങൾക്കറിയാം. ഇങ്ങനെ ശുശ്രൂഷ ചെയ്യുന്ന ഒരു പുരോഹിതനെ നിർവീര്യമാക്കുന്നതുവഴി എന്തു നന്മയാണുണ്ടാകുക? നന്മ തച്ചുടയ്ക്കണം, സഭയെന്ന ദൈവത്തിന്റെ പദ്ധതിക്ക് വിള്ളലുണ്ടാക്കണം. ഇതാണ് ആഗ്രഹിക്കുന്നത്. അങ്ങനെ അവരെ വേദനിപ്പിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നതുവഴി, സത്യമല്ലാത്ത കാര്യങ്ങൾ ആരോപിക്കുന്നതുവഴി, എന്ത് നന്മയാണ് ഉണ്ടാകുക? ഒരു പക്ഷേ ഇതൊക്കെ കാണുന്ന ഇന്നത്തെ തലമുറയിലെ മാതാപിതാക്കൾ മക്കളോട് ഇതിന് പോകണ്ട എന്ന് പറയുമായിരിക്കും. അതാണ് സഭയുടെ ശത്രുക്കൾ ആഗ്രഹിക്കുക. എന്നാൽ, രക്തസാക്ഷികളുടെ ചുടുനിണത്താൽ അഭിവൃദ്ധിപ്പെട്ട ഒരു സഭ ടൈബർനദിയിലേക്കും, കൊളോസിയത്തിൽ ആവേശമുണ്ടാക്കുന്ന മൃഗങ്ങൾക്കിടയിലേക്കും ആദിമ ക്രൈസ്തവരെ വലിച്ചെറിഞ്ഞിട്ടും സഭയ്ക്ക് അതിനു ശേഷമുണ്ടായ വളർച്ച; അത് ചരിത്രം മറന്നിട്ടില്ലല്ലോ. തെറ്റുകാരെ സംരക്ഷിക്കണമെന്നോ, ന്യായീകരിക്കണമെന്നോ ആഗ്രഹമില്ല. തെറ്റു ചെയ്തവർ നിയമപരമായി ശിക്ഷിക്കപ്പെടണമെന്നതിൽ എതിരു പറയാൻ പാടില്ല. കുറ്റം ആരോപിച്ച് വിധി പ്രസ്താവിക്കുന്നതിനെതിരെയാണ് ഞാൻ സംസാരിച്ചത്. എന്നാൽ ഇതു വായിക്കുന്ന വൈദിക സഹോദരങ്ങളോടും വൈദിക വിദ്യാർത്ഥികളോടും എനിക്ക് പറയാനുള്ളത്, നമ്മൾ പ്രത്യാശ അർപ്പിച്ചിരിക്കുന്നത് ഇവരുടെ വാക്കുകളിലല്ലല്ല. അതിനു മേലെയാണ്. സാധിക്കുന്നിടത്തോളം വാക്കും പ്രവൃത്തിയും തമ്മിലുള്ള അകലം കുറച്ച് നമ്മുടെ വിളിയിൽ ആധികാരികമായി മുന്നേറാൻ കഴിയണം. മനുഷ്യനാണ്, കുറവുകൾ വരാം, ആ കുറവുകൾക്കപ്പുറത്ത് ഒരു കൃപയുണ്ട് ജീവിതത്തിൽ എന്ന് ബോധ്യപ്പെടുത്തി ജീവിക്കാൻ കഴിയണം. മദർ തെരേസയെ പരസ്യമായി വിമർശിക്കുമ്പോൾ കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്ന ആളുകളെ കണ്ടിട്ടുണ്ട്. സങ്കടകരമെന്ന് പറയട്ടെ, ക്രൈസ്തവർതന്നെ അക്കൂട്ടത്തിൽപെടുമ്പോൾ നാമെന്താണ് പറയേണ്ടത്? വിമർശനം വേണ്ട എന്നല്ല, അത് എവിടെ വരെ ആകാം എന്നതാണ് ചോദ്യം. ആരെങ്കിലും പറഞ്ഞുവെന്നതിന്റെ പേരിൽ സമർപ്പിതരെ പ്രതി ചേർത്ത് സമൂഹവിചാരണയിലേക്ക് നീങ്ങുന്ന വർത്തമാനകാലത്തിന്റെ മാധ്യമവിചാരണയിൽ ക്ലേശമനുഭവിക്കുന്ന അനേകരുണ്ട്. ഇക്കൂട്ടത്തിൽ അവരുടെ മാതാപിതാക്കളും സഹോദരങ്ങളും വേദനിക്കുന്നുണ്ടെന്ന് ഓർക്കുന്നത് നല്ലതാണ്.

**8. വൈദികജീവിതത്തിലും ശ്രേഷ്ഠാചാര്യ ശുശ്രൂഷയിലും ബാവാതിരുമേനിക്ക് ഏറ്റവും സംതൃപ്തി തോന്നിയതും, ദുഃഖം തോന്നിയതുമായ സാഹചര്യങ്ങൾ പങ്കുവയ്ക്കാമോ?**

ഏറ്റം സന്തോഷിപ്പിക്കുന്ന കാര്യം, നമ്മുടെ സഭ ഒരേ ശബ്ദത്തിൽ, ഒരേ താളക്രമത്തിൽ, അതേസമയംതന്നെ വിവിധ സ്ഥലങ്ങളിലെ ദൈവജനത്തിന്റെ വിവിധ ആവശ്യങ്ങളെ മാനിച്ച് മുന്നോട്ട് പോകുന്ന കാഴ്ചയാണ്. അതനുഭവിക്കാൻ കഴിയുന്ന ഒരു സഭാപിതാവെന്ന നിലയിൽ എനിക്ക് വലിയ ആത്മസന്തോഷമുണ്ട്. അതായത്, നമുക്ക് ഒരു കൂട്ടായ്മയുടെ ചലനാത്മകതയുണ്ട്. തമിഴ്നാട്ടിലെ സഭയുടെ സാംസ്കാരികമായ ചില പ്രത്യേകതകളല്ല തിരുവല്ലായിലെ സഭാസമൂഹത്തിന്റെ പ്രത്യേകതകൾ. അതിൽ അതിരുകവിഞ്ഞ ആശങ്ക നമുക്ക് വേണ്ട. നമുക്ക് ഓണം പോലെ തമിഴ്നാട്ടിൽ പൊങ്കൽ, മറ്റ് രാജ്യങ്ങളിൽ മറ്റ് ഉത്സവങ്ങൾ. അതൊക്കെ അവിടെയുള്ള നമ്മുടെ കുടുംബങ്ങളെ സ്വാധീനിക്കുന്നതാണ്. അതൊന്നുമല്ല നമ്മെ മാറ്റി നിർത്തുന്നത്. അതൊക്കെ അതിന്റെ ഭംഗി വർദ്ധിപ്പിക്കുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും വളരുന്ന ഒരു സഭയെന്ന നിലയിൽ ഇത് വളരെ പ്രസക്തമാണ്. വിശ്വാസപരമായി, ആരാധനാപരമായി ജീവിക്കുമ്പോൾ നമ്മുടെ തനിമയും, ഈ പറയുന്ന സ്വാതന്ത്ര്യവും അനുഭവിക്കുവാൻ സാധിക്കുന്നു. അതിൽ നമ്മുടെ പിതാക്കന്മാരും വൈദികരും സന്യസ്തരും ഒറ്റക്കെട്ടായി നില്ക്കുന്ന സാഹചര്യം. നമ്മുടെ കുടുംബങ്ങൾ സാമ്പത്തികവും സാംസ്കാരികവുമായ വ്യത്യാസങ്ങൾക്കിടയിലും ഒരുമിച്ച് ഇടവക കൂട്ടായ്മയിൽ മുന്നേറുമ്പോൾ ഇതൊക്കെയാണ് നമ്മുടെ ബലവും കൂട്ടായ്മയും. അത് എവിടെ ചെല്ലുമ്പോഴും കാണാൻ കഴിയുന്നു എന്നത് എന്നെ സന്തോഷിപ്പിക്കുന്നു. അതോടൊപ്പം നമ്മുടെ ഭദ്രാസനങ്ങളിലെ വൈദിക കൂട്ടായ്മയുടെ ബലം എനിക്ക് വലിയ സന്തോഷമാണ്. ഈ ബലവും കൃപയും തകർക്കുവാൻ പിശാച് ശ്രമിക്കും. ജാഗ്രത നമുക്ക് വേണം.

ദുഃഖിപ്പിക്കുന്ന ഒരു കാര്യം, ഒന്നിലും നന്മ കാണാൻ കഴിയാത്ത, ജീവിതത്തിൽ ഇതുവരെ ഒന്നിനെക്കുറിച്ചും നന്മ പറയാത്ത, എല്ലാറ്റിലും വിരുദ്ധവും നിരുത്തരവാദിത്വപരവുമായ പ്രസ്താവനയൊക്കെ നടത്തുന്നവരെ കാണുമ്പോൾ സങ്കടം തോന്നാറുണ്ട്. ആത്മാർത്ഥത തെറ്റിദ്ധരിക്കുമ്പോഴാണ് എനിക്ക് ഏറ്റവും വലിയ വേദനയുണ്ടാകുന്നത്. നമുക്ക് എല്ലാ കാര്യങ്ങളും എല്ലായ്പ്പോഴും എല്ലാവരോടും നിജാവസ്ഥ വെളിപ്പെടുത്തുവാൻ അധികാരസ്ഥാനത്തിരിക്കുമ്പോൾ കഴിഞ്ഞെന്നു വരില്ല. അതിനെ തെറ്റിദ്ധരിക്കുകയും, ഒരിക്കലും സ്വപ്നം കാണാത്ത അർത്ഥവ്യാപ്തി പകരുകയും ചെയ്യുന്ന തരത്തിലുള്ള പ്രസ്താവനകൾ വരുമ്പോഴാണ് ആത്മസംഘർഷവും ദുഃഖവും ഉണ്ടാകുന്നത്. ആരോഗ്യം

കുറയുമ്പോഴോ, എങ്ങനെ സാമ്പത്തിക കാര്യങ്ങൾ നടക്കുമെന്ന് ചിന്തിക്കുമ്പോഴോ ഉണ്ടാകുന്നതിനേക്കാൾ വലിയ വേദന ഇപ്രകാരമുള്ള നിമിഷങ്ങളിലാണ് ഉണ്ടാകുക. ഒരു കാര്യം ഓർക്കുക: കാരുണ്യം കഴിവുകേടോ ബലഹീനതയോ അല്ല, ശിക്ഷണം വിരോധമോ തിരസ്കരണമോ അല്ല; ദൈവത്തിന്റെ സഭയെ തൊട്ടവന്റെ മാറാത്ത അടയാളങ്ങളാണ്.

**9. പൗരോഹിത്യ-സന്യസ്ത ജീവിതം സമൂഹത്തിന്റെ കെട്ടുപണിയിലും, നാനാജാതി മതസ്ഥരുടെയിടയിലുള്ള പ്രവർത്തനത്തിലും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും സ്വീകരിക്കേണ്ട സമീപനങ്ങൾ എന്തൊക്കയാണ്? പിതാവിന്റെ അഭിപ്രായം വിശദീകരിക്കാമോ?**


നമ്മൾ ജീവിക്കുന്ന കാലഘട്ടം വളരെ പ്രത്യേകതയുള്ളതാണ്. എന്റെ സഭ, എന്റെ സമുദായം, എന്റെ സംഘടന എന്നൊക്കെ ഓരോരുത്തരും കൂടെക്കൂടെ പറഞ്ഞുക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സ്വത്വബോധം നമ്മളെ വ്യത്യസ്തരാക്കുന്നു. സ്വത്വബോധത്തിന്റെ ഉള്ളിലെ സത്ത ഞാൻ മറ്റൊരാളല്ല, ഞാൻ ഞാനാണ് എന്നതാണ്. ഈയൊരു ബോധമാണ് എന്നെ ബോദ്ധ്യത്തിൽ ഉറപ്പിക്കുന്നത്. എന്നാൽ അതിലൂടെ മറ്റൊരാളെ അറിയാനും ആദരിക്കുവാനുമുള്ള എന്റെ ശ്രദ്ധ കുറഞ്ഞുപോകാനും ഇടയാക്കരുത്. സഭാസ്നേഹം അതിന്റെ പൂർണതയിൽ ആർജിക്കാൻ നമുക്ക് കഴിയണം. മലങ്കര സുറിയാനി കത്തോലിക്കാസഭ എന്നത് എന്റെ ജീവിതത്തിന്റെ തീവ്രമായ സ്നേഹത്തിന്റെ വിഷയമാണ്. അതിന്റെ ജനസംഖ്യ സീറോ മലബാർസഭയുടെയോ ലത്തീൻസഭയുടെയോ അത്രയും ഇല്ലല്ലോ എന്നോർത്ത് ഞാൻ പരിതപിക്കാറില്ല. ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് ബാവാതിരുമേനിയോട് ഒരു യാത്രാവേളയിൽ ഞാൻ പറഞ്ഞു, തിരുമേനി ലത്തീൻസഭയിൽ ആയിരുന്നെങ്കിൽ അറിയപ്പെടുന്ന ഒരു ദൈവശാസ്ത്രജ്ഞനും, റോമിൽ വലിയ അംഗീകാരമുള്ള ആളായും മാറിയേനേ. പിതാവ് എന്റെ മുഖത്തേക്ക് നോക്കി പറഞ്ഞു, അച്ചാ ഈ കൊച്ചുസഭയെ നോക്കാനാണ് ദൈവം എന്നെ നിയമിച്ചിരിക്കുന്നത്. അങ്ങനെ ഒരു ഉത്തരം ഞാൻ പിതാവിൽനിന്ന് പ്രതീക്ഷിച്ചില്ല. അത് എന്നെ വളരെയധികം ബോധ്യപ്പെടുത്തിയ മറുപടി ആയിരുന്നു. നമ്മുടെ സഭാസ്നേഹം മറ്റൊരു സഭയുടെ സത്തയെ മനസ്സിലാക്കുന്നതിൽനിന്ന് നമ്മെ തടയരുത്. ഒരു പക്ഷെ, നമ്മെ അല്പം വേദനിപ്പിച്ച പശ്ചാത്തലമുള്ള സഭയാണ് എന്നു കരുതുക. എങ്കിലും ആ സഭയെ അറിയുവാനും ആ സഭയിലെ ആളുകളെ സ്നേഹിക്കുവാനും ഞാൻ മടി കാണിച്ചിട്ടില്ല. തീവ്രമായ സഭാസ്നേഹം ഒരിക്കലും മതഭ്രാന്തായി മാറാൻ പാടില്ല. നമുക്ക് തുറവിയുള്ളവരാകാൻ പറ്റുമോ? പറ്റും. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കല്ലൂപ്പാറയിലെ ഗ്രാമത്തിൽ ജനിച്ചു വളർന്നതാണ്. അദ്ദേഹം ലോകപൗരനായി മാറിയത് തിരുമേനിയുടെ ഹൃദയത്തിൽ ഒട്ടേറെ ആളുകൾക്കും സമൂഹങ്ങൾക്കും ഇടം കണ്ടെത്താൻ കഴിഞ്ഞതുകൊണ്ടാണ്. തിരുമേനി തികഞ്ഞ മലങ്കര സുറിയാനി കത്തോലിക്കനായി ജീവിച്ചു, മരിച്ചു. അതിലൂടെ എന്തെങ്കിലും നഷ്ടം ഉണ്ടായോ? ഇല്ല. എന്റെ സഭാതീവ്രത ഭ്രാന്തായി മാറുമ്പോഴും, ലോകത്തിൽ മറ്റാരോടും എനിക്ക് ബന്ധമില്ലാതെ ഇരിക്കുമ്പോഴും ഞാൻ ബന്ധനത്തിലാക്കപ്പെട്ട ഒരു വ്യക്തി മാത്രമാണ്. ഹിന്ദു ഹിന്ദുവായും, മുസ്ലീം മുസ്ലീമായും, ക്രിസ്ത്യാനി ക്രിസ്ത്യാനിയായും മൂന്ന് ചേരിയിൽനിന്ന് പോരാടിയാൽ കേരളസമൂഹമെന്നത് എവിടെ നില്ക്കും?

നമ്മുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, പൊതുപ്രവർത്തനങ്ങൾ, രാഷ്ട്രനിർമ്മാണ പ്രക്രിയയിലെ പങ്കാളിത്തം ഇവിടെയൊക്കെ നാം തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ ഇടവകയിൽ പാവങ്ങൾ ഉണ്ട്. അവരെ പരിഗണിക്കുന്നതോടൊപ്പം പൊതുസമൂഹത്തിലെ ആളുകളെയും നാം പരിഗണിക്കേണ്ടതല്ലേ? കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുണ്ട് - സഭയുമുണ്ട്, ദൈവരാജ്യവുമുണ്ട്. ദൈവരാജ്യം എല്ലാത്തരം മത്സ്യങ്ങളെയും ഉൾക്കൊള്ളുന്നതാണ്. അതല്ലേ പൊതുസമൂഹം? ഗാന്ധിജി ഉദ്ദേശിച്ച രാമരാജ്യം വർഗ്ഗീയവത്ക്കരിക്കപ്പെട്ട ഒന്നല്ല മറിച്ച് ദൈവരാജ്യത്തിന്റെ ഒരു പര്യായമാണ്. അതിനാൽ പൊതുസമൂഹവും നമ്മുടെ പരിഗണനയ്ക്ക് വിഷയമാകേണ്ടതാണ്. ഞാനൊരു അനുഭവം പറയാം 'സ്നേഹപൂർവ്വം ഒരു വീട് പദ്ധതി'യിൽ എന്റെ പൗരോഹിത്യ രജതജൂബിലിയുമായി ബന്ധപ്പെടുത്തി 25 കുടുംബങ്ങൾക്ക് വീട് വച്ച് നല്കുവാൻ തീരുമാനിച്ചുവെങ്കിലും 36 കുടുംബങ്ങൾക്ക് നല്കുവാൻ സാധിച്ചു. അപ്പോൾ പല വൈദികരും എന്നോട് ആവശ്യപ്പെട്ടു. ഈ പദ്ധതി നിർത്തരുതെന്ന്. അങ്ങനെ ഇപ്പോൾ വരെ 1880 കുടുംബങ്ങൾക്ക് വീട് പണിയുവാൻ സാധിച്ചു. അതിന്റെ ഒരു ഘട്ടത്തിൽ ഞാൻ പറഞ്ഞു, ഹിന്ദു-മുസ്ലീം സമുദായത്തിൽപെട്ടവർക്ക് നൂറ് വീട് നല്കാമെന്ന്. അപ്പോൾ സ്വാഭാവികമായൊരു ചോദ്യം വന്നു, നമ്മുടെ ആളുകൾക്കെല്ലാം വീട് ആയിട്ടില്ലല്ലോ. ഞാൻ പറഞ്ഞു, നമ്മൾ അവരെകൂടി നമ്മുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുമ്പോൾ ബാക്കിയുള്ളവ പൂർത്തിയാക്കപ്പെട്ടുകൊള്ളും. അങ്ങനെ നൂറോളം ഹിന്ദു-മുസ്ലീം കുടുംബങ്ങൾക്ക് നമ്മുടെ സഹായം എത്തിക്കുവാൻ സാധിച്ചു. അതിനുശേഷം വളരെ

വേഗത്തിൽ 1880 ഭവനങ്ങൾ പൂർത്തീകരിക്കപ്പെട്ടത്, ഈ ഹൈന്ദവ-മുസ്ലീം സഹോദരങ്ങൾക്ക് നമ്മുടെ സഭയിലെ മക്കളോട് ചേർത്ത് സഹായം എത്തിച്ചു കൊടുക്കുവാൻ കഴിഞ്ഞതുകൊണ്ടാണെന്ന് ഞാൻ പൂർണമായി വിശ്വസിക്കുന്നു. തിരുവല്ലായിലെ സെന്റ് ജോൺസ് കത്തീഡ്രൽ കൂദാശയുടെ സമയത്ത് നമ്മുടെ പള്ളിയിലെ പാവപ്പെട്ട എല്ലാവർക്കും വീട് ഉണ്ടോയെന്ന് ഉറപ്പുവരുത്തണമെന്ന് ഞാൻ ബഹു. രാമനാലിലച്ചനോട് പറഞ്ഞു. ഏതാണ്ട് 12-ഓളം കുടുംബങ്ങൾക്ക് വീടുണ്ടാക്കി കൂദാശ ചെയ്തതിനുശേഷമാണ് കത്തീഡ്രലിന്റെ കൂദാശ നടത്തിയത്. കത്തീഡ്രൽ കൂദാശ ചെയ്തപ്പോൾ പരന്ന മൂറോന്റെ പരിമളം (ക്രിസ്തുവിന്റെ പരിമളം) നമ്മുടെ പള്ളിയിലൂടെ പുറത്തേക്ക് വീശിയത് ഈ കാരണം കൊണ്ടുകൂടിയല്ലേ? തിരുവനന്തപുരത്ത് ഏതെങ്കിലും പള്ളി പണിയുമ്പോൾ ഞാൻ പറയാറുള്ള കാര്യം, അതോട് ചേർത്ത് രണ്ട് ഭവനങ്ങൾ - ക്രൈസ്തവ സമൂഹത്തിൽപെട്ട ഒരാൾക്കും മറ്റൊന്ന് ഇതര സമുദായത്തിൽപെട്ട ഒരാൾക്കും പണിതുകൊടുക്കണം എന്നാണ്. അത് നമുക്ക് ഒരു നഷ്ടമല്ല. കാരണം, ക്രിസ്ത്യാനി ക്രിസ്ത്യാനിയെയും, ഹിന്ദു ഹിന്ദുവിനെയും, മുസ്ലീം മുസ്ലീമിനെയും മാത്രം സഹായിക്കുന്ന തരത്തിലുള്ള തീവ്രമായ മതഭ്രാന്ത് ബാധിച്ചാൽ കേരളത്തിൽ ആര് ആരെ സഹായിക്കും? കേരളസമൂഹം എന്നൊന്ന് ഉണ്ടാകുമോ? ദൈവരാജ്യസൃഷ്ടിയിൽ നാം പങ്കാളികളാകുന്നതിന്റെ അടയാളമാണ് അവരെ നാം ഒന്നായി കാണുന്നത്. ഈയൊരു സമീപനം നമ്മുടെ സഭയിൽ സജീവമാക്കിയത് മാർ ഗ്രിഗോറിയോസ് തിരുമേനിയാണ്. തിരുമേനിയുടെ വലുപ്പം അതായിരുന്നു. ജാതിമതഭേദമെന്യേ 'എന്താ കുഞ്ഞേ' എന്ന വിളിയിൽ എല്ലാം അടങ്ങിയിരുന്നു. ഇതാണ് നമുക്ക് ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. കാലം മാറിക്കൊണ്ടിരിക്കുന്നുവെങ്കിലും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് അനന്യത ഉണ്ടെന്ന് പറയുമ്പോൾ എഴുതി വയ്ക്കുവാൻ കഴിയുന്ന ചില രേഖകളുടെ വർണക്കൂട്ടിതാണ്. നമുക്കുള്ള ചില പൈതൃകത്തിന്റെ ഭാഗമാണിത്. നമുക്ക് എല്ലാവരും സ്വന്തമാണ്. നമ്മുടെ കൊച്ചു സഭയെ എല്ലാവരും കരുതുന്നതിന്റെ കാരണം എന്താണ്? നമുക്ക് അവരോട് ഒരു അടുപ്പമുണ്ട്, അവർക്ക് ആ ബോധ്യവുമുണ്ട്. മതതീവ്രവാദം ശക്തമാകുന്ന ഈ കാലഘട്ടത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ചെയ്യുവാൻ കഴിയുന്നത് നമ്മുടെ സഭാമക്കളെ കരുതുന്നതോടൊപ്പം മറ്റുള്ളവരെയും കരുതുക എന്നതാണ്. ഇത് നമ്മുടെ വൈദികരും സന്യസ്തരും സ്ഥാപനങ്ങളും ദൈവജനവും ഒരു പരിധിവരെ ഭംഗിയായി ചെയ്യുന്നുണ്ട്. ഇത് കാത്തുസൂക്ഷിക്കപ്പെടണം. എന്റെ പൗരോഹിത്യ ശുശ്രൂഷയിൽ എനിക്ക് ഏറെ സന്തോഷം നല്കുന്നത്, ഒരു പാവപ്പെട്ടവനെ അവന്റെ ജാതിയും മതവും നോക്കാതെ സഹായിക്കാൻ പറ്റുന്ന നിമിഷങ്ങളാണ്. പൗരോഹിത്യവും സന്യാസവും വിചാരണ ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ഈ ബന്ധവും കരുതലും, ദൈവരാജ്യത്തിന്റെ വളർച്ചയും അതിർത്തി വിശാലമാക്കപ്പെടുന്ന സമീപനവുമൊക്കെ പൗരോഹിത്യത്തെയും സന്യാസത്തെയും ബലപ്പെടുത്തുകയും നമ്മുടെ സഭയ്ക്ക് ശക്തി പകരുകയും ചെയ്യും.

*സഭയെയും സമൂഹത്തെയും ഒരു നൂലിഴയിൽ കോർത്തുകൊണ്ട് ദൈവരാജ്യത്തിന്റെ അതിർത്തി വിസ്തൃതമാക്കാൻ മലങ്കരയുടെ വലിയ ഇടയൻ സദാ ജാഗരൂകനാണ്. തന്റെ പൗരോഹിത്യ നൽവരങ്ങളിൽ ജാതിമതഭേദമെന്യേ ഏവരെയും ചേർത്തുനിർത്തുവാനും സഭയെ ഒന്നാകെ ഈ ചൈതന്യത്തിലേക്ക് വഴിനടത്തുവാനും അദ്ദേഹം ശ്രദ്ധാലുവാകുന്നു. മതതീവ്രവാദത്തിന്റെ ഇരുണ്ട ലോകത്തിൽ പ്രകാശം പരത്തുവാൻ അദ്ദേഹത്തിന്റെ ജീവിതവും നേതൃത്വവും കാഴ്ചപ്പാടുകളും പ്രവർത്തനങ്ങളും നിദാനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.*

## ആദരാഞ്ജലികൾ



ബത്തേരി നമ്പ്യാർകുന്ന് ധ്യാനആശ്രമം സ്ഥാപകനും, സുപ്പീരിയറുമായ **ഫാ.സിൽവെസ്റ്റർ കോഴിമണ്ണിൽ** (89) നിര്യാതനായി. മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാല അൽമായ നേതാക്കളിലൊരാളും, ചങ്ങനാശ്ശേരി, തിരുവല്ല രൂപതകളിൽ അൽമായപ്രേഷിതനുമായിരുന്ന തിരുവല്ല പുറമറ്റം കോഴിമണ്ണിൽ പരേതനായ ചാക്കോഉപദേശിയുടെ ഇളയ മകനായ ഫാ.സിൽവെസ്റ്റർ, വാഗമൺ കുരിശുമല ആശ്രമത്തിലെ പ്രാരംഭ സന്യാസികളിൽ ഒരാളായിരുന്നു.

തിരുവല്ല അതിരൂപതയുടെയും ഐക്യദീപത്തിന്റെയും
ആദരാഞ്ജലികൾ

## ദുർഘടവഴിയിലെ
# സാഹസിക യാത്രികൻ

''മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു: ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു'' (ജെറമിയാ 1:5).

**മോസ്റ്റ് റവ. ഡോ. സാമുവേൽ മാർ ഐറേനിയോസ്**
(പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ)



ദൈവദത്തമായ ഒരു നിയോഗം ഓരോ മനുഷ്യവ്യക്തിക്കുമുണ്ട്. ആ നിയോഗം തിരിച്ചറിഞ്ഞ് അതു പൂർത്തീകരിക്കാൻ തയ്യാറാകുമ്പോഴാണ് ജീവിതവിശുദ്ധി പ്രാപിക്കാൻ അയാൾക്കാകുന്നത്. ജെറമിയായെ വിളിക്കുന്ന ദൈവം അവനെ അമ്മയുടെ ഉദരത്തിൽവച്ചുതന്നെ അറിഞ്ഞു എന്നാണ് വിശുദ്ധ ഗ്രന്ഥം പറയുന്നത്. ഇവിടെ അറിവ് എന്നതിന് 'യാദാ' എന്ന ഹീബ്രുപദമാണ് ഉപയോഗിച്ചിട്ടുള്ളത്. ബൈബിളിൽ ആ പദം ദാമ്പത്യ സ്നേഹത്തെ സൂചിപ്പിക്കാൻവേണ്ടി മാറ്റി വച്ചിരിക്കുന്ന പദമാണ്. സർവ്വവും അറിയുന്ന ദൈവം ജെറമിയായെ അറിഞ്ഞു എന്നു പറയുന്നതിൽ അതിശയത്തിനു വകയില്ല. എന്നാൽ ഇവിടെ വിവക്ഷിക്കുന്ന അറിവ് സാധാരണ അറിവല്ല. അനുഭവിച്ചറിയുക എന്നർത്ഥം വരുന്ന ക്രിയയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഭാര്യാ-ഭർതൃ ബന്ധത്തിലെന്നപോലെ ഒരു ഉടമ്പടിബന്ധം ദൈവം ജെറമിയായുമായി നടത്തിയെന്ന് സാരം. അവനെ അറിഞ്ഞു എന്ന് പറഞ്ഞാൽ അവന്റെ കഴിവുകളും പരിമിതികളും ഇല്ലായ്മകളും വല്ലായ്മകളും ബലവും ബലഹീനതകളുമെല്ലാം അറിഞ്ഞാണ് ദൈവം അവനെ ഈ ബന്ധത്തിലേക്ക് വിളിച്ചടുപ്പിച്ചത് എന്ന് വേണം നാം മനസ്സിലാക്കാൻ. ഓരോ ദൈവവിളിയും ഇപ്രകാരമാണ് സംഭവിക്കുന്നത്. ദൈവം നമ്മെ അറിഞ്ഞാണ് സവിശേഷ നിയോഗത്തിലേക്ക് വിളിക്കുന്നത്. ആ നിയോഗവും ദൗത്യവും തിരിച്ചറിയുന്നിടത്താണ് ദൈവവിളിയോടുള്ള ഭാവാത്മകമായ പ്രതികരണം ആരംഭിക്കുന്നത്.

പുതിയൊരു ലോകക്രമത്തിലേക്ക് നാം നീങ്ങിക്കൊണ്ടിരിക്കുന്ന കാലത്ത്, പൗരോഹിത്യവും സന്യാസവും, എന്തിനേറെ, വിശ്വാസ ജീവിതംതന്നെ അസ്തമിക്കാറായതിന്റെ സൂചനയാണ് ഈ കാലഘട്ടത്തിലെ വിവിധ സംഭവങ്ങൾ എന്ന് വ്യാഖ്യാനിക്കുന്നവർ വർദ്ധിച്ചു വരുമ്പോൾ, ദൈവവിളിയുടെ കാലിക പ്രസക്തിയും പ്രാധാന്യവും സവിസ്തരം ചർച്ച ചെയ്യേണ്ടത് അനിവാര്യമാണ്. പഴയതുപോലെ 'ഡിമാന്റ്' ഇല്ലാത്ത ജീവിതമായി പൗരോഹിത്യവും സന്യാസവും മാറുമ്പോൾ ആ വഴി തെരഞ്ഞെടുക്കുന്നവരുടെ യാത്ര കൂടുതൽ ക്ലേശകരമാകുകയാണ്. സത്യാനന്തര കാലത്ത് വാർത്തകളാൽ കെട്ടിപ്പടുക്കുന്ന 'നിർമ്മിത സത്യങ്ങൾ' അരങ്ങു വാഴുമ്പോൾ നുണകളെക്കാൾ ചൈതന്യം സത്യത്തിനുണ്ടെന്ന് വിളിച്ച് പറയാൻ നാം ബാധ്യസ്ഥരാകുന്നു. അത്തരമൊരു ചിന്താഭാരത്തോടെയാണ് ഈ കുറിപ്പ് എഴുതുന്നത്. പുതിയ ലോകക്രമത്തിൽ ദൈവികമായ ക്രമം എഴുതിച്ചേർക്കാൻ സധൈര്യം മുന്നിട്ടിറങ്ങുന്നവരാണ് സമർപ്പിതർ.

### ത്രിവിധ ദൗത്യം

പൗരോഹിത്യധർമ്മം എന്താണെന്ന വിചിന്തനത്തോടെ ആരംഭിക്കാം. ഈശോമിശിഹായുടെ രാജകീയ-പുരോഹിത-പ്രവാചക ദൗത്യങ്ങളാണ് ഓരോ പുരോഹിതനും ഇന്നും തുടരുന്നത്. ഇതിൽ ഏത് ദൗത്യമാണ് പ്രധാനം അല്ലെങ്കിൽ വലുത് എന്ന ചോദ്യം അപ്രസക്തമാണ്. പുരോഹിതധർമ്മവും പ്രവാചകധർമ്മവും രാജകീയധർമ്മവും ഒരേ വ്യക്തിയിൽ സമ്യക്കായി കൂടിച്ചേരണം. ഏതെങ്കിലും ഒരു ദൗത്യത്തിനു മാത്രം നമ്മൾ അമിത പ്രാധാന്യം നല്കിയാൽ നമ്മുടെ പുരോഹിത വ്യക്തിത്വം വികലമാകും. പുരോഹിതൻ തിരുക്കർമ്മങ്ങൾ മാത്രം അനുഷ്ഠിക്കുന്ന വെറും പൂജാരിയോ, ഭരണനൈപുണ്യവും അധികാര ധാർഷ്ട്യവും പ്രകടമാക്കുന്ന രാഷ്ട്രതന്ത്രജ്ഞനോ, വിമർശനത്തിനുമാത്രം നാവുയർത്തുന്ന ദോഷൈകദൃക്കോ ആയി മാറരുത്. മറിച്ച് അന്യാദൃശ്യമായ ഭക്തിപാരവശ്യത്തോടെ ശുശ്രൂഷകൾ അനുഷ്ഠിക്കാനും, ആടുകളെപ്പറ്റിയുള്ള യഥാർത്ഥ തീക്ഷ്ണതയോടെയും ആത്മാക്കളെപ്പറ്റിയുള്ള ദാഹത്തോടെയും ദൈവജനത്തെ നയിക്കാനും, തിരുസഭാഗാത്രത്തെ ബലപ്പടുത്തുന്ന, സ്വയം വിശകലനവിധേയനാകാനുള്ള സന്നദ്ധതയോടെ, തിരുത്തലുകൾ നല്കാനും കഴിയുന്ന അസാമാന്യ വ്യക്തിത്വത്തിനുടമയായിരിക്കണം. ഈ ദൗത്യങ്ങളിലൊന്നുപോലും വിസ്മരിക്കാതെ, മൂന്നും പ്രധാനമാണ് എന്ന ബോധ്യത്തോടെ പ്രവർത്തിക്കുമ്പോഴാണ് പുരോഹിതൻ അഭിമതനാകുന്നത്.

### ത്രികാലങ്ങളെ ബന്ധിപ്പിക്കുന്നവർ

ത്രികാലങ്ങളെ ബന്ധിപ്പിക്കുന്ന വിസ്മയനീയ ശുശ്രൂഷ നിർവ്വഹിക്കാനാണ് ഓരോ പുരോഹിതനും വിളിക്കപ്പെട്ടിരിക്കുന്നത്. തന്നെ സമീപിക്കുന്ന ഓരോ വ്യക്തിയുടെയും ഇടറിപ്പോയ ഇന്നലകളിലെ കന്മഷം കഴുകി കളഞ്ഞ്, അത്രകണ്ട് ശ്രേഷ്ഠമല്ലാത്ത അവന്റെ ഭൂതകാലത്തിന്റെ മുറിവുകളെ വച്ചുകെട്ടാനും മെച്ചപ്പെട്ട ദിനങ്ങൾ അവനു നല്കാനും നിത്യതയെ സ്വപ്നം കാണാൻ അവനെ

പഠിപ്പിക്കാനും അതുവഴി ശുഭകരമായ ഭാവിയിലേക്ക് അവനെ നയിക്കാനും കഴിയുന്നത് പുരോഹിതനു മാത്രമാണ്. ഒരു വിരാട് സ്വപ്നം കണക്കെ പൊതുസമൂഹബോധത്തിൽ ആഴ്ന്നിറങ്ങിയ ആ പഴയ പുരോഹിത സങ്കല്പത്തിന് സാരമായ ഭംഗം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. ഒറ്റപ്പെട്ട ചില വികല ജീവിതങ്ങൾ പൗരോഹിത്യത്തിന്റെയും സന്യാസത്തിന്റെയും സൗന്ദര്യം തമസ്കരിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന് നാം അംഗീകരിക്കണം. എന്നാൽ അന്ധമായ സഭാവിരോധം അത്തരം അനുഭവങ്ങളെ പർവ്വതീകരിച്ച് മുഴുവൻ പുരോഹിതരുടെയും സന്യസ്തരുടെയും വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന തരത്തിലേക്ക് കാര്യങ്ങളെത്തിക്കാൻ ചിലരെ പ്രേരിപ്പിച്ചു. ജനങ്ങൾ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് ചില കാഴ്ചകളെ മാത്രം തെരഞ്ഞെടുക്കുന്ന പ്രക്രിയ സത്യാനന്തര കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ഈ ശൈലീമാറ്റം അനല്പമായ തെറ്റിധാരണകൾ പൗരോഹിത്യ-സന്യാസ സമർപ്പണത്തെപ്പറ്റി പൊതുസമൂഹത്തിൽ ഉളവാകുന്നതിന് കാരണമായിട്ടുണ്ട്. എന്നാൽ എത്രയെല്ലാം വ്യാജാരോപണങ്ങൾ ഉണ്ടായാലും പൗരോഹിത്യവും സന്യാസവും ശ്രേഷ്ഠമായ ദൈവവിളികളായിതന്നെ നിലനിൽക്കുമെന്നതിൽ സംശയമില്ല.

**വെല്ലുവിളികളെ അതിജീവിക്കുന്നവർ**

വെല്ലുവിളികൾ എല്ലാ കാലഘട്ടത്തിലുമുണ്ടായിരുന്നു. ഓരോ ദൈവവിളിയും പ്രതിസന്ധിമദ്ധ്യേയുള്ള ദൈവജനത്തിന്റെ നിലവിളിക്കുള്ള മറുപടികളായിരുന്നു. അശക്തരെയും ഭീരുക്കളെയും നിസ്സാരന്മാരെയും ഒക്കെയാണ് ദൈവം എല്ലാക്കാലത്തും വിളിച്ചിട്ടുള്ളത്. ശക്തനായ ഫറവോയുടെ ആധിപത്യത്തിൽനിന്ന് ഇസ്രായേൽമക്കളെ രക്ഷിക്കാൻ വിക്കനായ മോശയെ നിയോഗിച്ചു. കാനാൻരാജാവ് യാബീനെയും അവന്റെ സേനാധിപതിയായ സിസേറായെയും വധിക്കാൻ സ്ത്രീകളായ ദെബോറയെയും ജായേലിനെയും ദൈവം തെരഞ്ഞെടുത്തു. ഗിലയാദുകാരെ ആക്രമിച്ച അമ്മോന്യരിൽനിന്നും ജനത്തെ സംരക്ഷിക്കാൻ തെറ്റുകളിലൂടെ മാത്രം സഞ്ചരിച്ചിരുന്ന ജഫ്തായ്ക്ക് ദൈവം കരുത്ത് നല്കി. ഇടയനായ ദാവീദും ബാലനായ ജെറമിയായും കർഷകനായ ഏലിഷായും തീർത്തും നിസ്സാരന്മാരായിരുന്നു. ശിഷ്യന്മാരെ തെരഞ്ഞെടുക്കുമ്പോഴും ദൈവത്തിന്റെ ഈ മനസ്സ് സുവ്യക്തമാണ്. പൗലോസ് അപ്പസ്തോലൻ ഇങ്ങനെ വിലപിക്കുന്നുണ്ട്, ''പാപികളിൽ ഒന്നാമനാണ് ഞാൻ എങ്കിലും എനിക്ക് കാരുണ്യം ലഭിച്ചു'''(1 തിമോ. 1:15-16).

ദൈവത്തിന് തന്റെ ജനത്തോടുള്ള സ്നേഹത്തിന്റെ ജീവിക്കുന്ന അടയാളങ്ങളാണ് ഓരോ സമർപ്പിതനും. ദൈവവിളി ആരംഭിക്കുന്നതുതന്നെ ദൈവത്തിന്റെ ഇഷ്ടത്തിൽനിന്നുമാണ്. ''പിന്നെ, അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു. തന്നോടു കൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടു പേരെ നിയോഗിച്ചു'' (മർക്കോ 3:13-16). തെരഞ്ഞെടുക്കപ്പെട്ടവർ മൂന്നു കാര്യങ്ങൾക്കായിട്ടാണ് നിയോഗിക്കപ്പെടുന്നത്. ഒന്നാമതായി, അവർ അവനോടുകൂടെ ആയിരിക്കണം. രണ്ടാമതായി, പ്രസംഗിക്കാൻ അയക്കപ്പെടണം. മൂന്നാമതായി, പിശാചുക്കളെ ബഹിഷ്ക്കരിക്കണം. സമർപ്പണ ജീവിതത്തിന്റെ ഹൃദയമാണ് ഈ മൂന്ന് നിയോഗങ്ങൾ. എല്ലാ കാലഘട്ടത്തിലും ഇത് പ്രസക്തവുമാണ്. ദ്രുതഗതിയിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന വിവരസാങ്കേതിക വിസ്ഫോടനത്തിന്റെ ഈ കാലയളവിൽ ലക്ഷ്യമില്ലാത്ത തിരക്കുകളിലേക്ക് നാം വെറുതെ വീണുപോവുകയാണ്. എന്നാൽ ലോകത്തിന്റെ ഈ ക്രമത്തിൽനിന്നും മാറി തിരക്കുകളില്ലാതെ അവനോടുകൂടെ ആയിരിക്കാൻ ഒരു സമർപ്പിതന് കഴിയണം. ധാർമ്മിക ബോധം കുറയുകയും എന്തും അനുവദനീയമാണെന്ന സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്തിരിക്കുന്ന ലോകത്തിൽ ഇന്ന് സംഭവിക്കുന്ന ദുരന്തങ്ങളെല്ലാം മനുഷ്യന്റെ തിന്മയുടെയും ദുരാഗ്രഹത്തിന്റെയും പരിണിതഫലമാണെന്ന് ഉച്ചൈസ്ഥരം പ്രഘോഷിക്കാനുള്ള നിയോഗമാണ് പുരോഹിതനുള്ളത്. ഭ്രൂണഹത്യയും അണുകുടുംബസംസ്കാരവും, സ്വവർഗ്ഗ വിവാഹവും, വ്യഭിചാരവുമെല്ലാം നിയമവിധേയമാകുമ്പോൾ പാപബോധം ഇല്ലാത്ത സമൂഹമായി നമ്മൾ മാറുന്നു. ഈ ലോകത്തോട് പ്രവാചക ധീരതയോടെ ഇതെല്ലാം പാപമാണെന്ന് വിളിച്ച് പറയാനും മാനസാന്തര അനുഭവത്തിലേക്ക് ജനത്തെ നയിക്കാനും അത്തരം പൈശാചിക ആഭിമുഖ്യങ്ങളെ ഇല്ലാതാക്കാനും പുരോഹിതന് സാധിക്കണം. ഇപ്രകാരം ലൗകിക ക്രമങ്ങളെ മറികടന്ന് ആത്മീയതയുടെ നൂതന വഴിയെ നടക്കാനുള്ള കരളുറപ്പ് സിദ്ധിച്ചവർക്കുള്ള സാഹസിക യാത്രയാണ് സമർപ്പണ ജീവിതം.

നാം ജീവിക്കുന്ന കാലഘട്ടം വ്യത്യസ്തമായ വെല്ലുവിളികൾ നിറഞ്ഞതാണ്. ഈ കാലയളവിൽ പൗരോഹിത്യവും സന്യാസവും അപ്രസക്തമാണെന്ന ചിന്ത വളർത്തിയെടുക്കാൻ പരിശ്രമിക്കുന്നവർ നിരവധിയാണ്. എന്നാൽ അവയെ അതിജീവിച്ചുകൊണ്ട് പൗരോഹിത്യ-സന്യാസജീവിതത്തിന് നവീന ഭാഷ്യം കുറിക്കാൻ ആർജ്ജവമുള്ള ചെറുപ്പക്കാരിലാണ് തിരുസഭയുടെ പ്രതീക്ഷ. പൂർണ്ണമായ വിശ്വസ്തതയോടെ പൗരോഹിത്യ സന്യാസ സമർപ്പണത്തിൽ ജീവിക്കാനുള്ള വെല്ലുവിളി നാം അതിന്റെ പൂർണ്ണതയിൽ ഏറ്റെടുക്കുമ്പോഴാണ് കൈമോശം വന്നുപോയ പൗരോഹിത്യ-സന്യാസ സങ്കല്പങ്ങളെ മിഴിവുറ്റതാക്കാൻ നമുക്ക് കഴിയുന്നത്. ആർക്കും തെരഞ്ഞെടുക്കാവുന്ന ഒരു വഴിയല്ല ഇത്. വെല്ലുവിളികളെ അതിജീവിക്കാനുള്ള ഇച്ഛാശക്തിയും, ജീവിതവിശുദ്ധി പാലിക്കാനുള്ള തീവ്രമായ ആഗ്രഹവും, ആത്മാക്കളെ നേടാനുള്ള അദമ്യമായ അഭിവാഞ്ജയും പുലർത്തുന്നവർക്കുമാത്രമേ ഈ വിളിജീവിതം ഭൂഷണമാകുകയുള്ളു. പ്രതികൂലങ്ങൾ മാത്രം സമ്മാനിക്കുന്ന ലോകത്തിൽ ധീരതയോടെ, സമർപ്പണത്തോടെ, വിശുദ്ധിയോടെ മുന്നേറാൻ ബോധ്യമുള്ള യുവതീയുവാക്കന്മാരെ ഒരുക്കണമെ ഈശോയേ എന്ന് പ്രാർത്ഥിക്കാം. സാഹസികമായ ഈ യാത്ര ദൈവപരിപാലനയിൽ ശരണപ്പെട്ടുകൊണ്ട് പൂർത്തിയാക്കാൻ ഓരോ സമർപ്പിതനും സാധിക്കട്ടെ.

# അഭിഷേകം ഒഴുകുന്ന പൗരോഹിത്യം

**മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ**
(വിജയപുരം രൂപത)



ദൈവത്തിന്റെ പുരോഹിതൻ! ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ച് പരമപിതാവിനെയും, അവന്റെ രാജകീയഗണത്തെയും ശുശ്രൂഷിക്കുന്നവൻ. ജീവനും, ജീവിതവും പൂർണ്ണമായി നാഥന് അർപ്പിച്ചവൻ. തന്റെ അജഗണങ്ങളെ മേച്ചിൽസ്ഥലങ്ങളിൽ നന്നായി മേയിക്കുവാനും ആലയിൽ തിരിച്ചെത്തിക്കുവാനും കടപ്പെട്ടവൻ. ആകാമായിരുന്ന ലോകസുഖങ്ങളെല്ലാം ക്രൂശിതന്റെ മൂന്നാണികളിൽ തറച്ചവൻ. സർവ്വസംഗ പരിത്യാഗി. തനിക്കു പിറന്നില്ലെങ്കിലും സഭാതനയരെയെല്ലാം തന്റെ മക്കളായ് ഗണിച്ച് നെഞ്ചിലേറ്റുന്നവൻ. അതാണ് പുരോഹിതൻ. ഈ പുരോഹിതഗണത്തെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം.

എന്റെ ഓർമ്മയിലേക്ക് ഒരു വിശുദ്ധ പുരോഹിതൻ കടന്നുവരുന്നുണ്ട്. 84-ാം വയസ്സിൽ മരിക്കുന്നതിനു തൊട്ടുമുൻപുവരെ ഒരു നിസ്വനെപ്പോലെ ജീവിച്ച ഒരു സന്യാസവൈദികൻ. ഒരു വടിയിൽ കുത്തി ചാടിച്ചാടി വന്ന് കുമ്പസാരിപ്പിച്ച് തിരിച്ച് ചെന്ന് ഷർട്ട് ഊരി മാറ്റി ഒരു പലകകട്ടിലിൽ വെറുതെ ചുരുണ്ടുകൂടി കിടക്കുന്ന ആ പുരോഹിതനിൽ ക്രിസ്തുവിന്റെ മുഖം ഞാൻ ദർശിച്ചിരുന്നു. ഫ്രാൻസിസ് സേവ്യറെന്നു പേരുള്ള, തമിഴ്നാട്ടിൽ മിഷൻ ശുശ്രൂഷ ചെയ്തിരുന്ന, ആ മിഷനറി വൈദികൻ എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. കഴിഞ്ഞ ദിവസം ഇറ്റലിയിൽ കർത്താവിന്റെ അൾത്താരയിൽ ബലിയായിത്തീർന്ന ഫാ. ജോസഫ് എന്ന പുരോഹിതനും എന്റെ ജീവിതത്തിന് വലിയ പ്രചോദനമാകുകയാണ്. എന്റെ പൗരോഹിത്യത്തെയോർത്ത് ഞാൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ദൈവം തന്ന ഏറ്റവും വലിയ ദാനം എന്റെ പൗരോഹിത്യമാണെന്ന് ഞാൻ തിരിച്ചറിയുന്നു. ഫ്രാൻസിലെ ബർഷാക്കാമെൽ എന്ന 85 വയസ്സുള്ള പുരോഹിതന്റെ ജീവിതവും എന്നെ ഏറെ സ്പർശിക്കുന്നു. ഫ്രാൻസിലെ പുരോഹിതരുടെ കുറവുനിമിത്തം, 85-ാം വയസ്സിലും തന്റെ അനാരോഗ്യം മറന്ന് കർത്താവിന്റെ അൾത്താരയിൽ ബലിയർപ്പിക്കാനായി കടന്നുവന്ന അദ്ദേഹത്തെ, അതേ ബലിപീഠത്തോട് ചേർത്തുവച്ച് ഭീകരവാദികൾ ശിരസ്സ് ഛേദിച്ചപ്പോൾ, ആ തിരുവൾത്താരയിൽ സ്വന്തം രക്തം ചിന്തികൊണ്ട് ബലിയർപ്പകനും, ബലിവസ്തുവുമായിത്തീരുകയായിരുന്നു അദ്ദേഹം.

പൗരോഹിത്യം ക്രിസ്തുവിന്റെ തുടർച്ചയും, പുരോഹിതൻ അവിടുത്തെ അഭിഷിക്തനുമാണ്. അഭിഷിക്തൻ എന്ന പദം പഴയനിയമത്തിൽ പൗരോഹിത്യത്തിലും, സന്യാസത്തിലും പൊതുവായി ഉപയോഗിച്ചിരുന്നു. അഭിഷേകം നിറഞ്ഞവൻ, അഭിഷേകം കൊടുക്കുന്നവൻ, അഭിഷേകം ആയവൻ, അഭിഷേകം ചെയ്യപ്പെട്ടവൻ എന്നൊക്കെ വിവിധ തരത്തിലുള്ള അർത്ഥതലങ്ങൾ ഈ പദത്തിനുണ്ട്. പഴയനിയമത്തിൽ രാജാവും പ്രവാചകനും, പുരോഹിതനും ഒക്കെ അഭിഷേകം ചെയ്യപ്പെടുന്നതുപോലെ, പുതിയനിയമത്തിൽ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് പുരോഹിതൻ. വി. പൗലോസ് ശ്ലീഹായുടെ ഹെബ്രായർക്കുള്ള ലേഖനത്തിൽ പൗരോഹിത്യത്തെക്കുറിച്ചുള്ള മനോഹരമായ ആവിഷ്ക്കരണം ഇങ്ങനെയാണ്: 'മൽക്കിസദേക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും പുരോഹിതനാണ്' (ഹെബ്രാ. 5:6). ഉൽപ്പത്തിയുടെ പുസ്തകത്തിൽ നാം കാണുന്നു, വിശ്വാസികളുടെ പിതാവായ അബ്രഹാം ദശാംശം നല്കുമ്പോൾ പുരോഹിതനായ മൽക്കിസദേക്ക് അത് കൈനീട്ടി ധൈര്യപൂർവ്വം സ്വീകരിക്കുന്നു. വി. ഗ്രന്ഥത്തിൽ മൽക്കിസദേക്കിനെക്കുറിച്ചുള്ള വിവരണം ഇങ്ങനെയാണ്: 'അവനു പിതാവോ മാതാവോ വംശപരമ്പരയോ ഇല്ല. അവന്റെ ദിവസങ്ങൾക്ക് ആരംഭമോ, ആയുസ്സിന് അവസാനമോ ഇല്ല. ദൈവപുത്രനു സദൃശ്യനായ അവൻ എന്നേക്കും പുരോഹിതനാണ്' (ഹെബ്രാ. 7:13). യഥാർത്ഥത്തിൽ പൗരോഹിത്യത്തിന്റെ നിർവചനമല്ലേയിത്? 'എവിടെനിന്നു വന്നുവെന്നോ എവിടേക്ക് പോകുന്നുവെന്നോ അറിയില്ല'.

ഈ ചിന്ത ഞാൻ പങ്കുവയ്ക്കുന്നത് വിജയപുരം രൂപതയിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരുടെ വസതിയിൽനിന്നാണ്. ഈ കൊറോണകാലത്ത് മണിക്കൂറുകൾ ദൈവസന്നിധിയിൽ ഇരുന്ന് പ്രാർത്ഥിക്കുന്ന അനേകം പ്രായമുള്ള പുരോഹിതർ നമുക്കു ചുറ്റുമുണ്ട്. തങ്ങൾ വിശ്രമിക്കേണ്ട ഈ കാലഘട്ടത്തിൽ ദൈവതിരുമുമ്പിലിരുന്ന് അവർ ഒരിക്കലും കണ്ടിട്ടില്ലാത്ത,

കേട്ടിട്ടില്ലാത്ത സഹജീവികൾക്കുവേണ്ടി കണ്ണീരോടെ പ്രാർത്ഥിക്കുന്ന കാഴ്ച ഈ ദിവസങ്ങളിൽ കണ്ടുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഇതാണ് പൗരോഹിത്യജീവിതം. 'നീ ചൊല്ലാത്ത പ്രാർത്ഥന നിനക്കുവേണ്ടി ചൊല്ലുന്നവനാണ് പുരോഹിതൻ. നീ കത്തിക്കാത്ത തിരി നിനക്കുവേണ്ടി കത്തിക്കുന്നവനാണ് പുരോഹിതൻ. നിങ്ങൾക്ക് ബലിയിൽ പങ്കെടുക്കാൻ സാധിക്കാത്ത നിമിഷങ്ങളിലും, നിങ്ങളെയെല്ലാം തന്റെ നെഞ്ചോടു ചേർത്തണച്ച് നിങ്ങൾക്കുവേണ്ടി ബലിയർപ്പിക്കുന്നവനാണ് പുരോഹിതൻ'. നിങ്ങളെല്ലാമുണ്ട് ഈ അൾത്താരയ്ക്കു ചുറ്റും. പുരോഹിതരുടെ ഹൃദയത്തിൽ, അവരുടെ പ്രാർത്ഥനകളിൽ നിങ്ങൾ നിറഞ്ഞുനിൽക്കുന്നു. അതുകൊണ്ട് ജീവിതത്തിലെ പ്രതിസന്ധികളെ, പ്രശ്നങ്ങളെ പ്രത്യാശയോടെ ധൈര്യത്തോടെ നമുക്ക് നേരിടാം. കാരണം, നമുക്കുവേണ്ടി ഒരു പുരോഹിതൻ മദ്ബഹായുടെ മുമ്പിൽ ഇരുകരങ്ങളും നീട്ടി പ്രാർത്ഥിക്കുന്നുണ്ട്.

പഴയനിയമത്തിൽ ലേവ്യരുടെ പുസ്തകത്തിൽ കാണുന്നു. പുരോഹിതന്റെ അവകാശം കർത്താവാണ്. പുരോഹിതൻ കർത്താവിന്റെ സ്വന്തമാണ്. ഈ ഭൂമിയിൽ ചുവടുവയ്ക്കുമ്പോൾ ദൈവത്തിന്റെ കൈ പിടിക്കുന്നവൻ, ഈ ലോകത്തിൽ ഏകനായിരിക്കുമ്പോൾ ദൈവത്തോട് സംസാരിക്കുന്നവൻ, അതാണ് പരിശുദ്ധ പൗരോഹിത്യം. പൗരോഹിത്യത്തെക്കുറിച്ചുള്ള മറ്റൊരു മനോഹരമായ ആവിഷ്ക്കരണമിങ്ങനെയാണ്. ദൈവാലയത്തിൽ വിളക്കണയാതെ കാത്തു സൂക്ഷിക്കുന്ന, ദൈവാലയത്തിന്റെ മൂലയ്ക്ക് ചുരുണ്ടുകൂടിയിരിക്കുന്ന ഒരു പുരോഹിതനായ ഏലിയെ, സാമുവേലിന്റെ പുസ്തകത്തിൽ കാണാൻ സാധിക്കും (1 സാമുവേൽ 2). പുതിയനിയമത്തിൽ സഖറിയാപുരോഹിതനെ ലൂക്കായുടെ സുവിശേഷം 1-ാം അദ്ധ്യായത്തിൽ നാം കണ്ടുമുട്ടുന്നു. സ്വന്തം ജീവിതത്തിലെ വേദനയും, ദുഃഖവും ഹൃദയത്തിൽ പേറിക്കൊണ്ട് ജനങ്ങൾക്കുവേണ്ടി ധൂപാർപ്പണം ചെയ്യാൻ അൾത്താരയിലേക്ക് കടന്നുപോകുന്ന ഒരു പുരോഹിതൻ. ദൈവത്തിനും, ദൈവജനത്തിനുംവേണ്ടി മാത്രം ജീവിക്കുന്ന പുരോഹിതരെ നമുക്ക് ആത്മാർത്ഥമായി സ്നേഹിക്കാൻ സാധിക്കണം. കാരണം, ദൈവത്തിന്റെ ഭൂമിയിലെ മനുഷ്യസാന്നിധ്യമാണ് പുരോഹിതൻ. അബ്രഹാം കർത്താവിന്റെ മുന്നിൽ കൈ നിവർത്തിപ്പിടിച്ച് ദൈവത്തെ തടയുന്ന സംഭവം ഉൽപത്തിയുടെ പുസ്തകത്തിൽ നാം കാണുന്നു. സോദോം-ഗോമോറാ എന്ന ദേശത്തെ അതിക്രമങ്ങൾ നിമിത്തം, ദൈവം ആ നഗരം നശിപ്പിക്കാൻവേണ്ടി കടന്നുവരുമ്പോൾ, അവിടുത്തെ നിവാസികൾക്കുവേണ്ടി അബ്രഹാം ഒരു പുരോഹിതനെപ്പോലെ കണക്കുപറഞ്ഞു ദൈവസന്നിധിയിൽ കരുണ യാചിക്കുന്നത് കാണാൻ സാധിക്കും. 50 പേരുണ്ടെങ്കിൽ, 40 പേരുണ്ടെങ്കിൽ, 30 പേരുണ്ടെങ്കിൽ, 20 പേരുണ്ടെങ്കിൽ ഏറ്റവും അവസാനം നീതിമാൻമാരായ 10 പേരുണ്ടെങ്കിൽ, ആ നഗരത്തെ നശിപ്പിക്കരുതേയെന്ന് അബ്രഹാം ദൈവത്തോട് അപേക്ഷിക്കുന്നു (ഉൽപ്പത്തി 18). ദൈവജനത്തിനുവേണ്ടി കണക്കു പറഞ്ഞ് ദൈവസന്നിധിയിൽ നിൽക്കുന്നവനാണ് പുരോഹിതൻ. പുറപ്പാടിന്റെ പുസ്തകത്തിൽ മോശ ദൈവത്തോടു യാചിക്കുന്നു. ആദ്യം എന്നെ ശിക്ഷിച്ചിട്ട് എന്റെ ജനത്തെ ശിക്ഷിക്കുക. ദൈവജനത്തിനുവേണ്ടി ദൈവം നിർമ്മിച്ചിരിക്കുന്ന മതിലാണ് പുരോഹിതൻ. നമ്മുടെ കുടുംബങ്ങളിലേക്ക് തിന്മ കടന്നു വരാതിരിക്കാൻ, നമ്മുടെ ജീവിതങ്ങളിലേക്ക് തകർച്ച വരാതിരിക്കാൻ, ദൈവം കെട്ടിയിരിക്കുന്ന ദൈവത്തിന്റെ വേലിയാണ് പുരോഹിതൻ. അതുകൊണ്ടാണല്ലോ കർത്താവ് പറഞ്ഞിരിക്കുന്നത്: 'ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല ....(മത്തായി 16:18-19). സ്വർഗം തുറന്നുതരാൻ, ദൈവം സ്വർഗത്തിന്റെ താക്കോൽ ഏൽപ്പിച്ചിരിക്കുന്നവരാണ് പുരോഹിതർ.

പുരോഹിതർ പ്രാർത്ഥിക്കുമ്പോൾ ഇടയ്ക്ക് കണ്ഠം ഇടറുന്നതും, കണ്ണുനിറയുന്നതും, കാസ ഉയർത്തുമ്പോൾ കൈകൾ വിറയ്ക്കുന്നതും ഒക്കെ നമ്മൾ ശ്രദ്ധിച്ചിട്ടുണ്ടാകാം. അതൊക്കെ ദൈവജനത്തിനുവേണ്ടിയുള്ള പുരോഹിതന്റെ പ്രാർത്ഥനകളും നിലവിളികളുമാണ്. അൾത്താരയുടെ മുമ്പിൽ കെടാവിളക്കു കത്തുന്നതുപോലെ ദിവ്യകാരുണ്യസന്നിധിയിൽ ദൈവജനത്തിനുവേണ്ടി ഉയരുന്ന പ്രാർത്ഥനയാണ് പുരോഹിതൻ. പുരോഹിതന്റെ മുന്നിൽ ശിരസ്സു നമിക്കാം. ഭൂമിയിലേക്ക് പറന്നൊഴുകുന്ന ഈ അഭിഷേകം നമുക്ക് സ്വീകരിക്കാം. തിരുവചനത്തിൽ ഈശോ അരുളിചെയ്യുന്നതുപോലെ 'പ്രവാചകനെ പ്രവാചകനായി സ്വീകരിക്കുന്നവർക്ക് പ്രവാചകന്റെ പ്രതിഫലം ലഭിക്കും' (മത്തായി 10:41). നീ നിന്റെ പുരോഹിതനെ ഒരു പുണ്യപുരോഹിതനായി സ്വീകരിക്കുന്നുവെങ്കിൽ, പുണ്യവാന്റെ പ്രതിഫലം നിനക്കുണ്ടാകും. 'ആകാശത്തിലെ പക്ഷികൾക്ക് കൂടും, കുറുനരികൾക്കു മാളങ്ങളുമുണ്ട്. മനുഷ്യപുത്രന് തലചായ്ക്കാനിടമില്ല'. നിന്റെ പുരോഹിതന് നിന്റെ ഹൃദയത്തിൽ ഇടംവേണം. പുരോഹിതന് ഹൃദയത്തിൽ ഇടം കൊടുക്കുന്നവൻ, ദൈവത്തിന് ഹൃദയത്തിൽ ഇടം കൊടുക്കുന്നു. പുരോഹിതരും സാധാരണ കുടുംബത്തിൽനിന്നുള്ളവരാണ്. കടൽതീരത്തും, വഞ്ചിയിലും, ചുങ്കസ്ഥലത്തുമായിരുന്നവരെയാണ് ഈശോ തന്റെ ശിഷ്യൻമാരായി തിരഞ്ഞെടുത്തത്. ബലഹീനരെയും, ബലഹീനമുള്ളവരെയുമാണ് ഈശോ വിളിച്ചു വേർതിരിച്ചത്. ബലഹീനരായ പുരോഹിതരുടെ കരുത്ത് നിങ്ങളാണ്. നിങ്ങളുടെ പ്രാർത്ഥന, ഉപവാസം, കഷ്ടപ്പാട് ഇവയൊക്കെയാണ് അവരുടെ ബലം. പുരോഹിതരെ ഓർക്കാം, അവർക്കുവേണ്ടി പ്രാർത്ഥിക്കാം.....

അവന്റെ സ്വന്തം
# ഈ ജീവിതം



**സി. ഡോ. ആൻസ്‌ലെറ്റ് ഡി.എം.**
(സെന്റ് ജോൺസ് ഹോസ്പിറ്റൽ, അഞ്ചൽ)

''ഞാൻ നിന്നോട് സ്നേഹവാഗ്ദാനത്തോടെ ഒരു ഉടമ്പടി ചെയ്തു. അങ്ങനെ നീ എന്റേതായിതീർന്നു'' (എസ. 16:8).

ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ ഞാൻ എം.ബി.ബി.എസ്. പഠിക്കുന്ന കാലം. ഒരവധിക്കാലത്ത് ട്രെയിനിൽ ഞങ്ങൾ നാട്ടിലേക്ക് വരികയായിരുന്നു. എന്റെ 1990 ബാച്ചിൽ ഞങ്ങൾ പന്ത്രണ്ട് സിസ്റ്റേഴ്സ് മെഡിസിന് പഠിക്കുന്നുണ്ട്. അവരിൽ ആറുപേർ കേരളത്തിലെ വിവിധ സന്യാസസമൂഹങ്ങളിൽ നിന്നുള്ളവരാണ്. ഞങ്ങളൊരുമിച്ച് ഒരു കമ്പാർട്ട്മെന്റിലാണ് യാത്ര. വളരെ സന്തോഷത്തോടെ, ആഹ്ലാദത്തോടെ, സംസാരിച്ചും, തമാശകൾ പറഞ്ഞും, പാടിയും, പ്രാർത്ഥിച്ചും, ഭക്ഷണവും പങ്കുവച്ചും ഈ യാത്ര മുന്നോട്ടുപോയപ്പോൾ ഞങ്ങളെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ഒരു യുവാവ് കമ്പാർട്ട്മെന്റിലെ തിരക്ക് കുറഞ്ഞ സമയം ഞങ്ങളുടെ അടുക്കൽവന്ന് പരിചയപ്പെട്ടു. ഞങ്ങൾ മെഡിക്കൽ വിദ്യാർത്ഥികളാണെന്നറിഞ്ഞപ്പോൾ ആ യുവാവിന് ഏറെ വിസ്മയമായി. സിസ്റ്റേഴ്സിനെ അടുത്തു പരിചയമില്ലാതിരുന്ന ആ അക്രൈസ്തവ യുവാവിന് സന്യാസജീവിതത്തെക്കുറിച്ച് അത്ര നല്ല ധാരണകളൊന്നുമല്ല ഉണ്ടായിരുന്നത്. അതിനാൽ പിന്നെ കുറെ ചോദ്യങ്ങളായിരുന്നു. നിങ്ങൾ എങ്ങനെയാണ്, എന്തിനാണ് ഈ ജീവിതത്തിലേക്ക് വന്നത്? മാതാപിതാക്കൾ നേർച്ച നേർന്ന് ഇങ്ങനെ അയയ്ക്കുന്നതാണോ? നിങ്ങൾക്ക് ഈ ജീവിതം യഥാർത്ഥത്തിൽ ഇത്രമാത്രം ഇഷ്ടമാണോ? പഠനം കഴിഞ്ഞാലും സന്യാസജീവിതത്തിൽ തുടരുമോ? നിങ്ങൾക്ക് ജീവിതത്തിൽ സ്വാതന്ത്ര്യമുണ്ടോ? ലോകത്തിന്റെ സുഖസന്തോഷങ്ങൾ അനുഭവിക്കേണ്ട ഈ പ്രായത്തിൽ അതെല്ലാം വേണ്ട എന്ന് വയ്ക്കുന്നത് ബുദ്ധിശൂന്യതയല്ലേ? ഇങ്ങനെ നിർത്താതെ ചേദ്യങ്ങൾ. ഞങ്ങൾ ഓരോരുത്തരും മാറിമാറി ഉത്തരം പറഞ്ഞുകൊണ്ടിരുന്നു. ഞങ്ങളുടെ ആവേശവും ഉറച്ച ബോധ്യങ്ങളും ആ ചെറുപ്പക്കാരനെ അമ്പരപ്പിച്ചു.

അന്ന് ഞങ്ങൾ ആ യുവാവിനോട് പറഞ്ഞ ചില കാര്യങ്ങൾ ഞാൻ ഇപ്പോഴും ഓർക്കുന്നു. ഇത് എല്ലാവർക്കും ജീവിക്കാവുന്ന എളുപ്പമായ ഒരു ജീവിതാവസ്ഥയല്ല. ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പും, സഹായവുംകൊണ്ട് മാത്രം പൂർത്തിയാക്കാൻ സാധിക്കുന്ന ഒരു ജീവിതമാണിത്. മറ്റെന്തിനേക്കാളും ഈ ജീവിതത്തിന്, ആ വ്യക്തിയുടെ സ്വതന്ത്രമായ തീരുമാനം ആവശ്യമാണ്. ആർക്കും ഒരാളെ നിർബന്ധിച്ചോ, നേർച്ച നേർന്നോ, മറ്റേതെങ്കിലും രീതിയിൽ പ്രേരിപ്പിച്ചോ ഈ ജീവിതത്തിലേക്ക് തള്ളി വിടാനാവില്ല. ഈ ജീവിതത്തെക്കുറിച്ചും മറ്റ് ജീവിതാവസ്ഥകളെക്കുറിച്ചും വ്യക്തമായി പഠിക്കുകയും അറിയുകയും ചെയ്തതിനുശേഷം ഒരു വ്യക്തിയെടുക്കുന്ന സ്വതന്ത്രമായ തീരുമാനമാണിത്. ഞങ്ങൾ ഞങ്ങളുടെ ജീവിതം പൂർണമനസ്സോടെ ദൈവത്തിന് സമർപ്പിച്ചതാണ്. അതിൽ ഞങ്ങൾക്ക് അത്യധികമായ ആനന്ദവും അഭിമാനവും ഉണ്ട്. ദൈവത്തിന്റെ കൃപകൊണ്ടുമാത്രമാണ് ഇത് സാധിക്കുന്നത്. ഒരുപക്ഷേ പുറമേ നിന്ന് നോക്കുന്നവർക്ക് ഇത് ശരിയായി മനസ്സിലായില്ല എന്നു വരാം. ഞങ്ങളുടെ സന്യാസസമൂഹങ്ങൾ പലവിധത്തിലുള്ള ശുശ്രൂഷകൾ നിർവഹിക്കുന്നവയാണ്. ഞങ്ങൾ എന്തു ജോലി ചെയ്താലും അത് ഞങ്ങൾ ആർക്കുവേണ്ടി ഞങ്ങളുടെ ജീവിതം സമർപ്പിച്ചിരിക്കുന്നുവോ, ആ കർത്താവിനുവേണ്ടിയുള്ള ശുശ്രൂഷയാണ്. ഓരോ കാലഘട്ടത്തിലും ഞങ്ങളുടെ അധികാരികളിലൂടെ ഞങ്ങൾ എവിടെ ആയിരിക്കണം, എന്തുചെയ്യണം എന്നൊക്കെയുള്ള ദൈവത്തിന്റെ ഇഷ്ടം വെളിപ്പെടുന്നു. അതനുസരിച്ച് ഞങ്ങൾ ഇപ്പോൾ ഈ മെഡിക്കൽ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ആ യുവാവിനോട് ഞങ്ങൾ ഏക സ്വരത്തിൽ പറഞ്ഞു. ഞങ്ങൾ ആരും ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയോ, ജോലിക്കുവേണ്ടിയോ, മറ്റെന്തെങ്കിലും നേട്ടങ്ങൾക്കുവേണ്ടിയോ സന്യാസജീവിതത്തിലേക്ക് കടന്നുവന്നവരല്ല. അതുകൊണ്ട് പഠനം കഴിഞ്ഞാലും, എന്തെല്ലാം സാധ്യതകളും സാഹചര്യങ്ങളും ഉണ്ടായാലും, ഈ ജീവിതത്തിൽ തുടരാൻതന്നെയാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ഞങ്ങളാരും സ്വാതന്ത്ര്യമില്ലാതെ, വീർപ്പുമുട്ടി ഇതിനകത്ത് കഴിയുന്നവരല്ല. ഒരുമിച്ച് ആയിരിക്കുന്നതിന്റെ ഒരുപാട് ആനന്ദവും, ആശ്വാസവും അനുഭവിക്കുന്നവരാണ് ഞങ്ങൾ. ആ യുവാവിനോട് ഞങ്ങൾ ചോദിച്ചു 'യഥാർത്ഥത്തിൽ ഏതാണ് നല്ലത്, നശ്വരമായ ഈ ലോകത്തിന്റെ സുഖഭോഗങ്ങൾക്കുവേണ്ടിയും, നേട്ടങ്ങൾക്കുവേണ്ടിയും ആയുസ് നഷ്ടപ്പെടുത്തുന്നതോ, അതോ സൃഷ്ടാവായ ദൈവത്തിനുവേണ്ടി ഒരായുസ്സ് സമർപ്പിച്ച് അനേകർക്കുവേണ്ടി ജീവിക്കുന്നതോ?

ഞങ്ങളുടെ ആവേശം നിറഞ്ഞ ഉത്തരങ്ങൾക്കും, തിരിച്ചുള്ള ചേദ്യങ്ങൾക്കും മുമ്പിൽ വാക്ക് മുട്ടിയ ആ സഹോദരൻ പിന്നീട് ഞങ്ങളോട് വലിയ ബഹുമാനവും സ്നേഹവും പ്രകടിപ്പിച്ചു എന്നുമാത്രമല്ല ഞങ്ങളെ സഹായിക്കാനുള്ള അവസരങ്ങൾ കാത്തിരിക്കുന്നതുപോലെ തോന്നി.

സഹായങ്ങൾ സ്നേഹപൂർവ്വം നിരസിച്ച ഞങ്ങളോട് അദ്ദേഹം പറഞ്ഞത് നിങ്ങൾക്ക് എന്തെങ്കിലും ചെയ്തുതരുന്നത് ദൈവത്തിന് ചെയ്യുന്നതുപോലെയാണ് എനിക്ക് അനുഭവപ്പെടുന്നത് എന്നാണ്. ഞങ്ങളോട് പ്രാർത്ഥനാസഹായം ചോദിച്ച് സന്തോഷത്തോടെയാണ് ആ മകൻ ട്രെയിനിൽനിന്നും ഇറങ്ങി പോയത്.

ഇതോർക്കാനുള്ള കാരണം ഈ നാളുകളിൽ നടക്കുന്ന സംഭവങ്ങളും, അഭിപ്രായപ്രകടനങ്ങളും, സത്യമല്ലാത്ത വാർത്തകളുമാണ്. ആർക്കും ഏത് നേരവും കടന്നുവരാവുന്ന, എവിടെയും എങ്ങനെയും ജീവിക്കാവുന്ന, അവകാശവാദങ്ങൾ നിരത്തിയും സമരം ചെയ്തും നേടിയെടുക്കാവുന്ന ഒരു ജീവിതംപോലെ ക്രിസ്തീയ സന്യാസജീവിതം ലോകത്തിനുമുമ്പിൽ പ്രദർശിക്കപ്പെടുന്നു. ഇവിടെ ഒരു കാര്യം നാം മറക്കാൻ പാടില്ല. കത്തോലിക്കാസഭയിൽ സന്യാസജീവിതം മനുഷ്യൻ ദൈവത്തോട് ചെയ്യുന്ന ഉടമ്പടിയും വാഗ്ദാനവുമാണ്. തിരുസഭയിലാണ് അത് സ്വീകരിക്കപ്പെടുന്നത്. ദൈവത്തോട് വാഗ്ദാനം ചെയ്തിട്ട് ദൈവം നയിക്കുന്ന വഴികളിലൂടെ പോകാൻ വിസമ്മതിക്കുന്നത് എത്രയോ ദൗർഭാഗ്യകരമാണ്. എനിക്ക് ഇഷ്ടപ്പെട്ട രീതിയിൽ ഞാൻ ജീവിക്കുമെന്ന് തീരുമാനിക്കുന്ന വ്യക്തിക്ക് എന്തിനാണ് സന്യാസജീവിതവും ആവൃതിയും നിയമങ്ങളുമൊക്കെ? സ്വതന്ത്രമായി ജീവിക്കുവാനുള്ള എല്ലാ അവസരങ്ങളും പുറത്തുണ്ടല്ലോ? ഞാൻ അകത്തേ ജീവിക്കൂ, എന്നാൽ പുറത്തെ ജീവിതക്രമം വേണം എന്നു പറയുന്നതിൽ എന്ത് അർത്ഥം? സന്യാസം ജീവിക്കേണ്ടവർ അകത്തും അതിന് ബുദ്ധിമുട്ടുള്ളവർ പുറത്തും ജീവിക്കുന്നതല്ലേ സാമാന്യ നീതി?

സന്യാസജീവിതം ആനന്ദിക്കാനുള്ളതാണെന്ന് ഫ്രാൻസിസ് മാർപാപ്പ ഓർമിപ്പിക്കുമ്പോൾ ഈയൊരു ജീവിതത്തിൽ ആനന്ദിക്കാൻ നിരവധി കാരണങ്ങൾ ഞാൻ കാണുന്നു. ദൈവത്തിന്റെ സ്വന്തമായിരിക്കുന്നു എന്നതാണ് എന്നെ സംബന്ധിച്ച് പ്രഥമവും പ്രധാനവുമായ കാരണം. ബാക്കിയെല്ലാം ഇതുമായി തട്ടിച്ചു നോക്കുമ്പോൾ ഒന്നുമല്ലായെന്നു പറയാം. സങ്കീർത്തകൻ പറയുന്നു: "സ്വർഗ്ഗത്തിൽ അങ്ങ് അല്ലാതെ ആരാണ് എനിക്ക് ഉള്ളത്? ഭൂമിയിലും അങ്ങയെ അല്ലാതെ ഞാൻ ആരെയും ആഗ്രഹിക്കുന്നില്ല" (സങ്കീ. 73:25). ദൈവത്തിന്റെ സ്വന്തമായി തീരുന്ന ഒരു വ്യക്തി സകല മനുഷ്യരോടും, സർവ്വചരാചരങ്ങളോടും, ഈ സൃഷ്ടപ്രപഞ്ചം മുഴുവനോടും ഒരു സവിശേഷമായ ബന്ധത്തിലേക്ക് കടന്നുവരുന്നു. ഇന്നലെ വരെ അപരിചിതരായിരുന്നവർ എനിക്ക് അപ്പനായി, അമ്മയായി, സഹോദരനായി, സഹോദരിയായി, മകളായി, മകനായി മാറുന്നു. അവരുടെ നേട്ടങ്ങളിലും സന്തോഷങ്ങളിലും ആനന്ദിക്കാൻ, ദുഃഖങ്ങളിലും വേദനകളിലും ആശ്വസിപ്പിക്കാൻ, അവരുടെ കദനങ്ങളും കണ്ണുനീരും തന്റെ നാഥന് അർപ്പിച്ച് പ്രാർത്ഥനയോടെ അവരെ ബലപ്പെടുത്തുവാൻ ഒരു സമർപ്പിതയ്ക്ക് കഴിയുന്നു. ആരെയും സ്വന്തമാക്കാതെ, ആരുടെയും സ്വന്തമാകാതെതന്നെ സൃഷ്ടിച്ച് രൂപപ്പെടുത്തിയവനുവേണ്ടി സ്വന്തമായി ജീവിക്കുക. ഇത് വെറും ഒരു സ്വഭാവിക ജീവിതമല്ല, സ്വർഗ്ഗത്തിന്റെ കൃപ ലഭിച്ച അതിസ്വഭാവിക ജീവിതം തന്നെ. ഈശോയുടെ സ്വന്തമായിരിക്കുന്നതിൽ അഭിമാനിക്കുകയും, ഈ സന്യാസജീവിതത്തിന്റെ മനോഹാരിതയും ആർദ്രതയും ഹൃദയത്തിലേറ്റി ജീവിക്കുകയും ചെയ്യുന്ന അനേകം സമർപ്പിത ജീവിതങ്ങൾ കൺമുമ്പിലുള്ളപ്പോൾ ഒറ്റപ്പെട്ട ചില അപചയങ്ങളെ നോക്കി ആകുലപ്പെടേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ലീമായിലെ റോസ് എന്ന വിശുദ്ധയുടെ ജീവിതത്തിൽ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. കുട്ടിക്കാലത്ത് കളിക്കാൻ കൂട്ടുകാരില്ലാതെ വിഷമിച്ച അവൾക്കു മുമ്പിൽ അവളോടൊത്ത് കളിക്കാൻ തയാറായി ഒരു ബാലൻ കടന്നുവരുന്നു. ആവേശത്തോടെ രണ്ടുപേരും കളി ആരംഭിച്ചു. അതിനിടയിൽ അവൾ ചോദിച്ചു: 'നിന്റെ പേരെന്താണ്'? അപ്പോൾ ആ ബാലൻ തിരിച്ച് അവളോട് ചോദിച്ചു: 'നിന്റെ പേരെന്താണ്'? 'ഞാൻ ഈശോയുടെ റോസ് ആണ്' അവൾ ഉടനെ മറുപടി കൊടുത്തു. 'ഞാൻ റോസിന്റെ ഈശോയാണ്' എന്നായിരുന്നു ആ ബാലന്റെ മറുപടി. ഈശോയുടെ സ്വന്തമായിരിക്കുന്നതിൽ അഭിമാനിക്കുന്നവരെ നോക്കി എത്ര സന്തോഷത്തോടെയായിരിക്കും ഈശോ പറയുക ഞാൻ നിന്റെ സ്വന്തമാണെന്ന്.



ഒരു സംഭവം ഓർത്തു പോകുകയാണ്. എന്റെ സീനിയറായി ബാംഗ്ലൂർ സെന്റ് ജോൺസിൽ പഠിച്ചിരുന്ന മാർഗരറ്റ് ഡിമല്ലോ എന്ന ഗോവാക്കാരി

സിസ്റ്റർ, പഠനത്തിലും പാട്ടിലും മാത്രമല്ല ഏതിലും മിടുക്കിയായ ചുറുചുറുക്കുള്ള സഹോദരി, മെഡിസിനിൽ എം.ഡി. ചെയ്യുകയാണ്. Casuality posting സമയം. പല ഡിപ്പാർട്ട്മെന്റ് PG's അവിടെ ഡ്യൂട്ടിക്ക് ഉണ്ട്. സിസ്റ്റർ വളരെ പ്രസന്നഭാവത്തോടെ ഓടിനടന്ന് രോഗികളെ പരിശോധിക്കുകയും മറ്റുള്ളവരെ സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു. അല്പം free ആയ സമയം PG's ഒരുമിച്ച് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവരിൽ ഒരു ഡോക്ടർ, സിസ്റ്ററിനോട് ചോദിച്ചു: why did you become a nun? സിസ്റ്ററിന്റെ മറുപടി ഇപ്രകാരമായിരുന്നു: because I fell in love with Jesus. അവർക്ക് അത് ഉൾക്കൊള്ളുവാൻ സാധിക്കുമായിരുന്നില്ല. Are you really happy? അവർ തുടർന്ന് ചോദിച്ചു, yes, ofcourse സിസ്റ്ററിന്റെ സംശയമില്ലാത്ത മറുപടി. ഇത്ര മിടുക്കിയായ ഈ സിസ്റ്റർ തന്റെ ജീവിതം വെറുതെ നഷ്ടപ്പെടുത്തുകയാണെന്ന് ചിന്തിച്ച അവർ തങ്ങളെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞു, ഒരു ഡോക്ടറൊക്കെ ആയതുകൊണ്ട് കൂടെയുള്ളവരുടെ പരിഗണന കിട്ടുന്നുണ്ടാകും. അല്ലെങ്കിൽ ഇത്ര സന്തോഷവതിയായി സാധിക്കുമോ? സിസ്റ്റർ പറഞ്ഞു, അതുകൊണ്ടൊന്നുമല്ല, ഞാൻ ഒരു സന്യാസിനിയായി ജീവിക്കുന്നത് യേശു എന്നെ അത്രമാത്രം സ്നേഹിക്കുന്നതുകൊണ്ടും, ഞാൻ ആ യേശുവിനെ ഗാഢമായി സ്നേഹിക്കുന്നതുകൊണ്ടും മാത്രമാണ്. അവരുടെ നീണ്ട വാദപ്രതിവാദങ്ങൾക്കിടയിൽ സിസ്റ്റർ പറഞ്ഞ ഒരു വാക്ക് ഞാൻ ഇപ്പോഴും മറന്നിട്ടില്ല. If I have to beg in the streets, I still say the same thing. I am a nun only because I fell in love with Jesus. യേശുവിനോടുള്ള സ്നേഹത്തെപ്രതി മാത്രമാണ് ഞാൻ ഈ ജീവിതം തിരഞ്ഞെടുത്തിരിക്കുന്നതെന്നും, അവനുവേണ്ടി എന്ത് കഷ്ടനഷ്ടങ്ങൾ സഹിക്കാനും തയാറാണെന്ന് ധീരതയോടെ പറഞ്ഞ ആ സിസ്റ്റർ ഡോക്ടർ, തന്റെ വാക്കുകൾ അന്വർത്ഥമാക്കിക്കൊണ്ട് കത്തോലിക്കാസഭയിലെ ഒരു സന്യാസിനിയായി, ഭാരതത്തിലെ ഒരു അവികസിത ഗ്രാമത്തിൽ തന്റെ നാഥന്റെ സൗഖ്യദായക ശുശ്രൂഷ നിർവഹിച്ചുകൊണ്ട് ആനന്ദത്തോടെ, സംതൃപ്തിയോടെ ആരാലും അറിയപ്പെടാതെ ഇന്നും ജീവിക്കുന്നു. ഇതുപോലെയുള്ള അനേകായിരങ്ങളെ, കർത്താവിന്റെ പലവിധ ശുശ്രൂഷകളിൽ അവിടുത്തോടുള്ള സ്നേഹത്തെപ്രതി വ്യാപൃതരായ സമർപ്പിതരെ, നാം കാണാതെ പോകുന്നു, അറിയാതെ പോകുന്നു. അറിയുന്നതോ എവിടെയോ വഴിതെറ്റിപോയ, ലക്ഷ്യം മറന്നുപോയ ചില ജീവിതങ്ങളെ മാത്രം.

സന്യാസജീവിതത്തിന്റെ മറ്റൊരു ആനന്ദമാണ് സാഹോദര്യവും കൂട്ടായ്മയും, പരസ്പരമുള്ള ബലപ്പെടുത്തലും. ഞാൻ ഒരു രോഗാവസ്ഥയിൽകൂടി കടന്നുപോയ നാളുകൾ ഓർക്കുന്നു. സമൂഹാധികാരികളും, സമൂഹാംഗങ്ങൾ ഓരോരുത്തരും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും, ആവശ്യമായ എല്ലാ ശുശ്രൂഷയും പരിചരണവും നല്കുകയും ചെയ്തു. എനിക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകളും നടത്തുകയുണ്ടായി. സഭയിലെ പിതാക്കന്മാരും, വൈദികരും അവരുടെ ബലിയർപ്പണത്തിലും പ്രാർത്ഥനകളിലും എന്നെ ദൈവതിരുമുമ്പിൽ സമർപ്പിച്ചു. എന്റെ ശുശ്രൂഷാമേഖലകളുമായി ബന്ധപ്പെട്ട മറ്റനേകം വ്യക്തികളും സമർപ്പിതരും എനിക്കുവേണ്ടി ദൈവസന്നിധിയിൽ കരങ്ങളുയർത്തി. ആ നാളുകളിൽ എന്റെ കുടുംബാംഗങ്ങളും തീക്ഷ്ണമായ പ്രാർത്ഥനകൾ നടത്തി. എന്നാൽ അവരെക്കാൾ എത്രയോ മടങ്ങ് പ്രാർത്ഥനകളാണ് ഒരു സമർപ്പിത എന്ന നിലയിൽ ലോകം മുഴുവനിൽനിന്നും എനിക്ക് ലഭിച്ചത്. ദൈവത്തിന് സമർപ്പിക്കപ്പെട്ട ഒരു ജീവിതം എന്നതിനാൽ മാത്രം ലഭിക്കുന്ന അനേകം അനുഗ്രഹങ്ങളിൽ ഒന്നു മാത്രമാണിത്. ''എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരിമാരെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും. അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും'' (മത്താ. 19:29).

വ്യക്തിപരമായി, എന്റെ ജീവിതത്തെക്കുറിച്ച് പറഞ്ഞാൽ, മൂന്ന് പതിറ്റാണ്ടുകൾ പിന്നിട്ട എന്റെ സന്യാസജീവിതത്തിൽ ഞാൻ ഏറെ കൃതാർത്ഥയാണ്. എന്റെ ജീവിതത്തിന്റെ പരിപൂർണതകൊണ്ടല്ല, കുറവുകളിലും വീഴ്ചകളിലും അവിടുത്തെ കരുണ ആവോളം തന്ന് എന്നെ താങ്ങി നടത്തുന്ന വിശ്വസ്തനായ എന്റെ നാഥന്റെ നിസീമ സ്നേഹത്തിൽ വിശ്വാസമർപ്പിക്കുന്നതുകൊണ്ടു മാത്രം. ഞാൻ ഒരിക്കലും ഒറ്റയ്ക്കല്ല, ഞാൻ ആർക്കായി എന്റെ ജീവിതം സമർപ്പിച്ചുവോ ആ ഈശോയുടെ കരുതലും സ്നേഹവും എന്നോടൊപ്പമുണ്ട് എന്ന് ഇന്നുവരെയുള്ള ജീവിതത്തെക്കുറിച്ച് എനിക്ക് ഉറപ്പോടെ പറയാൻ കഴിയും. ഞാൻ എന്റെ പ്രഥമ വ്രതവാഗ്ദാന സ്മാരകത്തിൽ ഇപ്രകാരമാണ് എഴുതിയിരുന്നത്, 'യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു' (ഫിലിപ്പി. 3:12). ഒപ്പം ഒരു കൊച്ചു പ്രാർത്ഥനയും, 'കർത്താവേ എന്നെ സ്നേഹഹൃദയത്തിൽ കാത്തു സൂക്ഷിക്കണമെ'. ഈശോയെ അടുത്തറിഞ്ഞ പല വിശുദ്ധരും പറയുന്നതുപോലെ, നാം അവിടുത്തെ സ്വന്തമായിരിക്കാൻ ആഗ്രഹിക്കുന്നതിലും എത്രയോ ഉപരി അവിടുന്ന് നമ്മെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നു. തന്റെ സ്നേഹഹൃദയത്തിൽ അവിടുന്ന് എന്നെ ഇന്നോളം കാത്തുസൂക്ഷിച്ചു. ജീവിതം മുഴുവനിലും മരണത്തിലും നിത്യതയിലും ആ സ്നേഹഹൃദയം എനിക്ക് ആശ്രയമായി ഉള്ളപ്പോൾ ഞാൻ എത്ര ഭാഗ്യവതിയാണ്. സന്യാസജീവിതത്തിൽ ആനന്ദിക്കാനും ആഹ്ലാദിക്കാനും ഇതിൽ കൂടുതലായി എന്താണ് വേണ്ടത്? മറ്റെന്തെങ്കിലും ലഭിച്ചതുകൊണ്ടോ, ലഭിക്കാൻ സാധ്യതയുള്ളതുകൊണ്ടോ അല്ല സന്യാസജീവിതം സന്തോഷകരമാകുന്നത്. യേശുവിനെ നിത്യമായി ലഭിക്കുന്നതുകൊണ്ടാണ്. എന്റെ ഹൃദയത്തിന്റെ ആഴത്തിൽനിന്ന് ഞാൻ എവിടെയും ഏറ്റുപറയുവാൻ ആഗ്രഹിക്കുന്നു. ഇനിയും എത്ര ആയുസ്സ് ഉണ്ടായാലും കർത്താവിന്റെ പരിശുദ്ധ സഭയിലെ ഒരു സന്യാസിനിയായി, പരിശുദ്ധ അമ്മയുടെ മകളായി ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ലോകത്തിന്റെ മോഹിപ്പിക്കുന്ന സകലതിനെയും ഉച്ഛിഷ്ടം പോലെ വലിച്ചെറിഞ്ഞ് സ്വന്തമാക്കേണ്ട 'വിലയേറിയ മുത്താണ്' കത്തോലിക്കാസഭയിലെ സന്യാസജീവിതം. അനേകം യുവഹൃദയങ്ങളെ ഈ നിധി കണ്ടെത്താൻ പരിശുദ്ധാത്മാവ് സഹായിക്കട്ടെ.

# കത്തോലിക്കാ പൗരോഹിത്യത്തിന്റെ അനന്യത

55 വർഷത്തെ സംഭവബഹുലമായ പൗരോഹിത്യ ശുശ്രൂഷകൊണ്ടും, സാമൂഹിക ജീവിതത്തിലെ ശ്രദ്ധേയമായ ഇടപെടലുകൾകൊണ്ടും ജനഹൃദയങ്ങളിൽ സവിശേഷമായ സ്ഥാനം അലങ്കരിക്കുന്ന, തിരുവല്ല അതിഭദ്രാസനത്തിന്റെ മുൻ വികാരിജനറാളും, പ്രമുഖ ഗാന്ധിയനും, മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ മുന്നണി പോരാളിയുമായ **വന്ദ്യ രാമനാലിൽ ചെറിയാൻ കോർഎപ്പിസ്ക്കോപ്പ** വൈദിക-സന്യസ്ത ജീവിതത്തിന്റെ അനന്യതയെക്കുറിച്ച് **റവ. ഫാ. ജോൺ കരപ്പനശ്ശേരിയുമായി** അഭിപ്രായങ്ങൾ പങ്കുവയ്ക്കുന്നു.

**1. അങ്ങ് പൗരോഹിത്യ ജീവിതത്തിലേക്ക് ആകർഷിക്കപ്പെടാനുണ്ടായ സാഹചര്യം എന്താണ്? ഈ വഴിയിൽ മുൻപേ നടന്നു നീങ്ങിയ വൈദിക-സന്യസ്ത ജീവിതങ്ങൾ എത്ര മാത്രം അങ്ങയെ സ്വാധീനിച്ചിട്ടുണ്ട്?**

1953 ൽ ഞങ്ങളുടെ കുടുംബം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. അതിന് കാരണക്കാരായിത്തീർന്നത് ബഹുമാനപ്പെട്ട ജേക്കബ് വഴുതലക്കാട്ട്, തോമസ് നേര്യംപറമ്പിൽ, ജോസഫ് പാണ്ടിപ്പള്ളി, അലക്സ് തേവർവേലിൽ എന്നീ വൈദികരാണ്. ഈ വൈദികശ്രേഷ്ഠരുടെ കത്തോലിക്കാസഭയോടുള്ള സ്നേഹവും, കത്തോലിക്കാവിശ്വാസം അതിന്റെ തനിമയിൽ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിൽ അവർ കാണിച്ച തീക്ഷ്ണതയും എന്നെ ആകർഷിച്ചു. അവരുടെ ശ്രേഷ്ഠമായ ജീവിതമാതൃക ഒരു വൈദികനായി ത്തീരണമെന്നുള്ള തീരുമാനത്തിലേക്ക് എന്നെ നയിച്ചു. 1955 ൽ അങ്ങനെ ഞാൻ സെമിനാരിയിൽ പ്രവേശിക്കുകയും ചെയ്തു. പരിശീലന പ്രക്രിയയിലും, പിന്നീടും, അനേകം പേരുടെ ജീവിതമാതൃകയും പ്രാർത്ഥനയും എന്നെ ബലപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് മറക്കാനാവില്ല.

**2. വൈദിക-സന്യസ്ത ജീവിതത്തിൽ ചുരുക്കം ചിലരെങ്കിലും സംതൃപ്തി കണ്ടെത്താൻ പരാജയപ്പെടുകയും പ്രതിസന്ധികൾ സൃഷ്ടിക്കുകയും ചെയ്യുന്നതായി നാം ഈ കാലയളവിൽ കാണുമ്പോൾ, ദീർഘമായ ഒരു പൗരോഹിത്യ ജീവിതം നയിച്ച അങ്ങ് സന്തുഷ്ടനാണോ?**

എന്റെ 55 വർഷത്തെ പൗരോഹിത്യശുശ്രൂഷയിൽ ഞാൻ എപ്പോഴും സന്തുഷ്ടനാണ്. നമ്മൾ എപ്രകാരം ഈ വിളിയെയും ശുശ്രൂഷയെയും നോക്കിക്കാണുന്നു എന്നതാണ് പരമപ്രധാനം. എന്റെ ജീവിതം സന്തുഷ്ടമായിരിക്കുന്നതിന്റെ കാരണം പൗരോഹിത്യത്തിന്റെ ലക്ഷ്യങ്ങളും സാഹചര്യങ്ങളും അതിവിശുദ്ധമായി കരുതി അതിന്റെ പൂർണ്ണതയിലേക്ക് എത്തിച്ചേരുവാൻ ഞാൻ ആഗ്രഹിക്കുന്നുവെന്നതാണ്. പരിശുദ്ധ കുർബാന കേന്ദ്രീകൃതമായി എന്റെ പൗരോഹിത്യജീവിതത്തെ മുൻപോട്ടു കൊണ്ടു പോകാൻ കഴിയുന്നുവെന്നതാണ് എനിക്ക് സംതൃപ്തി നൽകുന്നത്. എനിക്ക് ലഭ്യമായ അവസരങ്ങളെ മനുഷ്യരുടെ സമസ്ത മേഖലകളിലുമുള്ള വളർച്ചയെ മുൻനിർത്തി ദൈവാശ്രയബോധത്തോടെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞതുകൊണ്ട് ഒരിക്കൽപോലും ജീവിതം ഭാരമായി തോന്നിയിട്ടില്ല. ഈ വിശ്രമജീവിത വേളയിലും എന്നാലാവുന്ന നന്മകൾ ചെയ്ത് സംതൃപ്തിയോടെ ജീവിക്കുന്നു.

**3. അങ്ങയുടെ ധന്യമായ ജീവിതത്തിലൂടെ പൊതുസമൂഹത്തിനും സഭയ്ക്കും നിരവധി നന്മകൾ ചെയ്യാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അവയിൽ ഏറെ സന്തോഷം അനുഭവിച്ച നിമിഷം ഏതാണ്? അതേപോലെതന്നെ അങ്ങയെ വേദനിപ്പിച്ച അവസരവും ഏതാണ്?**

1965 മുതൽ 1971 വരെയുള്ള എന്റെ പൗരോഹിത്യ ജീവിതത്തിലെ ആദ്യവർഷങ്ങളിൽ തമിഴ്നാട്ടിലെ നീലഗിരിയിലെ പാവപ്പെട്ട കുടിയേറ്റ കർഷകർക്കുവേണ്ടി പ്രവർത്തിക്കാൻ കഴിഞ്ഞു. മലയാളികളായ കുടിയേറ്റ കൃഷിക്കാരെ കുടിയിറക്കുന്ന ഒരു സാഹചര്യം ഉണ്ടായപ്പോൾ വിവിധ രാഷ്ട്രീയ-സാമൂഹിക പ്രവർത്തകരുടെ സഹകരണത്തോടെ ആ പ്രതിസന്ധിയെ തരണം ചെയ്ത് അവർക്ക് സ്ഥിര പട്ടയം നേടിയെടുക്കാൻ എനിക്കു സാധിച്ചു. ആ കുടിയേറ്റ സമൂഹത്തിന് താങ്ങായി നിന്ന് അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിഞ്ഞ



താണ് ഞാൻ ഏറെ സന്തോഷം അനുഭവിച്ച അവസരം. എന്നാൽ അത്ഭുതമെന്നു പറയട്ടെ, ഈ ശുശ്രൂഷാ ജീവിതത്തിൽ ഒരിക്കൽപോലും ദുഃഖിതനായിത്തീർന്ന അനുഭവം എനിക്കുണ്ടായിട്ടില്ല എന്നത് ദൈവകൃപയായി ഞാൻ കാണുന്നു. അതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. നിരാശപ്പെടേണ്ട ഒരു അവസരം ഉണ്ടായിട്ടില്ല.

**4. പൊതുസമൂഹത്തിൽ വൈദിക-സന്യസ്ത സേവനങ്ങൾ വിലമതിക്കപ്പെടുന്നുണ്ട് എന്നതിന്റെ വലിയ തെളിവാണല്ലോ 23 വർഷങ്ങൾ നീണ്ട അച്ചന്റെ മല്ലപ്പള്ളി പ്രദേശത്തെ ശുശ്രൂഷയും, അച്ചന് മല്ലപ്പള്ളിയുടെ ശബ്ദമായി മാറാൻ കഴിഞ്ഞതും. ഈ കാലഘട്ടത്തിൽ പൊതുസമൂഹത്തിൽ വൈദികർക്കും സന്യസ്തർക്കും ലഭിക്കുന്ന സ്വീകാര്യതയ്ക്ക് കുറവ് വന്നിട്ടുണ്ടോ?**

പൂന പേപ്പൽ സെമിനാരിയിൽ ഞങ്ങളെ പരിശീലിപ്പിച്ച ഈശോസഭാ വൈദികർ അവർ നിയോഗിക്കപ്പെടുന്ന സ്ഥലങ്ങളുടെ സമഗ്രവികസനം മുൻനിർത്തി പ്രവർത്തിച്ചിരുന്നത് എന്നെ ഏറെ സ്വാധീനിച്ചതിന്റെ ഫലമാണ് മല്ലപ്പള്ളിയിലും മറ്റും പൊതുസമൂഹത്തിനുവേണ്ടി വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹിക മേഖലകളിൽ പ്രവർത്തിക്കാനും ഐ.റ്റി.സി. പോലെയുള്ള സംരംഭങ്ങൾ ആരംഭിക്കാനും ഇടയായത്. അവമൂലം ജീവിതം മെച്ചപ്പെട്ട അനേകരെ വിവിധ സ്ഥലങ്ങളിൽവച്ച് നല്ല ജീവിത നിലവാരത്തിൽ കാണാൻ കഴിഞ്ഞുവെന്നുള്ളതും എന്നെ സന്തോഷിപ്പിക്കുന്നു. അതോടൊപ്പം ഞാൻ ശ്രദ്ധ കൊടുത്ത മറ്റൊരു മേഖലയാണ് മദ്യാസക്തിക്കെതിരെയുള്ള പ്രവർത്തനങ്ങൾ. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങളോടു ചേർന്ന് അനേകം കുടുംബങ്ങളിൽ ആശ്വാസം പകരാൻ കഴിഞ്ഞതും ദൈവകൃപയാണ്. അതുകൂടാതെ പൊതുജനത്തെ വലച്ചിരുന്ന ബന്ദിനെതിരെ ഒറ്റയാൾ പോരാട്ടം നടത്തി സമൂഹത്തിൽ ഒരു ചലനം സൃഷ്ടിക്കാനും കഴിഞ്ഞു. പൊതുസമൂഹത്തിനുവേണ്ടി വൈദികർക്കും സന്യസ്തർക്കും മാത്രം ചെയ്യാൻ കഴിയുന്ന നിരവധി കാര്യങ്ങൾ ഇപ്പോഴും ഉണ്ട്. മറ്റുള്ളവർ നമ്മുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നുണ്ടോ എന്നോർത്ത് നമ്മൾ ആകുലരാകേണ്ട. നമ്മെ ഭരമേൽപ്പിക്കുന്ന ഇടങ്ങളിൽ ചെയ്യാവുന്ന നന്മകൾ ചെയ്ത് കടന്നു പോവുക. ഒരു ചെറിയ ന്യൂനപക്ഷം വിമർശനബുദ്ധിയോടെ നമ്മുടെ പ്രവർത്തികളെ കണ്ടെന്നു വരാം. എങ്കിലും ഭൂരിപക്ഷം പേരും നമ്മുടെ നന്മകളെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നവർ തന്നെയാണ്.

**5. പൗരോഹിത്യ-സന്യസ്ത ജീവിതത്തിൽ അവരുടെ കുടുംബങ്ങൾ വഹിക്കുന്ന പങ്ക് എന്താണ്?**

സെമിനാരി പരിശീലനത്തിനായി കടന്നുവരുവാൻ ഇടയായത് എന്റെ കുടുംബത്തിന്റെ വലിയ പിന്തുണയായിരുന്നു. കുടുംബത്തിൽ എന്നെ ഏറെ സ്വാധീനിച്ച വ്യക്തി എന്റെ വല്യപ്പച്ചൻ ആയിരുന്നു. അപ്പച്ചന്റെ പ്രാർത്ഥനാ ജീവിതവും, ബൈബിൾ പഠനത്തോടുള്ള താത്പര്യവും, സഭയോടുള്ള തീക്ഷ്ണമായ സ്നേഹവും എന്നിലെ പുരോഹിതനെ രൂപപ്പെടുത്തുന്നതിന് വിത്ത് പാകിയെന്നു പറയാം. സെമിനാരിയിലെ നീണ്ട പരിശീലനമെല്ലാം നമ്മൾ കുടുംബത്തിൽനിന്ന് ആർജിച്ചെടുക്കുന്ന മൂല്യങ്ങളെ കൂടുതൽ പരിപോഷിപ്പിക്കുമെന്നേ ഉള്ളൂ. അടിസ്ഥാനം കുടുംബത്തിൽനിന്നു കിട്ടുന്ന പരിശീലനംതന്നെയാണ്. വൈദികരോ സന്യസ്തരോ ആയിക്കഴിഞ്ഞാലും കുടുംബത്തിന്റെ പ്രാർത്ഥനാപൂർണ്ണമായ പിന്തുണ നമുക്ക് ആവശ്യമാണ്. എന്നെ സംബന്ധിച്ച് ആ പിന്തുണ ഇപ്പോഴും ലഭിക്കുന്നു.

**6. പൗരോഹിത്യ-സന്യസ്ത ജീവിതത്തിൽ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് നിരവധി പ്രതിസന്ധികൾ ഉടലെടുക്കുന്ന കാലഘട്ടമാണല്ലോ ഇത്. ഈ കാലഘട്ടത്തെ നേരിടാൻ തക്കവണ്ണം നമ്മുടെ വൈദികപരിശീലന പ്രക്രിയയിൽ കാലികമായ മാറ്റം വരുത്തണമെന്ന് അച്ചൻ ആഗ്രഹിക്കുന്നുണ്ടോ?**

പ്രതിസന്ധികൾ എല്ലാ കാലത്തും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരണവും കടന്നു കയറ്റവുംമൂലം കൂടുതൽ വ്യത്യസ്തമായ പ്രതിസന്ധികളെ നാം അഭിമുഖീകരിക്കേണ്ടി വരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. കത്തോലിക്കാസഭ പിൻതുടരുന്ന വൈദിക-സന്യസ്ത പരിശീലന പ്രക്രിയ ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യംവച്ച് രൂപീകരിച്ചിട്ടുള്ളതാണ്. അതിൽ ശ്രദ്ധേയമായ മാറ്റം വരുത്തേണ്ടതില്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. എന്നാൽ കാലത്തിന്റെ പ്രത്യേകതയെ മനസിലാക്കി തങ്ങളെത്തന്നെ ഒരുക്കാൻ അർത്ഥികളെ ബോധവാൻമാരാക്കണം. കാലത്തിന്റെ പ്രതിസന്ധികളെ അവരുമായി ചർച്ച ചെയ്ത് കൂടുതൽ ദൈവാശ്രയത്തോടും കരുതലോടും വിവേകത്തോടുംകൂടെ ശുശ്രൂഷാജീവിതത്തിനായി തങ്ങളെത്തന്നെ സമർപ്പിക്കാൻ അവർ തയ്യാറാകണം. ആഴപ്പെട്ട ആത്മീയ ജീവിതവും സഭാസ്നേഹവും ഉള്ളവരായി അവരെ രൂപവത്ക്കരിക്കാനാണ് പരിശീലന ഭവനങ്ങൾ ഈ കാലഘട്ടത്തിൽ ശ്രദ്ധിക്കേണ്ടത്.

**7. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ഒരു മുതിർന്ന വൈദികനെന്ന നിലയിൽ ഈ സഭയുടെ പൗരോഹിത്യ-സന്യസ്ത ദർശനങ്ങളെ അങ്ങ് എങ്ങനെ കാണുന്നു?**

മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ഒരു പ്രത്യേക ദൗത്യം ഉണ്ട്. ഐക്യത്തിന്റെയും സ്നേഹത്തിന്റെയും വിശുദ്ധിയുടേയും സാക്ഷ്യം മറ്റ് സമൂഹങ്ങൾക്കുകൂടി കാണിച്ചു കൊടുക്കാൻ ഉള്ള പ്രത്യേക ദൗത്യമായിതിനെ നാം തിരിച്ചറിയണം. മാർ ഈവാനിയോസ് തിരുമേനി അന്നത്തെ കാലഘട്ടത്തിൽ കാണിച്ച ആത്മധൈര്യം, പ്രതികൂല സാഹചര്യങ്ങളിലും ഇന്നത്തെ കാലയളവിൽ സഭയെ നയിക്കാനും വളർത്താനും നമ്മുടെ വൈദികർക്കും സന്യസ്തർക്കും മാതൃകയാണ്. മലങ്കരസഭയുടെ തനിമയെ ഒട്ടും കൈമോശം വരാതെ സൂക്ഷിച്ചും, അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനും, ലോകത്തിന്റെ അതിർത്തികളോളം സുവിശേഷം സംലഭ്യമാക്കുന്നതിനും വിളി സ്വീകരിച്ചവരായിട്ടാണ് വൈദികരെയും സന്യസ്തരെയും മലങ്കര സുറിയാനി കത്തോലിക്കാസഭ കാണുന്നത്. എന്റെ പൗരോഹിത്യ ജീവിതത്തിൽ മലങ്കരസഭയുടെ ഈ

ദർശനങ്ങളെ പ്രാവർത്തികമാക്കാൻ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. മറ്റ് സഭയിലെ വൈദികരുമായും സഭാമക്കളുമായും സഹകരിക്കുന്നതിനും പ്രവർത്തിക്കുന്നതിനും സംലഭ്യമായ എല്ലാ അവസരങ്ങളും ഞാൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് മല്ലപ്പള്ളിയിൽ ഒരു എക്യുമെനിക്കൽ ഫോറം രൂപീകരിക്കുന്നതിനും അവിടെ ഇപ്പോഴും തുടരുന്ന സംയുക്ത ക്രിസ്മസ് ആഘോഷങ്ങളുടെ തുടക്കക്കാരൻ ആകുന്നതിനും ഇടയായി. ദൈവവചനം പഠിക്കുന്നതിനും കേൾക്കുന്നതിനും അതിൽ വളരുന്നതിനും നമ്മുടെ സഭാമക്കളെയും മറ്റുള്ളവരെയും പ്രോത്സാഹിപ്പിക്കുവാൻ മല്ലപ്പള്ളിയിൽ കരിസ്മാറ്റിക് കൺവൻഷൻ ആരംഭിക്കുന്നതിനും ഇടയായത് മലങ്കരസഭയുടെ ഈ ദർശനങ്ങളെ മുൻനിർത്തിതന്നെയാണ്. അതോടൊപ്പം മറ്റ് മതസമൂഹങ്ങളിൽ ആയിരിക്കുന്ന നമ്മുടെ സഹോദരങ്ങളോടുള്ള ബന്ധം ഊഷ്മളമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**8. വൈദിക-സന്യസ്ത ജീവിതങ്ങൾ ദൃശ്യശ്രാവ്യ മാധ്യമങ്ങളാൽ നിരന്തരം വേട്ടയാടപ്പെടുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. പ്രത്യേകിച്ച് അവരുടെ അവിവാഹിത ജീവിതത്തെപ്പറ്റി വലിയ ചർച്ചകൾ അരങ്ങേറുമ്പോൾ കത്തോലിക്കാ പൗരോഹിത്യത്തിന്റെയും സന്യാസത്തിന്റെയും മഹത്വത്തെ അങ്ങ് എങ്ങനെ വിലയിരുത്തുന്നു?**

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വ്യക്തികളുടെ സ്വകാര്യതയിലേക്ക് നടത്തുന്ന കടന്നുകയറ്റം അതിരൂക്ഷമാണ് എന്നത് പറയാതിരിക്കാനാവില്ല. കത്തോലിക്കാ വൈദികർക്കോ സന്യസ്തർക്കോ അവിവാഹിത ജീവിതം എങ്ങനെ സാധ്യമാകുന്നു എന്നതിനെപ്പറ്റി ഒരു സംശയം മാധ്യമങ്ങൾ പൊതുജനത്തിനിടയിൽ അവതരിപ്പിക്കുകയാണ്. വാർത്തകൾ സൃഷ്ടിക്കുന്നതിനുള്ള വ്യഗ്രത ആയിട്ടു മാത്രമേ വിവേകമുള്ളവർക്ക് ഇതിനെ കാണാൻ കഴിയൂ. പുരോഹിതർക്കും സന്യസ്തർക്കും അവിവാഹിത ജീവിതം അസാധ്യമാണെന്നുള്ള ഒരു മുൻവിധി ആളുകൾക്കിടയിൽ പ്രചരിപ്പിക്കാൻ പലരും ശ്രമിക്കുന്നു. ഇവിടെ നാം മനസിലാക്കേണ്ട ഒരു കാര്യം, കത്തോലിക്കാസഭയുടെ വലിയ ശക്തി ജീവിതം മുഴുവൻ സഭയ്ക്കും സമൂഹത്തിനുമായി ഉഴിഞ്ഞുവച്ച് ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കുന്ന പുരോഹിതരുടെയും സന്യസ്തരുടെയും സമർപ്പണത്തിന്റേതാണെന്ന് സഭയുടെ ശത്രുക്കൾക്കറിയാം. അതിനെ തകർത്ത് പൊതുസമൂഹത്തിൽ സഭയെ അധിക്ഷേപിക്കാനും തകർക്കാനുമാണ് ഒരു കൂട്ടം ആളുകൾ ഇന്ന് ശ്രമിക്കുന്നത്. ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ വെളിച്ചത്തിൽ സഭയിലെ എല്ലാ പുരോഹിതരും സന്യസ്തരും മോശക്കാരാണെന്ന് വരുത്തിത്തീർക്കാനുള്ള ഗൂഢതന്ത്രമായിതിനെ തിരിച്ചറിയാൻ പൊതുസമൂഹത്തിന് കഴിയും. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ, ഇതുവരെയുള്ള ശുശ്രൂഷാജീവിതത്തിന്റെ പശ്ചാത്തലത്തിൽ നിന്നു നോക്കുമ്പോൾ വൈവാഹികജീവിതം എല്ലാ പ്രശ്നങ്ങൾക്കും ഉള്ള ശാശ്വതപരിഹാരമായി വാദിക്കുന്നതിനോട് യോജിക്കുവാൻ എനിക്കു കഴിയില്ല. ഒരു വിവാഹിത വൈദികസമൂഹത്തിനുവേണ്ടി ആരും കാതോർത്തിരിക്കേണ്ടതില്ലെന്നതാണ് എന്റെ അഭിപ്രായം.

**9. പുതിയ തലമുറയിലെ വൈദിക-സന്യസ്ത സഹോദരങ്ങൾക്കും, ഇനി ഈ വഴിയിലൂടെ കടന്നു വരുന്നവർക്കും അനേക വർഷത്തെ പൗരോഹിത്യ ജീവിതാനുഭവത്തിന്റെ വെളിച്ചത്തിൽ അങ്ങേക്ക് നൽകാനുള്ള സന്ദേശം എന്താണ്?**

നമുക്കു കുറവുകൾ ഉണ്ടാകാം. എന്നാൽ കുറവുകളെ നിറവുകളാക്കുന്ന ദൈവത്തിൽ ആശ്രയിച്ച് മുൻപോട്ടു പോവുകയെന്നതാണ് പരമ പ്രധാനം. ദൈവാശ്രയബോധം ഒരിക്കലും നഷ്ടപ്പെടുത്താതിരിക്കുക. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ ഒരു സമ്പൂർണ്ണ സമർപ്പണജീവിതത്തിന്റെ സാധ്യതയും മാതൃകയും കാട്ടിക്കൊടുക്കാൻ നമുക്ക് ബാധ്യതയുണ്ട്. അത് നമ്മൾ ഏറ്റെടുക്കണം. പ്രതിസന്ധികൾ കൂടുതലായിട്ടുള്ള ഈ കാലഘട്ടത്തിൽ അതിനെപ്പറ്റി പഠിക്കാനും ചർച്ച ചെയ്യാനും സധൈര്യം അവയെ തരണം ചെയ്യാനും പരിശ്രമിക്കുന്നവരെ, പ്രത്യേകിച്ച് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ, വൈദികരെയും സന്യസ്തരെയും ഉന്നം വച്ചുള്ള പ്രവർത്തനങ്ങളെ വിവേകത്തോടും ജാഗ്രതയോടും നേരിടാനുള്ള ആർജവത്വം നാം കാണിക്കണം. ഇവ പലതും മാധ്യമസൃഷ്ടികൾ മാത്രമാണെന്ന് നമ്മുടെ ജീവിതംകൊണ്ട് കാണിച്ചു കൊടുക്കാനുള്ള ആത്മീയ വിശുദ്ധിയും ഒരുക്കവും നാം അഭ്യസിക്കണം. അവിവാഹിത ജീവിതത്തിന്റെ സമർപ്പണത്തിലൂടെ സഭയെയും സമൂഹത്തെയും ശക്തിപ്പെടുത്താൻ നമുക്ക് സാധിക്കുമെന്നത് കാണിച്ചുകൊടുക്കാൻ കഴിയണം. കത്തോലിക്കാസഭയുടെ വലിയ സമ്പത്തും ആന്തരിക ശക്തിയും അതാണെന്ന് ധൈര്യപൂർവ്വം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പരിശുദ്ധ കുർബാനയിൽനിന്നും ശക്തി പ്രാപിച്ച്, പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിൽ ആയിരുന്ന് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരാൻ ഈ കാലഘട്ടത്തിൽ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

*വൈദിക-സന്യസ്ത ജീവിതങ്ങളും ശുശ്രൂഷകളും ചോദ്യം ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ നമുക്ക് മുൻപേ സധൈര്യം ദൈവപരിപാലനയിൽ ആശ്രയിച്ച്, തന്റെ ആടുകൾക്ക് കൃത്യ സമയത്ത് ഭക്ഷണം കൊടുക്കുന്നതിൽ ജാഗരൂകനായിരിക്കുന്ന വിശ്വസ്തനും വിവേകിയുമായ വന്ദ്യ രാമനാലിൽ ചെറിയാൻ കോറെപ്പിസ്കോപ്പായെ പോലെയുള്ള സമർപ്പിതർ നമുക്ക് വഴിവിളക്കുകളാകുന്നു. വിശ്രമമില്ലാത്ത വിശ്രമജീവിത കാലത്തിലും പൗരോഹിത്യത്തിന്റെ സമർപ്പിത തീക്ഷ്ണതയാൽ ജ്വലിക്കുന്ന അവരുടെ ഹൃദയവും, ജീവിത വിശുദ്ധിയുടെ നാൾവഴികളും, സഭയോട് എരിവുള്ള സ്നേഹവും, സമൂഹത്തോട് പ്രതിബദ്ധതയും, സംശയദൃഷ്ടിയോടെ പൗരോഹിത്യ-സമർപ്പിത ജീവിതങ്ങളെ നോക്കിക്കാണാൻ മാത്രം ശീലിച്ചിട്ടുള്ളവർക്ക് വ്യക്തമായ മറുപടി നൽകുന്നു. തങ്ങളുടെ ജീവിതങ്ങൾകൊണ്ട് വൈദിക-സന്യസ്ത ജീവിതത്തിനും ശുശ്രൂഷകൾക്കും ഇന്നും പ്രസക്തിയുണ്ടെന്ന് തെളിയിച്ചു കൊണ്ടിരിക്കുന്ന ഈ ധന്യജീവിതങ്ങളാണ് കത്തോലിക്കാസഭയുടെ ശക്തി.*

# സന്യസ്തർ

## അഗതികളുടെ മാലാഖമാർ



**സി. ടെസ് പരിയാരത്തുകുന്നേൽ എസ്.ഡി.**
(ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ജില്ലാ ആശുപത്രി, ആലപ്പുഴ)

ബാല്യകാലത്തിൽതന്നെ സന്യാസജീവിതം ഒരു മഹത്വമുള്ള വിളിയാണെന്ന് എനിക്കു ബോധ്യപ്പെട്ടിരുന്നു. എന്റെ മാതാപിതാക്കൾ, ഇടവക വൈദികർ, സന്യസ്തരുടെ ജീവിതമാതൃകകൾ എന്നിവ സന്യാസജീവിതത്തിലേക്ക് എന്നെ കൂടുതൽ അടുപ്പിച്ചു. സ്കൂൾ വിദ്യാഭ്യാസകാലത്ത് എസ്.ഡി. കോൺഗ്രിഗേഷനിലെ രാജിമരിയ സിസ്റ്റർ ആയിരുന്നു ഏറ്റവും പ്രിയപ്പെട്ട അദ്ധ്യാപിക. രാജിമരിയ സിസ്റ്റർവഴി ചങ്ങനാശ്ശേരി ചെത്തിപ്പുഴ മേഴ്സി ഹോമിലെ വൈകല്യങ്ങളുള്ള കുഞ്ഞുങ്ങളെ കാണാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. പലവിധ വൈകല്യങ്ങളുള്ള ഈ കുഞ്ഞുമക്കൾ വളരെ സന്തോഷത്തോടെ ആയിരിക്കുന്നത്, ഈ സിസ്റ്റേഴ്സിന്റെ സ്നേഹോഷ്മളമായ ശുശ്രൂഷയിലൂടെയാണെന്നുള്ളത് മനസിലാക്കാൻ പറ്റിയപ്പോൾ, ഈ മക്കൾക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നാഗ്രഹം എന്നിൽ ഉടലെടുത്തു. അങ്ങനെ പാവങ്ങളെ ശുശ്രൂഷിക്കുകയെന്നുള്ള ആഗ്രഹത്തോടെ ഞാൻ അഗതികളുടെ സഹോദരിമാരുടെ സന്യാസസമൂഹത്തിലേക്ക് പ്രവേശിച്ചു.

### അഗതികളിലേക്ക് ഒരുക്കം

എസ്.ഡി. കോൺഗ്രിഗേഷനിലൂടെ, അഗതികളായിട്ടുള്ള സഹോദരങ്ങളെ ശുശ്രൂഷിക്കാനുള്ള സാഹചര്യവും അവസരവും അതിനാവശ്യമായ ബൗദ്ധികജ്ഞാനവും ലഭിച്ചിട്ടുണ്ട്. ഞങ്ങൾ പരിശീലനകാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾതന്നെ, അങ്ങനെയാണ് സഭ ഞങ്ങളെ വളർത്തുന്നത്. ഒരു ഗ്രൂപ്പായി പ്രവർത്തിക്കുന്നതുകൊണ്ട്, അതിന്റേതായിട്ടുള്ള ഫലം ഞങ്ങൾക്കനുഭവിക്കാൻ സാധിക്കുന്നുണ്ട്. എന്റെ പിന്നിൽ ഒരു കൂട്ടം സിസ്റ്റേഴ്സ് കൂടെയുള്ളതുകൊണ്ട് നല്ലൊരു സേവനം ഈ മേഖലയിൽ കാഴ്ചവയ്ക്കാൻ സാധിക്കുന്നു. പ്രത്യേകിച്ച് ഓട്ടിസം ബാധിച്ച കുട്ടികൾ, പഠനവൈകല്യമുള്ള കുട്ടികൾ, സെറിബ്രൽ പാൾസിയുള്ള കുഞ്ഞുങ്ങൾ....... ഈ മക്കൾ വരുമ്പോൾ അവരുടെ കുടുംബത്തോട് ചേർന്നുനിന്നുകൊണ്ട് അവരെ സഹായിക്കാൻ കഴിയുന്നു. അവരുടെയൊക്കെ മാതാപിതാക്കൾ വളരെയധികം മാനസിക ബുദ്ധിമുട്ടിലൂടെയാണ് കടന്നുപോകുന്നത്. അവരുടെ മാനസികാവസ്ഥ മനസിലാക്കി കുടുംബത്തിലേക്ക് ഇറങ്ങിച്ചെന്ന് സഹായിക്കാനായി ആതുരസേവനത്തിനിടയിൽ പലപ്പോഴും എനിക്ക് സാധിക്കാറില്ല. പക്ഷേ, എന്റെ കൂടെയുള്ള സന്യാസിനിമാരുടെ സഹായത്തോടെ, പ്രത്യേകിച്ച് Special educators, Rehabilitation therapist, Occupational therapist, Physiotherapist, Speech therapist തുടങ്ങിയ ഒരുകൂട്ടം സന്യാസിനികളാണ് ഈ മേഖലയിൽ സേവനം ചെയ്യുന്നത്. എനിക്ക് സാധിക്കാത്തത്, അവരുമായി ബന്ധപ്പെടുത്തി കഴിയുമ്പോൾ, അനേകം മക്കൾക്ക് പ്രയോജനം ലഭിക്കുന്നു. പ്രത്യേകിച്ചും, ടോയ്‌ലറ്റ് ട്രെയിനിംഗ് ആകാത്ത കുഞ്ഞുങ്ങളെപ്പോലും, ശുശ്രൂഷിക്കുവാൻ സാധിക്കുന്നുവെന്നത് വളരെ അഭിമാനത്തോടെ ഓർക്കുന്ന കാര്യങ്ങളാണ്.

### അഗതികളിലേക്ക് സന്തോഷത്തോടെ

വ്യക്തിപരമായി നോക്കുമ്പോൾ, എന്റെ സന്യാസജീവിതത്തിൽ ഞാൻ വളരെയേറെ സന്തുഷ്ടയാണ്, സന്തോഷവതിയാണ്. എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ പാവങ്ങളെ ശുശ്രൂഷിക്കുക, അഗതികളുടെ സഹോദരിമാരുടെ സന്യാസസഭയിൽ ഒരംഗമാകുക. നന്നായിട്ട് പ്രാർത്ഥിക്കുന്ന ഒരു സന്യാസിനിയാകുകയെന്നത് എന്റെ വലിയൊരു സ്വപ്നമായിരുന്നു. ഇപ്പോഴത്തെ എന്റെ ജീവിതത്തിൽ, മാനസികമായി വിഷമിക്കുന്ന സഹോദരങ്ങളെ സഹായിക്കാൻ സാധിക്കുന്നുണ്ട്. ഈയൊരു യാത്രയിൽ, പ്രാർത്ഥനയെന്നത് ജീവിതത്തിലെ ഒരു വലിയ ശക്തിയായാണ് എനിക്ക് അനുഭവപ്പെടുന്നത്. ജീവിതവഴികളിൽ ദൈവപരിപാലന വേണ്ടുവോളം ലഭിച്ചിട്ടുള്ള അനുഭവങ്ങളും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. ദൈവപരിപാലനയാണ് എന്റെ സന്യാസജീവിതത്തിന്റെ കരുത്ത്. ഓരോ ദിവസവുമുള്ള പരിശുദ്ധ കുർബാനയിലൂടെ ഈശോയുമായുള്ള ബന്ധം ദൃഢമാവുകയും, ധ്യാനത്തിലൂടെ ആവശ്യമായ ഉൾക്കാഴ്ചയും ബോധ്യവും നേടിയെടുക്കാനും, അതിനനുസരിച്ച് സന്തോഷവതിയായി ജീവിക്കാനും സന്യാസജീവിതത്തിലൂടെ എനിക്ക് സാധിക്കുന്നു.

### അഗതികളിലേക്ക് വ്രതബദ്ധതയോടെ

സന്യാസജീവിതത്തിലെ മൂന്നു വ്രതങ്ങൾ അനുഷ്ഠിച്ചാണ് ഓരോ സന്യാസിനിയും ജീവിക്കുന്നത്. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ പാലിക്കുന്നതിലൂടെ എനിക്ക് ഒരു വലിയ ആത്മീയ സന്തോഷം ലഭിക്കുന്നു. ജോലി ചെയ്യുമ്പോൾ കൂടെയുള്ളവർ ചോദിക്കാറുണ്ട്. ശമ്പളം സ്വന്ത ആവശ്യത്തിന് നന്നായി ഉപയോഗിക്കാൻ സാധിക്കുന്നുണ്ടോയെന്ന്? ഞാൻ ജീവിതത്തിൽ ഒരിക്കലും ശമ്പളത്തെപ്പറ്റി ചിന്തിച്ചിട്ടില്ല. അതു ഞാൻ സഭയ്ക്ക് നല്കുന്നു. കാരണം സഭയാണ് എന്നെ പഠിപ്പിച്ച് ഞാൻ ആയിരിക്കുന്ന ഇപ്പോഴത്തെ എന്റെ ഉയർച്ചയ്ക്ക് താങ്ങായി നിന്നതും, നില്ക്കുന്ന

തും. അതിനാൽ എന്റെ ശമ്പളം നിറമനസോടെ പ്രൊവിഷ്യൽ ഹൗസിൽ ഏൽപ്പിക്കുന്നു. മേലധികാരികൾ അത് വേണ്ടരീതിയിൽ വിനിയോഗിക്കുന്നതു കാണുമ്പോൾ അഭിമാനവും, സന്തോഷവും എനിക്കനുഭവപ്പെടുന്നു. അനുസരണവ്രതം തരുന്ന സുരക്ഷിതത്വവും കൃപയും ആവോളം എനിക്കു ലഭിച്ചു. എന്റെ അധികാരികളിലൂടെ ദൈവം സംസാരിക്കുന്നുവെന്നും, എന്നെ സംബന്ധിക്കുന്ന ദൈവഹിതം എന്റെ അധികാരികളിലൂടെയാണ് വെളിപ്പെടുന്നതെന്നും ഉറച്ചു വിശ്വസിക്കാനുള്ള കൃപ ദാനമായി എനിക്കു ലഭിച്ചു. സഭയുടെ നിയമങ്ങളും സമൂഹത്തിന്റെ നിയമങ്ങളും അനുസരിക്കുമ്പോൾ ആന്തരിക സന്തോഷവും സ്വാതന്ത്ര്യവും അനുഭവിക്കുവാൻ സാധിക്കുന്നു. ഈ യാഥാർത്ഥ്യം സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കില്ല. ഇതൊക്കെ ജീവിക്കുമ്പോൾ കിട്ടുന്ന ഒരു ആന്തരികാനന്ദം വളരെ വലുതാണ്. ബ്രഹ്മചര്യവ്രതത്തെക്കുറിച്ച് പറഞ്ഞാൽ, അതിലൂടെ ലഭിക്കുന്ന ആത്മസ്വാതന്ത്ര്യവും ആവോളം അനുഭവിക്കാനായിട്ടുണ്ട്. ഞാനായിരുന്ന സ്ഥലങ്ങളിൽ പ്രായഭേദമെന്യേ ആളുകൾ 'അമ്മേ' എന്നും, 'സിസ്റ്റർ' എന്നും വിളിക്കുകയും, സ്വന്തം വീട്ടിലെ ഒരംഗത്തെപ്പോലെ അവരുടെ ഭവനങ്ങളിൽ സ്വീകരിക്കുകയും ചെയ്യുമ്പോൾ, പ്രത്യേകിച്ച്, എന്നേക്കാൾ മുതിർന്ന ചേട്ടൻമാരും അച്ചായൻമാരുമൊക്കെ സ്വസഹോദരിയെപ്പോലെയും സ്വന്തം മകളെപ്പോലെയും എന്നെ കരുതിയിട്ടുണ്ടെങ്കിൽ, അത് ഞാനവരുടെ മുമ്പിൽ അമ്മയായിരുന്നതുകൊണ്ടും, സഹോദരിയായിരുന്നതുകൊണ്ടും തന്നെയാണ്.

## അഗതികളിലേക്ക് പ്രതിസന്ധികളിലൂടെ

മാധ്യമങ്ങൾ ഇന്ന് നിഷേധാത്മകമായ വാർത്തകൾ സന്യാസത്തെക്കുറിച്ചും, സന്യാസിനികളെക്കുറിച്ചും പ്രചരിപ്പിക്കുന്നുണ്ട്. ഇതുപോലുള്ള തെറ്റായ വാർത്തകൾവഴി ഞങ്ങളുടെ സമർപ്പണജീവിതം ചോദ്യം ചെയ്യപ്പെടുന്നു. ഞങ്ങളോട് അടുത്തിടപെടുന്ന ആളുകൾക്കും, ഞങ്ങളുടെ ശുശ്രൂഷ അനുഭവിച്ചിട്ടുള്ള ജനങ്ങൾക്കും സന്യാസത്തിന്റെ മഹത്വം നന്നായി മനസ്സിലാക്കുവാൻ സാധിക്കും. എന്റെ ജീവിതത്തിൽ ഒരനുഭവമുണ്ടായിട്ടുണ്ട്. ഹിന്ദുമതത്തിൽപ്പെട്ട ഒരു സഹോദരിയുടെ കുട്ടി ഓട്ടിസ്റ്റിക് കുട്ടിയാണ്. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഈ കുടുംബം ചികിത്സക്കുവേണ്ടി പല ആശുപത്രികളിലും പോയിരുന്നു. ഒരു ദിവസം അപ്രതീക്ഷിതമായി ആശുപത്രിയിൽവെച്ച് ഈ സഹോദരിയെ കാണുവാനിടയായി. ആ സാഹചര്യത്തിൽ ഈ കുഞ്ഞിനെ rehabilitate ചെയ്യാനായി ഒരു സ്ഥാപനത്തിലേക്ക് അയക്കുന്നത് നല്ലതാണെന്ന് എനിക്ക് തോന്നി. അങ്ങനെ ഈ കുടുംബത്തെ ചങ്ങനാശ്ശേരിയിലുള്ള 'മേഴ്സി ഹോമി'ലേക്ക് പറഞ്ഞയച്ചു. അവിടുത്തെ മൂന്നുമാസത്തെ ചികിത്സയിൽ കുട്ടിക്ക് വളരെയേറെ വ്യത്യാസം ഉണ്ടായി. ആ സഹോദരി കാരുണ്യഭവനത്തിൽനിന്ന് മടങ്ങുന്ന സമയത്ത് എന്റെ കരങ്ങളിൽ പിടിച്ച് നിറകണ്ണുകളോടെ പറഞ്ഞു. സന്യാസിനികളെ സംശയദൃഷ്ടിയോടെയായിരുന്നു ഞാൻ ഇതുവരെ നോക്കി കണ്ടിരുന്നത്. സന്യാസിനികളെപ്പറ്റി നിഷേധാത്മകമായ കാര്യങ്ങൾ നവമാധ്യമങ്ങൾ പ്രചരിച്ചപ്പോൾ പലപ്പോഴും വിശ്വസിച്ചിട്ടുണ്ട്. എന്നാൽ, സന്യാസം എന്താണെന്നും, സന്യാസിനികളുടെ ജീവിതം എത്ര മഹത്വമുള്ളതാണെന്നും ഇവിടെയുള്ള മൂന്നു മാസത്തെ ജീവിതംകൊണ്ട് എനിക്കു ബോദ്ധ്യപ്പെട്ടു. സന്യാസിനികളുമായി അടുത്തിടപെട്ടതുമൂലം എന്റെ ഉള്ളിലെ തെറ്റായ ധാരണ പൂർണ്ണമായും മാറി കിട്ടി.

കുടുംബത്തിൽ ഭർത്താവ്, ഭാര്യ, മക്കൾ, മാതാപിതാക്കൾ എന്നിവയിൽ മാത്രം ഒതുങ്ങിപ്പോകുന്നു. എന്നാൽ സന്യാസജീവിതത്തിലേക്ക് കടന്നുവരുമ്പോൾ എന്റെ കൂടെയുള്ളവരും എനിക്ക് ചുറ്റുമുള്ളവരും, എന്റെ സ്വന്തമാണെന്ന ബോധ്യത്തിലേക്ക് കടന്നുവരും. എന്റെ ഈശോയുമായുള്ള ബന്ധംമൂലം എനിക്ക് എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കും എന്ന ബോധ്യത്തിൽ ഞാൻ വളർന്നിട്ടുണ്ട്. ആ അഭിമാനത്തോടെയാണ് ഞാൻ എന്റെ സന്യാസജീവിതത്തിൽ നില്ക്കുന്നത്.

## അഗതികളിലേക്ക് ഒരുമയോടെ

ഇന്ന് കേരളം വിദ്യാഭ്യാസത്തിലും, ആരോഗ്യരംഗത്തും ഏറ്റവും മുൻപന്തിയിലാണെന്നുള്ളത് അഭിമാനത്തോടെ നോക്കിക്കാണാൻ സാധിക്കുന്ന യാഥാർത്ഥ്യമാണ്. ഇക്കാര്യത്തിൽ സന്യാസിനികളുടെ സാന്നിധ്യവും, അവരുടെ സമർപ്പണവും വലിയ പങ്ക് വഹിച്ചിട്ടുള്ളതിൽ, ഞാനും ഒരു സന്യാസിനിയെന്ന നിലയിൽ അഭിമാനിക്കുന്നു.

ഒരു സംഭവം ഓർക്കുകയാണ്. കഴിഞ്ഞ വർഷം നിംഹാൻസിലെ (National Institute of Mental Health and Neuro Sciences, Banglore) ഓൺലൈൻ സെഷനിൽ പങ്കെടുത്തപ്പോൾ ഡിസബിലിറ്റി ഏരിയായിൽ പ്രവർത്തിക്കുന്ന ഒരു മാഡം മാനസിക-ബുദ്ധിവൈകല്യമുള്ള കുഞ്ഞുങ്ങൾക്ക് സന്യാസിനികൾ ചെയ്യുന്ന ശുശ്രൂഷയെക്കുറിച്ച് വളരെയേറെ അഭിമാനത്തോടെ സംസാരിക്കുകയുണ്ടായി. ആ അനുഭവം എന്നെ സന്യാസത്തിന്റെ മഹനീയതയെയും, മാഹാത്മ്യത്തെയുംകുറിച്ച് വീണ്ടും ചിന്തിക്കാൻ പ്രേരിപ്പിച്ചു. സന്യാസസഭയിൽ ആയിരുന്നുകൊണ്ട്, ഇന്നത്തെ സമൂഹത്തിൽ വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങളെ സഹായിക്കുവാനും, അവരെ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരുവാനും എനിക്കു സാധിക്കുന്നത് ഈ സന്യാസ-ദൈവവിളിയിൽ ആയിരിക്കുന്നതുകൊണ്ടാണെന്ന് ഉറപ്പിച്ച് പറയാൻ സാധിക്കും.

## അഗതികളിലൂടെ വിശുദ്ധിയിലേക്ക്

ക്രിസ്തുവിന്റെ മുഖം ലോകത്തിന് കാണിച്ചു കൊടുക്കേണ്ടവരാണ് സന്യാസിനികൾ. അനാഥർ, ദരിദ്രർ, പീഡിതർ, മർദ്ദിതർ, രോഗികൾ എന്നിവരിൽ ക്രിസ്തുവിന്റെ കരുണനിറഞ്ഞ മുഖം ദർശിക്കുവാൻ സന്യാസിനികൾക്ക് സാധിക്കുന്നു. ഈശോയുടെ മുഖവും, സ്പർശനവും ലോകത്തിന് ഏറ്റവും കൂടുതൽ കാണിച്ചുകൊടുക്കുവാൻ സാധിക്കുന്നത് സന്യാസിനികൾക്കാണ്. ഇതിന് സന്യാസജീവിതം ഏറ്റവും നല്ലൊരു മാർഗ്ഗമാണെന്നുള്ളത് അഭിമാനത്തോടെ ഓർക്കുവാനും, അത് മറ്റുള്ളവരുടെ മുന്നിൽ പറയാനും ഞാൻ എന്നും ആഗ്രഹിക്കുന്നു.



# സന്യാസജീവിതത്തിന്റെ ആനന്ദം

**നീണ്ട 67 വർഷത്തെ സ്തുത്യർഹമായ സമർപ്പണജീവിതം, ജീവിതയാത്രയിൽ കണ്ടുമുട്ടിയ അനേകർക്ക് ദൈവാനുഭവവും ക്രിസ്തീയസാക്ഷ്യവും നല്കിയ ശ്രേഷ്ഠജീവിതം, സന്യാസജീവിതത്തിന്റെ മഹത്വവും ആനന്ദവും സ്വജീവിതത്തിലൂടെ വെളിപ്പെടുത്തിയ മഹനീയ വ്യക്തിത്വം, സന്യാസജീവിതത്തിന് പുതിയ മാനവും അനുകരണീയമായ മാതൃകയും നല്കിയ ജീവിതശൈലിയുടെ ഉടമ, ബഥനി സന്യാസിനിസമൂഹം തിരുവല്ല പ്രൊവിൻസിന് അവിസ്മരണീയമായ നേതൃത്വം നല്കിയ മദർ പ്രൊവിൻഷ്യൽ, ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്തായുടെ സഹോദരി റവ. സി. ജെയിൻ എസ്.ഐ.സി.യുമായി റവ. സി. ജോബ്സി എസ്.ഐ.സി. നടത്തിയ അഭിമുഖം.**

**1. സന്യാസജീവിതത്തെക്കുറിച്ചുള്ള സിസ്റ്ററിന്റെ കാഴ്ചപ്പാട് സ്വജീവിതാനുഭവത്തെ ആസ്പദമാക്കി ഒന്ന് വിവരിക്കാമോ?**

സന്യാസജീവിതം മാലാഖമാരുടെ ജീവിതമാണെന്ന മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകളാണ് എന്റെ മനസ്സിൽ ആദ്യമായി വരുന്നത്. ക്രിസ്തുവിനെ ഏറ്റം അടുത്ത് അനുകരിക്കുക എന്നതാണല്ലോ ക്രിസ്തീയസന്യാസത്തിന്റെ സാരാംശം. മൂന്ന് വ്രതങ്ങളിലൂടെ തങ്ങളെത്തന്നെ പൂർണമായി ദൈവത്തിനു സമർപ്പിച്ച്, ഈ ലോകത്തിൽ ദൈവജനത്തിന് സേവനം ചെയ്ത്, ഇവിടെവച്ചുതന്നെ സ്വർഗീയജീവിതത്തിനു സാക്ഷ്യം വഹിക്കാമെന്നാണ് എന്റെ അനുഭവം. വിവിധ സ്വഭാവക്കാരായ സഹോദരങ്ങൾ ഒന്നിച്ചു ജീവിക്കുമ്പോൾ അവിടെ കരുതലിന്റെയും പങ്കുവയ്പിന്റെയും ക്ഷമയുടെയും ഒക്കെ ആവശ്യം ഉണ്ടാകും. അതൊക്കെ നിർവഹിച്ച് യേശുതമ്പുരാനെ അനുകരിച്ച് സ്വർഗഭാഗ്യം അനുഭവിക്കാൻ സാധിക്കുമ്പോൾ അത് സ്വർഗീയജീവിതത്തിന്റെ മുന്നാസ്വാദനമാണെന്ന് എനിക്ക് അനുഭവപ്പെടുന്നു.

**2. സന്യാസസമർപ്പണത്തിൽ 67 വർഷങ്ങൾ പിന്നിടുമ്പോൾ, ഇന്നും സിസ്റ്റർ സമൂഹത്തിൽ സന്തോഷവതിയായി കാണപ്പെടുന്നതിനു കാരണം?**

സന്യാസ ജീവിതത്തിൽ ഞാൻ അറുപത്തിയേഴ് വർഷങ്ങൾ പിന്നിടുന്നു. ഞാൻ ഇപ്പോഴും സന്തോഷവതിയാണ്. കാരണം ജീവിതത്തിൽ ഉയർച്ചയും താഴ്ചയും വിജയവും പരാജയവും ഉണ്ടായപ്പോഴും എന്റെ കർത്താവ് കൂടെ ഉണ്ടെന്നു ഞാൻ അനുഭവിച്ചറിഞ്ഞു. കഴിഞ്ഞ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ആത്മീയമായി ഏറെ അനുഗ്രഹങ്ങൾ ചൊരിഞ്ഞ അവിടുത്തെ കൃപയ്ക്കു നന്ദി പറയാൻ വാക്കുകളില്ല. അധ്യാപിക ആയിരുന്നപ്പോൾ പല ദുർഘട ഘട്ടങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. അപ്പോഴെല്ലാം കർത്താവ് കൈവിടാതെ കൂടെ ഉണ്ടായിരുന്നു എന്നോർക്കുമ്പോൾ ഹൃദയം നന്ദിയാൽ നിറയുകയാണ്. അപ്പോഴൊക്കെ എന്റെ സമൂഹത്തിലെ സഹോദരങ്ങളും താങ്ങും തണലുമായി നിന്നിട്ടുണ്ട്.

**3. ശാസ്ത്രസാങ്കേതികവിദ്യകൾ ഇത്രയധികം വർധിച്ചിരിക്കുന്ന ഈ ലോകത്തിൽ പുതിയ തലമുറ ഏറെ മുന്നിലാണ്. ഈ കാലഘട്ടത്തിന്റെ ജീവിതസാഹചര്യങ്ങളെ കണക്കിലെടുക്കുമ്പോൾ ഇന്ന് സന്യാസത്തിനുള്ള പ്രസക്തിയെക്കുറിച്ച് സിസ്റ്ററിന്റെ അഭിപ്രായം എന്താണ്?**

ശാസ്ത്രവും സാങ്കേതികവിദ്യകളും എത്രയധികം പുരോഗമിച്ചാലും സന്യാസത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് മാറ്റമില്ല. ഇന്ന് ലോകം ഇത്രയധികം വികസിതമായെങ്കിലും തങ്ങളെത്തന്നെ സമർപ്പിച്ചു ശുശ്രൂഷ ചെയ്യാൻ സന്യസ്തരെ ഇന്നും കർത്താവിനു ആവശ്യമുണ്ട്..ഏതു മേഖല എടുത്തു നോക്കിയാലും, അവിടെ സന്യസ്തർ ചെയ്യുന്ന സേവനം എടുത്തു പറയത്തക്കതു തന്നെയാണ്. ഇന്ന് സമൂഹം അനുഭവിക്കുന്ന എല്ലാ വികസനങ്ങൾക്കു പിന്നിലും സമർപ്പിതർ ഉണ്ടെന്നു പറയാതിരിക്കാൻ കഴിയില്ലല്ലോ. വിദ്യാലയങ്ങൾ, ആശുപത്രികൾ ഇവയൊക്കെ സമർപ്പിതരുടെ പ്രയത്നത്തിന്റെ ഫലങ്ങൾ തന്നെയാണല്ലോ. വേറിട്ട നിരവധി പ്രവർത്തനങ്ങൾ പൂർണ്ണ സമർപ്പണത്തോടെ അവർ ചെയ്യുന്നു. അനാഥർക്ക് അമ്മയായും, വാർധക്യത്തിലുള്ളവർക്കു മകളായും, അറിവിന്റെ വെളിച്ചം പകർന്നുകൊടുത്ത് അധ്യാപകരായും, രോഗികൾക്ക് ആശ്വാസമായും ആത്മീയവും ഭൗതികവുമായ ഏറെ സേവനങ്ങൾ ഇന്ന് സമർപ്പിതർ നിർവഹിക്കുന്നുണ്ട്.



**4. ഒരാൾ സന്യാസിനി ആകുമ്പോൾ അവളുടെ സ്വാതന്ത്ര്യവും ഇല്ലാതാവുകയല്ലേ? സന്യാസസ്വാതന്ത്ര്യവും ലോകം മനസ്സിലാക്കുന്ന സ്വാതന്ത്ര്യവും എപ്രകാരമാണ് വ്യത്യസ്തമായിരിക്കുന്നത്?**

സ്വന്തം ഇഷ്ടമനുസരിച്ചു ജീവിക്കുന്നതല്ലല്ലോ സ്വാതന്ത്ര്യം. ക്രിസ്തീയ സ്വാതന്ത്ര്യം എന്നാൽ ദൈവത്തിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിച്ചു കൊണ്ടുള്ളതാണ്. അപ്പസ്തോലന്മാരും ആദിമ ക്രിസ്ത്യാനികളുമൊക്കെ അനുഭവിച്ചതും ജീവിച്ചതും ഈ സ്വാതന്ത്ര്യമാണ്. ഇന്ന് സമർപ്പിതർ വിളിക്കപ്പെട്ടിരിക്കുന്നതും ഈ സ്വാതന്ത്ര്യത്തിലേക്കാണ്. ആത്മാവ് തരുന്ന സ്വാതന്ത്ര്യം...ദൈവത്തിന്റെ ഹിതത്തെ എന്റേതാക്കി അനുസരിക്കുക എന്നത് സന്യാസത്തിന്റെ മാത്രമല്ല ക്രിസ്തീയജീവിതത്തിന്റെതന്നെ അടിസ്ഥാനമാണ്. സന്യാസത്തിൽ അനുസരണവ്രതമെടുത്തവർ ഈ ദൗത്യം പാലിക്കാൻ കടപ്പെട്ടിരിക്കുന്നു. ഈ വ്രതം സന്യസ്തർ സ്വമനസ്സാലെ എടുക്കുന്നതുമാണ്.

**5. ഇന്ന് ചുറ്റുപാടും നടന്നുകൊണ്ടിരിക്കുന്ന പ്രതികൂലമായ സംഭവങ്ങൾ സന്യാസദൈവവിളിയെയും പ്രതികൂലമായി ബാധിക്കുന്നില്ലേ? സംഭവങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കാതെ പ്രതികരിക്കുന്ന മാധ്യമങ്ങളോട് സിസ്റ്ററിനു പറയാനുള്ളതെന്താണ്?**

ഇന്ന് നമ്മുടെ ചുറ്റുപാടും നടക്കുന്ന സംഭവങ്ങൾ സന്യാസദൈവവിളിയെയും ബാധിക്കുന്നുണ്ട്. എന്നാൽ എത്രയധികം പ്രതികൂല സാഹചര്യങ്ങളാണോ, അത്രയും ഉറച്ചതായിരിക്കും ദൈവവിളി എന്നതിലും തർക്കമില്ല. മാധ്യമങ്ങൾ കാര്യങ്ങളുടെ അടിസ്ഥാന സത്യങ്ങൾപോലും വിസ്മരിച്ചുകൊണ്ടാണ് വാർത്ത ഉണ്ടാക്കുന്നത്. മാധ്യമങ്ങൾ പ്രേക്ഷകരിലേക്ക് എത്തിക്കേണ്ടത് സത്യമാണ് എന്ന് മറക്കാതിരിക്കുക. അത് ജനങ്ങളുടെ അവകാശമാണ്.

**6. സന്യാസപരിശീലന പ്രക്രിയയിൽ ഏതൊക്കെ മേഖലകളിലാണ് കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമായിട്ടുള്ളത് എന്നതിനെക്കുറിച്ചുള്ള ചിന്തകൾ പങ്കുവയ്ക്കാമോ?**

വിവരസാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ജ്ഞാനവും അവ പക്വതയോടെ എങ്ങനെ ഉപയോഗിക്കാം എന്നതിനെക്കുറിച്ചും അവർക്കു നല്ല പരിശീലനം നൽകേണ്ടതുണ്ട്. ഇന്നത്തെ തലമുറയുടെ ഇടയിൽ എപ്രകാരം മാതൃകാപരമായി ജീവിക്കാമെന്നതിനു സാക്ഷ്യങ്ങളും അവർക്കാവശ്യമുണ്ട്. കുടുംബപ്രേഷിതത്വത്തിനു പ്രാധാന്യം കൊടുക്കണം. അതോടൊപ്പംതന്നെ മിഷൻരംഗങ്ങളിൽ കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കാനുള്ള ആത്മീയപരിശീലനവും നൽകേണ്ടതുണ്ട്.

**7. സന്യാസികൾ ഇല്ലാത്ത ഒട്ടേറെ സഭകൾ നമ്മുടെ ഇടയിലുണ്ട്. അവരും മിഷനറി പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. എന്ത് വ്യത്യസ്തതയാണ് കത്തോലിക്കാസഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന സന്യസ്തരിലൂടെ സഭയ്ക്ക് അനുഭവപ്പെടുന്നത്?**

സന്യാസികൾ ഇല്ലാത്ത സഭകളും സുവിശേഷ പ്രഘോഷണം നടത്തുന്നുണ്ട്. കത്തോലിക്കാസഭയുടെമിഷൻപ്രവർത്തനങ്ങൾ അനുഭവിച്ചിട്ടുള്ളവർക്കും ആ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ളവർക്കുംഈ ചോദ്യത്തിന്റെ ഉത്തരം വളരെ വ്യക്തമായി മനസിലാക്കുവാൻ സാധിക്കും. ഒരു കോൺവെന്റ്സ്കൂളിൽ പഠിച്ച കുട്ടി എത്രകാലം കഴിഞ്ഞാലും അധ്യാപകരായ സിസ്റ്റേഴ്സിനെ മനസ്സിൽ കൊണ്ടു നടക്കുന്നത് അവരുടെ സമർപ്പണം ആത്മാർത്ഥമായിരുന്നതുകൊണ്ടാണ്. സമർപ്പിതർ ചെയ്യുന്നത് പരിപൂർണ്ണ സ്നേഹത്തോടെയാണ്, പരിപൂർണ സമർപ്പണത്തോടെയാണ്.

**8. സന്യാസജീവിതത്തെ വേറിട്ടതാക്കുന്നത് മൂന്നു വ്രതങ്ങളാണല്ലോ – അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം. എന്നാൽ സ്വന്ത ഇഷ്ടം, വിവാഹജീവിതം, പണം ഇവയൊന്നും അതിൽതന്നെ തിന്മയല്ല. അപ്പോൾ ഈ കാര്യങ്ങൾ സന്യാസിനികൾ വേണ്ടെന്നു വയ്ക്കുന്നത് എന്തിനുവേണ്ടിയാണ്?**

സ്വന്ത ഇഷ്ടം, വിവാഹജീവിതം, പണം ഇവയൊന്നും അതിൽതന്നെ തിന്മയല്ല. എന്നാൽ യേശുവിനെ അനുകരിക്കലാണ് സന്യാസം. യേശു ദരിദ്രനായിരുന്നു, ബ്രഹ്മചാരിയായിരുന്നു, അനുസരണം ഉള്ളവനായിരുന്നു. അതുകൊണ്ടാണ് സന്യാസജീവിതവും ആ പാതതന്നെ പിന്തുടരുന്നത്. അവിടുന്ന് മരണംവരെയും പിതാവായ ദൈവത്തിന്റെ ആഗ്രഹത്തിനും ആജ്ഞക്കും എതിരായി ഒന്നും ചെയ്തില്ല. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചു. ജനനംമുതൽ മരണംവരെ ദരിദ്രനായി ജീവിച്ചു. അതുപോലെ യേശുതമ്പുരാനെ സ്നേഹിച്ച്, അവിടുത്തെ കല്പനകൾ പാലിച്ച് ജീവിക്കുകയാണ് സന്യാസം. അവിടുത്തെ സ്വന്തമാക്കി സ്വർഗീയജീവിതത്തിനു ഒരുങ്ങുവാനാണ് വ്രതങ്ങൾ.

**9. ഇപ്പോൾ ഉയരുന്ന സമർപ്പിതരുടെ ജീവിതത്തിലെ പാളിച്ചകൾ, ചില അവിശ്വസ്തതകൾ... ഇവയൊക്കെ കുടുംബജീവിതത്തിലും അല്ലെങ്കിൽ പുറത്തുള്ള സമൂഹത്തിലും ഉണ്ടാകുന്നുണ്ട്.. പിന്നെ എന്തുകൊണ്ടായിരിക്കാം ഈ പ്രശ്നങ്ങൾമാത്രം ഇത്രയും ജനശ്രദ്ധ നേടുന്നതും ആഘോഷിക്കപ്പെടുന്നതും?**

സമർപ്പിതരുടെ വീഴ്ചകൾ ഇത്രയധികം വിമർശിക്കപ്പെടുന്നതിനു ഒറ്റ കാരണമേയുള്ളൂ. അത്രയധികം നന്മ അവരിൽനിന്ന് ലോകം പ്രതീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ, അത് വളരെ

അധികം ചർച്ച ചെയ്യപ്പെടുന്നു.. ഉയരം കൂടുന്തോറും വീഴ്ചയുടെ ആധിക്യവും കൂടും എന്ന് ഫുൾട്ടൻ ജെ ഷീൻ പറഞ്ഞിട്ടുണ്ട്.

**10. യേശുനാഥൻ ഒരു സന്യാസസമൂഹവും സ്ഥാപിച്ചിട്ടില്ല.. പിന്നെ യേശുവിനെ അനുഗമിക്കാൻ ഇങ്ങനെ ഒരു ജീവിതശൈലിയുടെ ആവശ്യമെന്താണ് എന്ന് ചോദിക്കുന്നവരുണ്ട്. അവരോടുള്ള സിസ്റ്ററിന്റെ പ്രതികരണം എന്താണ്?**

ക്രിസ്ത്യാനികൾ എല്ലാവരും തന്നെ ഈശോയെ അനുഗമിക്കാൻ വിളിക്കപ്പെട്ടവരാണ്. യേശു സന്യാസസമൂഹം സ്ഥാപിച്ചില്ല എങ്കിലും അവിടുന്നാണ് ആദ്യത്തെ സന്യാസി. യേശുവിന്റെ ജീവിതം 2000 വർഷങ്ങൾക്കു മുൻപ് കടന്നു പോയതല്ല. ഇന്നും ജീവിക്കുന്നതാണ്. ഈ ശക്തിയാണ് സന്യാസജീവിതത്തിലേക്കുള്ള ആഗ്രഹം ഓരോ വ്യക്തിക്കും തരുന്നത്. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന ദിവ്യാഹ്വാനം, യേശുവിനെ പിന്തുടരുവാൻ അനേകരെ ആകർഷിക്കുന്നു.

**11. സന്യാസത്തിൽ സമൂഹജീവിതത്തിനു ഏറെ പ്രാധാന്യമുണ്ട്. സന്യാസസമൂഹജീവിതം എപ്രകാരമാണ് യേശുവിനെ അടുത്തനുഗമിക്കുന്നതിൽ പങ്കു വഹിക്കുന്നത്?**

യേശുതമ്പുരാൻ ശിഷ്യരോടൊത്തു ജീവിച്ചത് ഒരു സമൂഹജീവിതംതന്നെയായിരുന്നു. ശിഷ്യന്മാർക്കു ഉപദേശങ്ങൾ നൽകുവാനും അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുവാനും അവരോടൊപ്പം യേശുനാഥൻ ഉണ്ടായിരുന്നു. 72 ശിഷ്യന്മാരെ ദൈവരാജ്യ പ്രഘോഷണത്തിനയച്ചതും അവരുടെ അനുഭവങ്ങൾ യേശുവിന്റെ മുമ്പിൽ പങ്കുവച്ചതും സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടല്ലോ. എന്റെ പിതാവിന്റെ കാര്യങ്ങളിൽ ഞാൻ വ്യാപൃതനായിരിക്കുന്നു എന്ന് യേശു പറഞ്ഞതുപോലെ, നമ്മെ ഭരമേല്പിച്ചിരിക്കുന്ന കാര്യങ്ങളിൽ നാം വ്യാപൃതരാകുമ്പോൾ നമുക്കും യേശുവിനെ അനുഗമിക്കാൻ സാധിക്കും. അത് സാധ്യമാകുന്നത് സമൂഹജീവിതത്തിലൂടെ ആണെന്നതിൽ സംശയമില്ല. സമൂഹജീവിതത്തിലെ ഏറ്റവും വലിയ ആനന്ദം സമൂഹത്തെ നയിക്കാൻ, കർത്താവിന്റെ ഹിതം അറിയാൻ സാധിക്കുന്നു എന്നതാണ്. ഒന്നിച്ചു പ്രാർത്ഥിക്കുക, ഒന്നിച്ചു ഭക്ഷിക്കുക, കൂട്ടായ്മ പങ്കുവയ്ക്കുക, ഇതെത്ര വലിയ അനുഗ്രഹമാണ്. ദുഃഖത്തിലും പ്രയാസത്തിലും, ആശ്വാസവും ധൈര്യവും പകരാൻ അധികാരികളും, ഒപ്പമുള്ള സഹോദരങ്ങളും, കൃപകളും നന്മകളും പങ്കുവച്ച് പരസ്പരം വളർത്തി സഹായിക്കുന്നു. ഇങ്ങനെ സമൂഹജീവിതത്തിലൂടെ സിസ്റ്റേഴ്സ് യേശുവിനു സാക്ഷ്യം വഹിക്കുന്നു.

*സന്യാസജീവിതം മാലാഖമാരുടെ ജീവിതമാണെന്നും, അത് സ്വർഗീയജീവിതത്തിന്റെ മുന്നാസ്വാദനമാണെന്നും, അതിനാൽ ക്രിസ്തുവിനെ ഏറ്റമടുത്ത് അനുകരിക്കുകയാണ് ക്രിസ്തീയ സന്യാസജീവിതത്തിന്റെ സാരാംശമെന്നും ഉറച്ച ബോധ്യമുള്ള സി. ജെയിൻ ഈ ജീവിതത്തിൽ ഇന്നും ഏറെ സന്തോഷത്തോടെയും സംതൃപ്തിയോടെയും ജീവിക്കുന്നു. തന്റെ ൯൬-ാം വയസ്സിലും അനേകർക്ക് മാർഗദർശനവും, സന്യസ്തർക്ക് വഴികാട്ടിയും ഉത്തമമാതൃകയുമായും ഒരു വഴിവിളക്കുപോലെ ശോഭിക്കുന്നു.*

## ഐക്യദീപം അറിയിപ്പുകൾ

കോവിഡ് 19 രോഗത്തിന്റെ വലിയ ദുരിതങ്ങളിലൂടെ കടന്നുപോകുന്ന ഈ കാലയളവിൽ പലവിധ സാഹചര്യങ്ങൾമൂലം ഐക്യദീപം പുറത്തിറക്കുന്നതിൽ വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ ഐക്യദീപം എല്ലാ പള്ളികളിലും സമയത്ത് എത്തിച്ചുവെങ്കിലും ഇപ്പോഴും അത് ഭവനങ്ങളിലെത്താതെ മിക്കവാറും എല്ലാ പള്ളികളിലും സൂക്ഷിച്ചിരിക്കുകയാണ്. ഓഗസ്റ്റ് മാസത്തിന്റെ ഈ ലക്കവും സമയത്ത്തന്നെ പള്ളികളിലെത്തിക്കുകയാണ്. ഒത്തിരിയേറെ ക്ലേശങ്ങൾ സഹിച്ചാണ് ഈ അസൗകര്യങ്ങളുടെ നടുവിലും ഡി.റ്റി.പി. എടുക്കുന്നതും, ഡിസൈൻ ചെയ്യുന്നതും പ്രിന്റ് ചെയ്യുന്നതും ഓരോ പള്ളിയിലും എത്തിക്കുന്നതും. എന്നിട്ടും അത് തക്കസമയത്ത് ഭവനങ്ങളിലും വായനക്കാരിലും എത്തുന്നില്ലല്ലോ എന്നോർത്ത് ഖേദമുണ്ട്. ഇനിയുള്ള ദിവസങ്ങൾ കോവിഡ് 19 ന്റെ വലിയ ക്ലേശങ്ങളിലൂടെ നാം കടന്നുപോകേണ്ടിവരും. ഐക്യദീപം എത്തിക്കേണ്ടിവരുന്ന പല സ്ഥലങ്ങളിലും ഹോട്ട്സ്പോട്ടും കണ്ടെയ്ന്റ്മെന്റ് സോണും ആകുന്ന സാഹചര്യമുണ്ടാകും. സമൂഹവ്യാപനം ഭയന്ന് ഡി.റ്റി.പി., ഡിസൈനിംഗ്, പ്രിന്റിംഗ് പ്രസ് ഇവിടങ്ങളിലെല്ലാം സ്റ്റാഫിന് എത്തിച്ചേരുന്നതിനും ബുദ്ധിമുട്ടുണ്ടാകുന്നു. ഈ കാര്യങ്ങൾ പരിഗണിച്ച് ഈ ലക്കം ഐക്യദീപത്തിനുശേഷം സാഹചര്യങ്ങൾ അനുകൂലമാകുന്ന മുറയ്ക്ക് എത്രയും വേഗംതന്നെ അടുത്ത ലക്കം ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നതാണ്. മേൽ പറഞ്ഞ അസൗകര്യങ്ങൾ ഏവരും മനസ്സിലാക്കി സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

കഴിഞ്ഞ ലക്കങ്ങളിലേക്ക് നിരവധി ആളുകൾ അയച്ചുതന്ന ലേഖനങ്ങൾ, കവിതകൾ, സ്ഥിരം പംക്തികൾ, പരസ്യങ്ങൾ എന്നിവ സ്ഥലപരിമിതിമൂലം ചേർക്കുവാൻ സാധിച്ചിട്ടില്ല എന്നത് മനസ്സിലാക്കുമല്ലോ. തുടർ ലക്കങ്ങളിൽ അവ ഉൾപ്പെടുത്തുവാൻ പരിശ്രമിക്കുന്നതാണ്.

**പത്രാധിപർ**

# പൗരോഹിത്യജീവിതത്തിന്റെ സന്തോഷം



**റവ. ഫാ. ആന്റണി ചെത്തിപ്പുഴ**
(മാനേജർ, മാതാ സ്കൂൾ, ആലപ്പുഴ)



പൗരോഹിത്യ ശുശ്രൂഷയിൽ 39 വർഷങ്ങൾ പിന്നിടുമ്പോൾ പൗരോഹിത്യത്തെക്കുറിച്ചും പൗരോഹിത്യശുശ്രൂഷയിലൂടെ അനുഭവിക്കുന്ന ആത്മസന്തോഷത്തെക്കുറിച്ചും ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ക്രൈസ്തവ പൗരോഹിത്യം നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കാളിത്തമാണ്. 'പിന്നെ അവൻ മലമുകളിലേക്കു കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു (മർക്കോ. 3:13). ദൈവത്തിന്റെ വിളിയും അതിനുള്ള മറുപടിയുമാണ് പൗരോഹിത്യം. വിളിയുടെ ലക്ഷ്യമെന്തെന്ന് തുടർന്നുള്ള വാക്യത്തിൽ വ്യക്തമാണ്. 'തന്നോടുകൂടി ആയിരിക്കുന്നതിനും, പ്രസംഗിക്കാൻ അയയ്ക്കുന്നതിനും, പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതിനും, രോഗികളെ സൗഖ്യപ്പെടുത്തുന്നതിനും അവൻ അവരെ നിയോഗിച്ചു (മർക്കോ. 3:14-15). പൗരോഹിത്യത്തിന്റെ അന്തഃസത്ത അടിസ്ഥാനപരമായി, ത്രിയേക ദൈവത്തോടൊത്തായിരിക്കുക എന്നതാകുന്നു. പ്രാർത്ഥനകളിലൂടെ, വി. കുർബാനയിലൂടെ, മറ്റു കൂദാശകളിലൂടെ, വചനത്തിലൂടെ, മറ്റ് ആത്മീയ അനുഷ്ഠാനങ്ങളിലൂടെ സ്നേഹമയനായ ദൈവത്തോടൊത്തായിരിക്കുവാൻ പുരോഹിതൻ ശ്രമിക്കുന്നു. ഇങ്ങനെയുള്ള അനുഭവത്തിലൂടെയാണ് സുവിശേഷമാകാനും സുവിശേഷമേകാനും വൈദികനു സാധിക്കുക. 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ' എന്ന രണ്ടാമത്തെ ദൗത്യം പുരോഹിതൻ ഏറ്റെടുക്കുന്നു. മൂന്നാമതായി, പിശാചുക്കളെ ബഹിഷ്കരിക്കുവാൻ അധികാരം നല്കി. പിശാച് തിന്മയുടെ മൂർത്തീഭാവമാണ്. തിന്മയെ ബഹിഷ്കരിക്കുവാൻ, പുറത്താക്കുവാൻ, നന്മയെ നിറയ്ക്കുവാൻ പുരോഹിതന് സാധിക്കണം. തിന്മ നിറഞ്ഞ ലോകത്തിൽ നന്മയുടെ വെളിച്ചം പകരണം. നാലാമതായി രോഗികളെ സൗഖ്യപ്പെടുത്തുവാൻ അവൻ അവർക്ക് അധികാരം നല്കി. രോഗാതുരമായ ഒരു ലോകമാണ് ഇന്നുള്ളത്. മാനസികവും ശാരീരികവുമായ രോഗത്താൽ വലയുന്ന മനുഷ്യർക്ക് സൗഖ്യത്തിന്റെയും സ്വാന്തനത്തിന്റെയും പരിചാരകരാകാൻ സാധിക്കണം.

പൗരോഹിത്യ ആദ്ധ്യാത്മികത യോഹന്നാന്റെ സുവിശേഷം 15:13 ൽ വ്യക്തമാണ്. 'സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല'. പൗരോഹിത്യം സ്വയം ശൂന്യമാകലിന്റെ ഒരു ജീവിതമാണ്. യേശു തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ - അതെ കുരിശുമരണം വരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി (ഫിലി. 2:7-9). പൗരോഹിത്യം ദൈവത്തോടും ദൈവജനത്തോടുംകൂടെ നടക്കുന്ന ജീവിതമാണ്. താഴ്മയും വിനയവുമുള്ള ജീവിതം സ്വന്തമാക്കുക. വി. മദർ തെരേസയുടെ വാക്കുകളിൽ 'ഞാൻ ദൈവകരങ്ങളിൽ ഒരു പെൻസിൽ മാത്രം' (I am just a pencil in the hands of God). ഒരു പുരോഹിതൻ തന്റെ ബഹുവിധ ശുശ്രൂഷകളിലൂടെ തന്റെ ജീവൻ സ്നേഹിതർക്കുവേണ്ടി ബലിയർപ്പിക്കുന്നു. അനുഭവവേദ്യമായി ആരാധന പരികർമ്മം ചെയ്യാൻ സ്വയം ബലി അർപ്പിക്കണം. പ്രകടനപരത കടന്നുകൂടാനുള്ള പ്രവണത ഉണ്ടാകാം. അടുത്തയിടെ വായിച്ച ഒരു ഉദ്ധരണി പ്രസക്തമെന്നു തോന്നുന്നു. "When ministry becomes a theatre, the congregation becomes an audience, worship becomes an entertainment, and the man's applause and approval become the measure of success. But, when ministry is for the glory of God, His presence moves

into the sanctuary". വചനത്തിന്റെ നല്ല ശുശ്രൂഷകരാകാൻ പുരോഹിതൻ ജീവൻ സമർപ്പിക്കണം. നല്ല പ്രബോധകരാകാൻ, നല്ല ഒരുക്കത്തോടുകൂടി കൂദാശകൾ പരികർമ്മം ചെയ്യാൻ, നല്ല ആതുരശുശ്രൂഷകരാകാൻ, ഉത്തമ അജപാലകരാകാൻ ഓരോ പുരോഹിതനും ജീവനർപ്പിക്കണം. അനുദിനം സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കുന്ന ജീവിതമാകണം വൈദികന്റേത്. സ്വന്തം സുഖസൗകര്യങ്ങൾ ത്യജിച്ചുള്ള ജീവിതം. ഈ സമർപ്പണത്തെക്കുറിച്ച് യേശു പറയുന്നു. 'ആരും എന്നിൽനിന്ന് അത് പിടിച്ചെടുക്കുകയല്ല. ഞാൻ അത് സ്വമനസ്സാ സമർപ്പിക്കുകയാണ് (യോഹ.10:18). പൗരോഹിത്യവും സന്യാസവും അവമതിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്യുന്ന ഇക്കാലയളവിൽ യേശുവിന്റെ ഈ വചനം ഏറെ ചിന്തനീയമാണ്. സാഹചര്യസമ്മർദ്ദങ്ങളും, ചഞ്ചലമനസ്സും, തിന്മയുടെ സ്വാധീനവും, വിളറിയ ചിന്താധാരകളും, ഭൗതികതയുടെ ആകർഷണവും, ആത്മീയമന്ദതയും എല്ലാം വെല്ലുവിളികളാണ്. ഇവയുടെ മദ്ധ്യത്തിൽ തികഞ്ഞ ബോദ്ധ്യത്തോടും, ഉറച്ച മനസ്സോടുംകൂടി പൗരോഹിത്യത്തിന്റെ-സന്യാസത്തിന്റെ അന്തസ്സ് ഉയർത്തിപിടിച്ചു ജീവിക്കുവാൻ കഴിയണം. സ്വയം വിശുദ്ധീകരണത്തിന്റെ പാതയിലൂടെ ചരിക്കണം. 'അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു' (യോഹ. 17:19).

പൗരോഹിത്യത്തിന്റെ 39 വർഷം പിന്നിടുമ്പോൾ ദൈവികശുശ്രൂഷയിൽ ആയിരിക്കുവാൻ സാധിക്കുന്നതിൽ ഏറെ സന്തോഷിക്കുന്നു. കർത്താവിന്റെ സ്നേഹത്തിന്റെ ബലിയർപ്പിക്കുവാനും, കൂദാശകൾ പരികർമ്മം ചെയ്യുവാനും, ആത്മീയ ജീവിതത്തിലൂടെ ത്രിയേക ദൈവത്തോടടുത്തായിരിക്കുവാനും സാധിക്കുന്നത് വലിയ ഭാഗ്യമായി കരുതുന്നു. ആന്തരിക സമാധാനം (inner peace) അനുഭവിക്കാൻ സാധിക്കുന്നു. കർത്താവിന്റെ സഭയെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും സാധിക്കുന്നതിൽ സന്തോഷിക്കുന്നു. ദൈവജനത്തിന് ആത്മീയ ശുശ്രൂഷ നല്കുവാൻ സാധിക്കുന്നതിന്റെ സംതൃപ്തി, വിശാല സമൂഹത്തിന്, പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് നന്മ ചെയ്യാനും, ചെറിയ ഉപകാരങ്ങൾ ചെയ്യാനും സാധിക്കുന്നതിലും സന്തോഷം. നിശബ്ദതയെ (silence) സ്നേഹിക്കാനും ഏകാഗ്രതയിലായിരിക്കാനും സാധിക്കുന്നതിന്റെ സന്തോഷം. ബ്രഹ്മചര്യം പരിശുദ്ധ സഭയിലൂടെ ദൈവം നല്കുന്ന വരദാനമാണ്. വെല്ലുവിളികൾക്കിടയിലും ബ്രഹ്മചര്യം വ്യക്തിപരമായി ഒരു കൃപയാണ്. അത് ദൈവത്തെയും ദൈവജനത്തെയും സ്നേഹിക്കാനുള്ള ശക്തിയാണ്. ആരുടെയും സ്വന്തമാകാതെ എല്ലാവരുടെയും സ്വന്തമാകാനുള്ള വരദാനമാണ് ബ്രഹ്മചര്യം.




സഭയിലുള്ള സ്നേഹാന്തരീക്ഷം ഏറെ ആനന്ദം നല്കുന്നു. പിതാക്കന്മാരും വൈദികരും തമ്മിലുള്ള കൂട്ടായ്മയും, വൈദികർ പരസ്പരമുള്ള ബന്ധവും ഏറെ ബലം നല്കുന്നു. അല്മായ സഹോദരങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിലും, ജീവിതയാത്രയിൽ നിരവധി ആത്മാർത്ഥ സുഹൃത്തുക്കളെ നേടാൻ സാധിച്ചതിലും സംതൃപ്തിയുണ്ട്. നിത്യപുരോഹിതനായ യേശുവിന്റെ അമ്മ എന്റെയും അമ്മയായിരിക്കുന്നതിലും, ജീവിതത്തിന്റെ പ്രയാസ ഘട്ടങ്ങളിലും, വേദനയുടെ നിമിഷങ്ങളിലും എന്നെ കരംപിടിച്ചു നടത്തുന്ന ദൈവത്തിന്റെ സംരക്ഷണവും കാവലും അനുഭവിക്കുന്നതിലും ഞാൻ ഏറെ സന്തോഷിക്കുന്നു. 'ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാകുന്നു' (By the grace of God, I am what I am - 1 കൊരി. 15:10).



# ഒരു കോടി ജന്മമീ ഭൂമിയിൽ തന്നാലും......



**സി. ലില്ലി ജോസ് എസ്.ഐ.സി.**
മദർ പ്രൊവിൻഷ്യൽ, തിരുവല്ല

'നീ നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്കു പോകുക' (ഉല്പ. 12:1) എന്ന ദൈവ പിതാവിന്റെ സ്നേഹാഹ്വാനത്തിന് പ്രത്യുത്തരം നൽകുക എന്നത് ആദ്യം ചെറിയ ഒരു ആഗ്രഹമായി.... പിന്നീട് ഉറക്കം കെടുത്തുന്ന സ്വപ്നമായി.... ഒടുവിൽ ഉറച്ച തീരുമാനമായി.... ജനിക്കുന്നതിനുമുമ്പേ എന്നെ അറിഞ്ഞ് വിശുദ്ധീകരിച്ച ദൈവ പിതാവിന്റെ മനോമുകുരത്തിൽ എനിക്കായ് മെനയപ്പെട്ട, ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി, അത് എന്റെ നാശത്തിനല്ല ക്ഷേമത്തിനുള്ള പദ്ധതിതന്നെയെന്ന് അനുദിനജീവിത സാഹചര്യങ്ങളിലൂടെ, സംഭവങ്ങളിലൂടെ, വ്യക്തികളിലൂടെ അവിടുന്ന് എനിക്ക് മനസിലാക്കി തന്നുകൊണ്ടേയിരുന്നു. ആദ്യകുർബാന സ്വീകരണത്തിന് ഞങ്ങളെ പഠിപ്പിച്ചൊരുക്കിയ സ്നേഹനിധിയായ Sr. Beatrice SIC യുടെ ശ്രേഷ്ഠമായ ജീവിതവും ആഴമായ പ്രാർത്ഥനയും ആത്മാർത്ഥമായ സമീപനങ്ങളും എന്റെയുള്ളിൽ ദൈവവിളിയുടെ വിത്ത് പാകുന്നതിൽ നിർണായകമായ പങ്ക് വഹിച്ചു. കുടുംബത്തിൽനിന്നും ഇടവകയിൽനിന്നുമുള്ള വൈദിക-സമർപ്പിത ജീവിതങ്ങൾ എനിക്ക് മാതൃകയും പ്രചോദനവും ആയിരുന്നു. ദൈവസ്നേഹാഗ്നിയിൽ സ്ഫുടം ചെയ്യപ്പെട്ട ഞങ്ങളുടെ മമ്മിയുടെയും അമ്മച്ചിയുടെയും പ്രാർഥനയും വിശുദ്ധ ജീവിതവും പരസ്നേഹ പ്രവൃത്തികളും എനിക്ക് എന്നും ഊർജ്ജം പകർന്നു തന്നിരുന്നു. അതോടൊപ്പം വളരെ ചെറുപ്പത്തിൽ ത്തന്നെ ഞങ്ങളെ വിട്ട് സ്വർഗത്തിലേക്ക് യാത്രയായ ഞങ്ങളുടെ പ്രിയ പപ്പായുടെ വിശ്വാസസാക്ഷ്യവും പുണ്യജീവിതവും സഹാനുഭൂതിയും അദൃശ്യ സാന്നിധ്യമായി ഇന്നും എന്നെ വഴി നടത്തുന്നു. ജീസസ് ക്യാമ്പ്, ബഥനി ബൈബിൾ സ്ററഡീസ്, വൊക്കേഷൻ ക്യാമ്പ് ഇവയിലൂടെ ലഭിച്ച പ്രചോദനങ്ങൾ 'ദൈവവിളി' ഉറപ്പിക്കുന്നതിന് സഹായകമായി. ഒരു സമർപ്പിത ആകുക എന്നതിൽ കുറഞ്ഞ മറ്റൊരാഗ്രഹവും ഉള്ളിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഈ ആഗ്രഹസാക്ഷാത്കാരത്തിന് ഒരുപാട് കടമ്പകൾ കടക്കേണ്ടതായി വന്നിട്ടുണ്ട്. പൊതുധാരയിൽനിന്ന് മാറി പുതുവഴിയിലൂടെ സഞ്ചരിക്കുമ്പോൾ പ്രതിബന്ധങ്ങൾ ഉണ്ടാവുക തികച്ചും സ്വാഭാവികമാണല്ലോ. എന്നാൽ, 'ഞാൻ നിനക്ക് മുമ്പേ പോയി മലകൾ നിരപ്പാക്കുകയും പിച്ചള വാതിലുകൾ തകർക്കുകയും ഇരുമ്പോടാമ്പലുകൾ ഒടിക്കുകയും ചെയ്യും' (ഏശ. 45:2) എന്ന തിരുവചനം എന്നും എനിക്ക് കരുത്ത് നൽകിയിട്ടുണ്ട്.

ഇന്ന് വർഷങ്ങൾക്കിപ്പുറം നിൽക്കുമ്പോൾ ഹൃദയം നിറഞ്ഞ സന്തോഷം മാത്രമേയുള്ളൂ. 'ദിവ്യ ജ്ഞാനമാകുന്ന സന്യാസം, പുണ്യപൂർണതയാകുന്ന നീതി ഇവ ആർ ആഗ്രഹിക്കുന്നുവോ അവർ ദൈവത്തിന് ഏറ്റവും പ്രിയരും വാത്സല്യഭാജനങ്ങളും ആകുന്നു. അവൾ രാജകൊട്ടാരത്തിൽ വസിക്കുന്നു, രാജമക്കൾ അവളെ വളർത്തുന്നു. ലോകത്തിന് ഒട്ടും സമ്പാദിക്കാൻ കഴിയാത്ത നിക്ഷേപങ്ങൾക്ക് അവൾ അവകാശിനിയായിതീരുകയും ചെയ്യുന്നു'. അതേ, ലോകത്തിന് ഒട്ടും സമ്പാദിക്കാൻ കഴിയാത്ത നിക്ഷേപങ്ങൾക്ക് അവകാശിനിയാക്കിത്തീർത്തുകൊണ്ട് സന്യാസം എന്ന വലിയ ആനന്ദത്തിന്റെ ജീവിതത്തിലേക്ക് അവിടുന്നെന്നെ ആനയിച്ചു. അനുദിനജീവിത സാഹചര്യങ്ങളിലൂടെയും സംഭവങ്ങളിലൂടെയും വ്യക്തികളിലൂടെയും വേഷപ്രച്ഛന്നനായി ജീവിതത്തിലേക്ക് കടന്നുവരുന്ന ക്രിസ്തുവിനെ കണ്ടെത്താൻ അവിടുന്ന് കൃപ നൽകുന്നു. സ്നേഹം, ത്യാഗം, സഹനം എന്നീ സുകൃതങ്ങളെ അതിന്റെ പൂർണതയിൽ കാട്ടിത്തരുന്ന യേശുവിന്റെ ജീവിതത്തെ ഏറ്റവും അടുത്ത് അനുഗമിക്കുക എന്നത് മാത്രമാണ് സമർപ്പിതരിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം.

കർമ്മത്തെ ത്യജിച്ച് നിഷ്ക്രിയരായിരിക്കലല്ല സന്യാസം. അതിരൂക്ഷമായ വിമർശനങ്ങൾ സഭയ്ക്കും സന്യാസത്തിനും നേരെ ഉയരുമ്പോൾ അതിനെ ഭയന്ന്, കർമ്മത്തെ ത്യജിച്ച് നിഷ്ക്രിയരായിരിക്കുവാൻ യേശുവിന്റെ സ്നേഹം നമ്മെ അനുവദിക്കില്ല. ചെയ്യേണ്ടതായ കർമ്മത്തിൽ മനസ്സ് ഉറപ്പിച്ച്, അതിൽ സ്വാർഥത എന്ന വിഷം കലരാതെ, കുഷ്ഠരോഗിയെയും ചുങ്കക്കാരനെയും പാപികളെയുമൊക്കെ ഹൃദയത്തോട് ചേർത്ത യേശുവിന്റെ മനസ്സ് സ്വന്തമാക്കുകയാണ് ഒരു സന്യാസിനി എന്ന നിലയിൽ ഞാൻ ഉൾപ്പെടെയുള്ള സമർപ്പിതരിൽനി

ന്നും ദൈവം ആഗ്രഹിക്കുന്നത്. യേശുവിനോടുള്ള സ്നേഹത്താൽ പ്രേരിതരായി നാം ചെയ്യുന്ന നിസാരമായ പ്രവൃത്തികൾപോലും അവിടുത്തെ ദൃഷ്ടിയിൽ സ്വീകാര്യമാകാതിരിക്കുകയില്ല. 'പിതാവായ ദൈവത്തിന്റെ മുൻപിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്. അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക. ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്ത് സൂക്ഷിക്കുക' (യാക്കോ. 1:27). ഈ വചനത്തോട് നീതി പുലർത്തുക എന്നതാണ് യേശുവിനോടുള്ള സ്നേഹം പ്രകടമാക്കാനുള്ള വഴി. എത്രമാത്രം അതിന് സാധിച്ചു എന്ന് വിലയിരുത്തുവാൻ ഞാൻ അശക്തയാണ്. എങ്കിലും പ്രാർഥനകൾ സഫലമായ നിമിഷങ്ങൾ അനവധിയുണ്ട്. ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവാനുഭവങ്ങളെ അനുയാത്ര ചെയ്യുന്നതിന്റെ നിർവൃതി അനുനിമിഷം എന്നിൽ നിറയുന്നത് അനുഭവിച്ചറിയുന്നു. ഞാൻ പോലുമറിയാതെ എനിക്കുവേണ്ടി പ്രാർഥിക്കുന്ന അനേകായിരങ്ങൾ എനിക്കുണ്ട് എന്നത് ഏറെ പിൻബലം നൽകുന്ന ഒരു യാഥാർഥ്യമാണ്. ഒരു കുടുംബാംഗം എന്ന നിലയിലുള്ള സ്വീകാര്യത എനിക്ക് എല്ലായിടത്തും ലഭിക്കുന്നു എന്നതും എന്റെ സമർപ്പിത ജീവിതപുണ്യമായി ഞാൻ വിലമതിക്കുന്നു. സ്വന്തം കുടുംബം വിശാലമാകുന്നതാണല്ലോ വൈദിക-സന്യസ്ത ജീവിതങ്ങൾ. 'മിശിഹാനുകരണത്തിലൂടെ മലങ്കരസഭയുടെ ആധ്യാത്മീക നവോത്ഥാനവും സ്ത്രീജനോത്ഥാരണവും പുനരൈക്യവും' എന്ന സ്ഥാപകസിദ്ധിയിൽ ഊന്നിനിന്നുകൊണ്ട്, നിരവധി കുഞ്ഞുങ്ങൾക്ക് ദിശാബോധം നൽകുവാനും തകർന്നുപോയ അനേകം



ബന്ധങ്ങൾ പുനരുദ്ധരിക്കുവാനും ആശയറ്റ ജീവിതങ്ങൾക്ക് സമാശ്വാസം അരുളുവാനും divorce ന്റെ വക്കിൽ എത്തിനിന്ന അനവധി ദമ്പതിമാരെ ഒന്നിപ്പിക്കുവാനും ഉള്ള അനുഗ്രഹം ലഭിച്ചതും സന്യാസജീവിതത്തിന്റെ ശ്രേഷ്ഠത മാത്രമെന്ന് ഞാൻ തിരിച്ചറിയുന്നു. കഴിഞ്ഞ 26 വർഷങ്ങൾ ഞാൻ ആസ്വദിച്ച എന്റെ സന്യാസജീവിതാനുഭവത്തിൽനിന്ന് ഒന്ന് പറയട്ടെ... ഇനി ഒന്നല്ല ഒരുകോടി ജന്മം എനിക്കീ ഭൂമിയിൽ ലഭിച്ചാലും ബഥനി സന്യാസിനീ സമൂഹത്തിൽത്തന്നെ ഒരു സമർപ്പിതയായി ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ളുടെ തണലിൽ ജീവിക്കാൻ സാധിക്കുന്നു എന്നതും, വേദനയുടെ ഓരോ നിമിഷവും അവിടുത്തെ സ്നേഹസാന്നിധ്യവും കരുതലും അനുഭവിക്കാൻ കഴിയുന്നു എന്നതും ഞാൻ തിരിച്ചറിയുന്ന യാഥാർഥ്യമാണ്. ഞാൻ രുചിച്ചറിഞ്ഞ ഈ കരുതലിൻ കരത്തെ, കടന്നുവന്ന വഴികളിലും ജീവിത പരിസരങ്ങളിലും, കഴിവിന്റെ പരമാവധി പകർന്നു നൽകുവാൻ ശ്രമിച്ചിട്ടുണ്ട്. ഏൽപ്പിക്കപ്പെട്ട ശുശ്രൂഷാമേഖലകളിൽ, ഏർപ്പെട്ടതായ മിഷൻപ്രവർത്തനങ്ങളിൽ എല്ലാം ഈ കരങ്ങളാണ് എന്നെ താങ്ങി നടത്തിയത്. ഈ ലോകത്തിൽ ലഭിക്കാവുന്നതിൽവച്ച് ഏറ്റവും വലിയ സമ്മാനമായ എന്റെ സന്യാസജീവിതമാണ് എന്റെ ശുശ്രൂഷകളിൽ എനിക്ക് ബലം പകരുന്നത്. എന്റെ സന്യാസഭവനത്തിൽ, ശുശ്രൂഷാവേദികളിൽ, ഇടവകപ്രവർത്തനങ്ങളിൽ, ഡൽഹി മിഷനിൽ, അഗതിമന്ദിരങ്ങളിൽ ഒക്കെ എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സ്നേഹവും കരുതലും വാക്കുകൾക്ക് അതീതമാണ്. എന്റെ ജന്മനാട് കൂടിയായ തിരുവല്ലയിൽ ഇന്ന് ഞാൻ ആയിരിക്കുമ്പോൾ ഇവിടെനിന്ന് ലഭിക്കുന്ന സ്നേഹവും കരുതലുമൊക്കെ ഈ സന്യാസവസ്ത്രം എനിക്ക് സമ്മാനിച്ചതാണ് എന്ന് അഭിമാനത്തോടെ പറയട്ടെ. അചഞ്ചലമായ സ്നേഹത്തോടെ, സ്വന്തം കുരിശുമെടുത്ത് അവിടു

ഈ ജീവിതത്തെ നെഞ്ചോടടുക്കിപ്പിടിച്ച് ആത്മനിർവൃതിയിൽ ആയിരിക്കുന്ന ഞങ്ങൾക്ക് ജീവിതത്തിന്റെ അഗാധത്തിൽ നിന്നുമുളവാകുന്നത് ഒരു പ്രാർഥന മാത്രം; പരിശുദ്ധനായ പിതാവേ, നിത്യകന്യകയും പരിശുദ്ധ ത്രിത്വത്തിന് ഏറ്റവും പ്രിയപ്പെട്ടവളും ഏറ്റം സൗഭാഗ്യവതിയുമായ പരിശുദ്ധ മാതാവിൽ വിളങ്ങിയിരിക്കുന്നതായ ജീവിത പുണ്യങ്ങൾ സ്വജീവിതത്തിൽ സ്വാംശീകരിച്ച് ദൈവത്തിനും തിരുസഭയ്ക്കും സേവനം ചെയ്തുകൊണ്ട് സ്നേഹത്തിന്റെ പരിപൂർണതയിൽ എത്തിച്ചേരുവാനുള്ള കൃപ ഞങ്ങൾക്ക് തന്നരുളിയാലും........

# വിമർശിക്കപ്പെടുന്ന പൗരോഹിത്യവും വിശുദ്ധിയിലേക്കുള്ള വളർച്ചയും



റവ. ഫാ. ജോബിൻ പുളിവിളയിൽ
(മാവേലിക്കര ഭദ്രാസനം)

മരം വലുതാകുന്നതിനനുസരിച്ച് അതിന്റെ വീഴ്ചയുടെ ആഘാതവും വലുതായിരിക്കും. അത്തരം ചില വീഴ്ചകളുടെ മുറിവുകളിലൂടെയാണ് കേരളസഭ കഴിഞ്ഞ കുറേ നാളുകളായി സഞ്ചരിക്കുന്നത്. വേരുറയ്ക്കാത്ത വൃക്ഷങ്ങൾ വീഴുകതന്നെ ചെയ്യും. എന്നാൽ വീണു പോയതിന്റെ ചില്ലകളുയർത്തിപ്പിടിച്ചുകൊണ്ട് വേരുറച്ചു നിൽക്കുന്നതിനെ പിഴുതെറിയാനുള്ള പ്രവണത ഇന്ന് വർദ്ധിച്ച് വരുകയാണ്. പടർന്ന് പന്തലിച്ച് നിൽക്കുന്ന നന്മമരങ്ങളുടെ തണലും ഫലങ്ങളും ആസ്വദിക്കുന്നവരും, എന്തിന്, ഒരു കാലത്ത് അവയിൽ ചേക്കേറിയിരുന്നവർപോലും അതിന്റെ മഹത്വം വിസ്മരിക്കുകയാണ്. ആദർശരൂപങ്ങളായ പൗരോഹിത്യത്തിലും സമർപ്പിതജീവിതത്തിലുമൊക്കെ വരുന്ന വീഴ്ചകളും അവയ്ക്കെതിരേ ഉയരുന്ന വലുതും ചെറുതുമായ ആരോപണങ്ങളും നമ്മുടെ മനസ്സിനെ വല്ലാതെ പ്രക്ഷുബ്ധമാക്കുന്നുണ്ട്. വീണവരുണ്ട്, എന്നാൽ ഒരു വ്യക്തിയുടെ പേരിൽ ആരോപണമുണ്ടായാൽ ആ ജീവിതരീതിയേയും അവർ ഉൾപ്പെടുന്ന സമുദായത്തേയും അവഹേളിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നതിന്റെ ഉദ്ദേശ്യം വേറെ തന്നെയാണ്. പൗരോഹിത്യത്തിന്റെ പ്രസക്തി അകാരണമായി ചോദ്യം ചെയ്യപ്പെടുമ്പോഴും, പൗരോഹിത്യം അതിന്റെ പൂർണ്ണതയിൽ ഏറ്റവും ആവശ്യമായി മാറിയിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. എല്ലാ പ്രതിബന്ധങ്ങളേയും വെല്ലുവിളിച്ചും, ലോകം നൽകുന്ന ഉയർച്ചകളും ഉന്നത പദവികളും വേണ്ടെന്ന് വച്ചും പൗരോഹിത്യം എന്ന ദൈവവിളിക്ക് പ്രത്യുത്തരം നൽകുന്ന എത്രയോ വ്യക്തികളുണ്ട്. വീഴ്ചകൾക്കും, വിമർശനങ്ങൾക്കും, വെല്ലുവിളികൾക്കുമിടയിൽ വിശുദ്ധിയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന ഒരു പുരോഹിതസമൂഹം നമ്മുടെ ഇടയിൽ ഉണ്ട്.

### പൗരോഹിത്യം ഒരു വിളിയും സമ്മാനവും

സ്വയം തെരഞ്ഞെടുക്കുന്നതിലൂടെ അല്ല ആരും വൈദികനാകുന്നത്. പൗരോഹിത്യം ഒരു വിളിയും സമ്മാനവുമാണ്. ജനങ്ങളിൽനിന്ന് ജനങ്ങൾക്ക്വേണ്ടി ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുന്ന പുരോഹിതൻ അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല (ഹെബ്ര 5:1-5). ദൈവത്തിന്റെ അനന്തമായ കരുണകൊണ്ടാണ് ഓരോ വ്യക്തിയും പൗരോഹിത്യത്തിലേക്ക് വിളിക്കപ്പെടുന്നത്. ആർക്കും വന്ന് കയറിക്കൂടാവുന്ന, എട്ടുമുഴം തുണിയുടെ സുരക്ഷിതത്വം നൽകുന്ന ഇടമല്ല പൗരോഹിത്യം. അവിടേക്കുള്ള തെരഞ്ഞെടുപ്പിന് ദൈവത്തിന്റെ വിളിയും, നിലനില്പിന് ദൈവത്തിന്റെ കൃപയും ആവശ്യമുണ്ട്. ദൈവാലയങ്ങളിലോ, സെമിനാരികളിലോ ആണ് പൗരോഹിത്യ വിളിയുടെ ആരംഭം എന്ന് നാം കരുതുന്നു എങ്കിൽ അത് തിരുത്തപ്പെടേണ്ടതാണ്. സമർപ്പിത ജീവിതത്തിന്റെ പ്രാഥമിക പരിശീലനക്കളരിയായ കുടുംബം ആണ് എല്ലാ ദൈവവിളികളിലേക്കും മക്കളെ രൂപപ്പെടുത്തുന്നത്. കുടുംബം ദൈവവിളിയുടെ ആദ്യ വയലും, മാതാപിതാക്കൾ ആദ്യ പരിചാരകരുമാണ്. കുടുംബത്തിൽ നല്ല കുഞ്ഞുങ്ങളെ വാർത്തെടുത്താൽ നല്ല പുരോഹിതരുണ്ടാകും. പരിശുദ്ധ മദ്ബഹായിലേക്കുള്ള പൂക്കൾ ശേഖരിക്കാനുള്ള പൂന്തോട്ടങ്ങൾ യഥാർത്ഥ കത്തോലിക്കാ കുടുംബങ്ങൾ ആണെന്ന് പതിനൊന്നാം പീയൂസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. പിച്ചവച്ച് നടന്ന കുടുംബത്തിൽനിന്നും ആരംഭിച്ച് ബലിപീഠത്തിൽ പൂർത്തിയാകുന്ന ഒരു യാഗയാത്രയാണ് പൗരോഹിത്യം. അതിനാൽ മാതൃകാപരമായ സമർപ്പിതജീവിതത്തിലൂടെയും കുടുംബജീവിതത്തിലൂടെയും വളർത്തിയെടുക്കുന്ന നല്ല ദൈവവിളികളിലാണ് സഭയുടെ ഭാവി. ഒരു സമർപ്പിതനോ, പുരോഹിതനോ വീഴ്ച ഉണ്ടായാൽ അത് ഒരു കുടുംബത്തിൽനിന്നും വന്ന വ്യക്തിയാണെന്നും അതിലുപരി പച്ചയായ മനുഷ്യനാണെന്നുമുള്ള യാഥാർത്ഥ്യം നമ്മുടെ സമൂഹം ഇന്ന് മറന്നുപോകുന്നു.

### എന്താണ് പൗരോഹിത്യം?

എല്ലാ മതങ്ങളിലും പുരോഹിതൻ ദൈവികകാര്യങ്ങളുടെ ശുശ്രൂഷകനാണ്. പുരോഹിതൻ മതത്തിന്റെ ജീവനാണ്. ഏത് മതമായാലും അത് ജീവിക്കുന്നതും വളരുന്നതും ഫലം ഉളവാക്കുന്നതും പുരോഹിതജീവിതത്തിന്റെ ശ്രേഷ്ഠതയിൽനിന്നുമാണ്. പൗരോഹിത്യം ഉന്നതവും വിശുദ്ധവും, ക്രിസ്തീയ ദർശനത്തിലും ജീവിതത്തിലും ഏറെ മഹിമയുള്ളതുമാണ്. ദൈവസ്വഭാവത്തിൽ ദൈവത്തോട് ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ കൈവയ്പുവഴി ലഭിക്കുന്ന പദവിയാണ് ''പൗരോഹിത്യം''. ക്രിസ്തുവിലൂടെ പൗരോ

ഹിത്യത്തിന് പുതിയ മാനങ്ങളുണ്ടായി. അതുകൊണ്ടാണ് സഭാപിതാക്കൻമാർ പൗരോഹിത്യത്തെ ഒരു മഹാശുശ്രൂഷയായി കാണുന്നത്. വി. ഇഗ്നേഷ്യസ്, വി. അപ്രേം തുടങ്ങിയ പിതാക്കൻമാർ പൗരോഹിത്യത്തെ ഉന്നതമായ ശുശ്രൂഷ എന്നാണ് വിളിക്കുന്നത്.

പൗരോഹിത്യം സഭയുടെ ഒരു കണ്ടുപിടിത്തമാണ് എന്നും അതിന് ബൈബിൾ സംബന്ധമായ അടിത്തറ ഇല്ലെന്നും ചില തെറ്റിദ്ധാരണകൾ ഉണ്ട്. തിരുസഭ പുരോഹിത ജനമാണ്. ഈ പുരോഹിത ജനത്തിന് ശുശ്രൂഷ ചെയ്യുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവിന്റെ ശുശ്രൂഷകരും വിശ്വസ്തതയുടേയും കരുണയുടേയും കാര്യസ്ഥരുമാണ് പുരോഹിതർ എന്ന് വി. ഗ്രന്ഥത്തിലെ റോമ 15:16, ഹെബ്രാ 2:17 എന്നീ വചനഭാഗങ്ങൾ വ്യക്തമാക്കുന്നു. പഴയ നിയമത്തിലെ അഹറോൻ മുതൽ പുതിയനിയമത്തിലെ സഖറിയ വരെ നിരവധി പുരോഹിതൻമാരെ വിശുദ്ധ ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്നു. എന്നാൽ നിത്യപുരോഹിതനായി ഒരാൾ മാത്രമെ ഉള്ളു. അത് ക്രിസ്തുവാണ്. ആ മഹാപുരോഹിതന്റെ തുടർച്ചയാണ് ഇന്നത്തെ പുരോഹിതർ. പഴയനിയമ, പുതിയനിയമ പൗരോഹിത്യ സങ്കല്പങ്ങളെ വ്യത്യസ്തമാക്കുന്നതും ക്രിസ്തുവിന്റെ പൗരോഹിത്യമാണ്.

നവീകരണം ലക്ഷ്യം വച്ച രണ്ടാം വത്തിക്കാൻ സുന്നഹദോസ് ക്രൈസ്തവ പൗരോഹിത്യത്തെക്കുറിച്ച് സമഗ്രമായ ഒരു ദൈവശാസ്ത്ര വീക്ഷണം നൽകുന്നുണ്ട് . ക്രിസ്തുകേന്ദ്രീകൃതമായ സമീപനമാണ് പൗരോഹിത്യത്തെക്കുറിച്ച് വത്തിക്കാൻ കൗൺസിലിൽ അവതരിപ്പിച്ചത്. യേശുവിന്റെ പൗരോഹിത്യവും വിശ്വാസികളുടെ പൊതു പൗരോഹിത്യവും (common priesthood) പുരോഹിതന്റെ ശുശ്രൂഷാപൗരോഹിത്യവും (ministerial priesthood) തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് സുന്നഹദോസ് പഠിപ്പിച്ചു. മാമോദീസായിലൂടെ വിശ്വാസികളെല്ലാവരും യേശുവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റി, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ ത്രിമാന ശുശ്രൂഷകൾ നിർവ്വഹിച്ച് പുരോഹിത ജനമായിത്തീരുന്നു (1 പത്രോസ് 2/9, Presbyterorum Ordinis No. 2). എന്നാൽ പുരോഹിതർ നിത്യപുരോഹിതനായ യേശുവിന്റെ നാമത്തിൽ ശുശ്രൂഷാപൗരോഹിത്യത്തിലൂടെ പ്രത്യേകമായി ദൈവജനത്തെ സേവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. തിരുപ്പട്ടം വഴിയായും മെത്രാനിൽനിന്നും സ്വീകരിച്ച ദൗത്യം മുഖാന്തരവും വൈദികൻ പുരോഹിതനും, രാജാവും, പ്രവാചകനുമായ ക്രിസ്തുവിനുവേണ്ടി സേവനം അനുഷ്ഠിക്കുവാൻ ഔദ്യോഗികമായി നിയുക്തനായിരിക്കുന്നു (Presbyterorum Ordinis No. 1). പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്ന ത്രിവിധ ശുശ്രൂഷകളിലൂടെയാണ് വൈദികർ യേശുവിന്റെ പൗരോഹിത്യ ദൗത്യം ഇന്നും സഭയിൽ തുടർന്നുകൊണ്ടുപോകുന്നത്. സഭയിൽ പഠിപ്പിച്ചുകൊണ്ട് പ്രവാചകനായ ക്രിസ്തുവിനും, കൂദാശകൾ പരികർമ്മം ചെയ്തുകൊണ്ട് പുരോഹിതനായ ക്രിസ്തുവിനും, ദൈവജനത്തെ നയിച്ചുകൊണ്ട് രാജാവായ ക്രിസ്തുവിനും, വൈദികൻ സാക്ഷ്യം വഹിക്കുന്നു. പുരോഹിതനായ യേശുവിന്റെ മാതൃക തന്നെയാണ് ഇന്നത്തെ പൗരോഹിത്യജീവിതത്തിനും മാർഗ്ഗദർശിയായി നിൽക്കുന്നത്. യേശുവിന്റെ മാതൃകയിൽ ദൈവഹിതം നിറവേറ്റിയും ദൈവത്തോട് ഐക്യപ്പെട്ടും സഹോദരങ്ങൾക്കായി സ്വജീവിതം സജീവ ബലിയായി അർപ്പിച്ചുമാണ് പൗരോഹിത്യ ജീവിതം സഭയിൽ പ്രാവർത്തികമാക്കേണ്ടത്. ചുരുക്കത്തിൽ, കുഞ്ഞുണ്ണിമാഷ് കുറിക്കുംപോലെ ''പാതി തിരിഞ്ഞാൽ പോരാ, പാതിയിൽനിന്നും തിരിഞ്ഞാലും പോരാ, പോരാ പോരാ പാതിരിയാവാൻ, തിരിയായ് കത്തിയെരിയേണം''.

## എത്ര സമുന്നതം പുരോഹിതാ നീ വഹിക്കുന്ന സ്ഥാനം

രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെ പ്രസിദ്ധമായ ഒരു വാചകമുണ്ട്. ''ഒരു മാലാഖയേയും ഒരു വൈദികനേയും ഒരുമിച്ച് കണ്ടാൽ ഞാനാദ്യം വണങ്ങുക വൈദികനേയായിരിക്കും'' എന്നതാണത്. എത്രയോ മഹത്തായ ഒരു തെരഞ്ഞെടുപ്പായിട്ടാണ് വിശുദ്ധൻ പൗരോഹിത്യത്തെ കണ്ടത് എന്ന് ഈ വാചകം വ്യക്തമാക്കുന്നു. വിശുദ്ധ ജോൺ മരിയ വിയാനി പൗരോഹിത്യത്തിന്റെ മാധുര്യം ആവോളമാസ്വദിച്ച പുരോഹിതനാണ്. അദ്ദേഹം പറയുന്നു: ''ലോകത്തിൽ വൈദികൻ ആരെന്ന് യഥാർത്ഥത്തിൽ മനസ്സിലാക്കിയാൽ നാം മരിക്കും, ഭയംകൊണ്ടല്ല, സ്നേഹംകൊണ്ട്.........യേശുവിന്റെ ഹൃദയത്തിലെ സ്നേഹമാണ് പൗരോഹിത്യം''. അന്ത്യോഖ്യായിലെ വിശുദ്ധ ജോൺ ക്രിസോസ്റ്റം മൂന്ന് വിശേഷണങ്ങളാണ് ഒരു പുരോഹിതന് നൽകുന്നത്. ''പുരോഹിതൻ സ്വർഗീയ നിധികളുടെ താക്കോൽ കൈവശം വയ്ക്കുന്നവനാണ്, പിതാവായ ദൈവത്തിന്റെ കാര്യസ്ഥനാണ്, അതിലുപരി തമ്പുരാന്റെ വസ്തുക്കളുടെമേൽ അധികാരമുള്ള കാര്യനിർവ്വഹകനാണ്.'' വിശുദ്ധരുടെ ഈ വാക്കുകൾതന്നെ ധാരാളമാണ് പൗരോഹിത്യത്തിന്റെ മഹത്വം എത്രമാത്രം ഉന്നതത്തിലാണെന്നറിയാൻ.

കർത്താവിനെ കരങ്ങളിൽ വഹിക്കാൻ വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. പൗരോഹിത്യത്തിന്റെ അനന്യതയും തനിമയും അടങ്ങിയിരിക്കുക ഈ ഒറ്റ കാര്യത്തിൽതന്നെയാണ്. അതുകൊണ്ടാണ് വൈദികന്റെ കരങ്ങൾ പരിശുദ്ധ അമ്മയുടെ ഗർഭപാത്രത്തിന് സമാനമാണെന്ന് വിശുദ്ധ അഗസ്റ്റിൻ പറയുന്നത്. മനുഷ്യനായി മന്നിലവതരിക്കുവാൻ ദൈവം പരിശുദ്ധ കന്യകാമറിയത്തെ ഉപകരണമാക്കിയെങ്കിൽ ഇന്ന് കർത്താവ് തന്റെ തിരുശരീരവും തിരുരക്തവും നമ്മിൽ എത്തിക്കുന്നത് പുരോഹിതന്റെ കരങ്ങളിലൂടെയാണ്. ആ കരങ്ങൾ അഭിഷേകം ചെയ്യപ്പെട്ടതും മായാത്ത മുദ്രയാൽ പവിത്രമാക്കപ്പെട്ടതുമാണ്. വിശുദ്ധ ഗ്രിഗറി നസ്യാൻസൻ പുരോഹിതനെക്കുറിച്ച് ഇപ്രകാരം ഉദ്ഘോഷിക്കുന്നു: ''മാലാഖമാരോത്ത് നിൽക്കുന്ന സത്യത്തിന്റെ സംരക്ഷകൻ, ഉന്നതത്തിലെ അൾത്താരയിലേക്ക് ബലികളുയർത്തുന്ന, അതിലുപരി ദൈവികനാക്കപ്പെട്ടവനും, ദൈവികത നൽകുന്നവ

നുമാണ് ഓരോ പുരോഹിതനും''

പൗരോഹിത്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കാലഗതിക്കനുസരിച്ച് മാറിക്കൊണ്ടിരിക്കും. എന്നാൽ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും പൗരോഹിത്യത്തിന്റെ മഹത്വവും അനന്യതയും എന്നും നിലനിൽക്കും, കാരണം വ്യക്തിയുടെ കുറവ് പൗരോഹിത്യത്തിന്റെ കുറവല്ല, അത് പൗരോഹിത്യമെന്ന പദവിയുടെ മഹത്വത്തിന് മങ്ങലേല്പിക്കുന്നതുമില്ല. ഇരുപത്തിയഞ്ച് തേങ്ങ ഉള്ള ഒരു തേങ്ങാക്കുല വെട്ടിയപ്പോൾ അതിൽ രണ്ടെണ്ണം പേടാണ് എന്ന് കരുതി ആരും തെങ്ങ് വെട്ടിക്കളഞ്ഞിട്ടില്ല, ബാക്കി ഉള്ള തേങ്ങയ്ക്ക് വില ഇടിഞ്ഞ് പോയിട്ടുമില്ല, അതിന്റെ എണ്ണയും വറ്റിയിട്ടില്ല. മണ്ണിൽനിന്ന് രൂപമെടുക്കുകയും മണ്ണിലേക്കുതന്നെ മടങ്ങുകയും ചെയ്യുന്നവന്റെ കുറവുകളെ അടിസ്ഥാനപ്പെടുത്തിയല്ല പൗരോഹിത്യം മഹത്വപൂർണ്ണമാകുന്നത്. വൈദികന്റെ വ്യക്തിജീവിതത്തിലെ കുറവുകൾമൂലം അയാൾ അർപ്പിക്കുന്ന ബലികളിലൂടെയോ, പരികർമ്മം ചെയ്യുന്ന കൂദാശകളിലൂടെയോ വിശ്വാസ സമൂഹത്തിന് ലഭ്യമാകുന്ന അനുഗ്രഹങ്ങൾക്കോ കൃപകൾക്കോ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നില്ല. പുരോഹിതൻ ക്രിസ്തുവായി രൂപാന്തരപ്പെടുകയും, ക്രിസ്തുവിന്റെ പ്രതിപുരുഷനായി മാറുകയും ചെയ്യുന്ന നിമിഷങ്ങളാണവ ഓരോന്നും. നിത്യപുരോഹിതനായ ക്രിസ്തു തന്നെയാണ് തിരുപ്പട്ടം സ്വീകരിച്ച പുരോഹിതനിലൂടെ സഭയിൽ സന്നിഹിതനാകുന്നത്. അതുകൊണ്ടാണ് എത്രയോ സമുന്നതമാണ് പുരോഹിതാ അങ്ങ് വഹിക്കുന്ന സ്ഥാനമെന്ന് പറയുന്നത്.

### വിമർശനം: വീഴ്ത്താനോ? വളർത്താനോ?

നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ പൗരോഹിത്യത്തെ നിശിതമായി വിമർശിക്കുന്നതും, പുരോഹിതരുടെ നേരെ ആക്ഷേപങ്ങൾ ഉന്നയിക്കുന്നതും അറിഞ്ഞും അറിയാതെയും അവരുടെ ജീവിതത്തിന്റെ വീഴ്ചകളെ ഉയർത്തിക്കാട്ടുന്നതും സർവ്വസാധാരണമായി മാറിയിരിക്കുകയാണ്. പുരോഹിതരുടെ കുറ്റങ്ങളും കുറവുകളും കണ്ടെത്തുന്നതിനും അത് പറഞ്ഞു പരത്തുന്നതിനും ഏറെ താത്പര്യമുള്ളവരാണ് ഇന്നത്തെ സമൂഹം. വിമർശനങ്ങൾ വീഴ്ത്താനുള്ളവയോ, വളർത്താനുള്ളവയോ എന്ന് തിരിച്ചറിയുവാനുള്ള വിവേകം സഭയ്ക്കും സഭാമക്കൾക്കും സമൂഹത്തിനുമുണ്ടാകണം. ജാഗ്രതയാണ് നമുക്ക് വേണ്ടത്. വീഴ്ത്താനുള്ളവയെ തിരിച്ചറിഞ്ഞ് ക്രിസ്തീയമാർഗ്ഗത്തിൽ പ്രതിരോധിക്കുകയും, വളർത്താനുള്ളവയെ വിവേകപൂർവ്വം സ്വീകരിച്ച് ആത്മശോധനയ്ക്ക് വിധേയമാക്കി നവീകരണത്തിനും വിശുദ്ധീകരണത്തിനും നിദാനമാക്കുകയും വേണം.

സോഷ്യൽ മീഡിയയിലും മുഖ്യധാരാമാധ്യമങ്ങളിലും ജനകീയ കലാരൂപമായ സിനിമകളിലും പുരോഹിതരെ അപമാനിക്കുന്ന പ്രവണത കൂടി വരുകയാണ്. മലയാള സിനിമയിലെ പല കോമഡി രംഗങ്ങളും വൈദികരെയും, കുമ്പസാരത്തേയും അപമാനിച്ചുകൊണ്ടാണെന്നുള്ള യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. വൈദികർ തിന്മയുടെ അടയാളങ്ങളാണെന്ന് വരുത്തിതീർക്കാനുള്ള ബോധപൂർവ്വമായ ശ്രമം മറ നീക്കി പുറത്തുവന്നുകൊണ്ടിരിക്കുയാണ്. വൈദികനോ, കന്യാസ്ത്രീയോ ഉൾപ്പെടുന്ന കേസുകൾ കേരളക്കരയെ ഇളക്കിമറിക്കുന്ന രീതിയിൽ അവതരിപ്പിക്കപ്പെടുന്നത് യാദൃശ്ചികമല്ല. സഭയെ ദുർബലപ്പെടുത്താൻ ആഗ്രഹിക്കുന്നവരും പുരോഹിതരെ ലക്ഷ്യമിടുന്നു. വി. ജോൺ മരിയ വിയാനിയുടെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. ''മതത്തെ നശിപ്പിക്കാൻ ഒരുവൻ ആഗ്രഹിച്ചാൽ അയാൾ വൈദികരെ ആക്രമിച്ചുകൊണ്ട് തുടങ്ങുന്നു. എന്തെന്നാൽ എവിടെ വൈദികർ ഇല്ലയോ, അവിടെയെല്ലാം ബലികളും ഇല്ലാതാകുന്നു. എവിടെ ബലികൾ ഇല്ലാതാകുന്നുവോ, അവിടെ മതവും ഇല്ലാതാകുന്നു'.

മാധ്യമങ്ങൾ മഞ്ഞ അക്ഷരങ്ങളിൽ മുക്കി പൗരോഹിത്യത്തിന്റെ മഹത്വം ഇല്ലാതാക്കാൻ ശ്രമിക്കുന്ന സംഭവങ്ങൾ ഇവിടെ പുത്തരിയൊന്നുമല്ല. ഇന്നലെ അത് സംഭവിച്ചിട്ടുണ്ട്, ഇന്നും സംഭവിക്കുന്നുണ്ട്, നാളെയും സംഭവിക്കും. ഒന്നോ, രണ്ടോ ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിക്കുകയും, സമാനവത്കരിക്കുകയും ചെയ്യുന്നവയാണ് അവയെല്ലാം. ഇടർച്ചകൾ ഉണ്ടാകുന്നില്ല എന്നല്ല, കുറവുകൾ ഇല്ല എന്നുമല്ല...., കുറ്റങ്ങളും, കുറവുകളും ഉള്ള ദൈവജനം തന്നെയാണ് വൈദികർ. ക്രിസ്തു തെരഞ്ഞെടുത്ത അപ്പസ്തോലൻമാരും കുറ്റങ്ങളും കുറവുകളും ഉള്ളവരായിരുന്നു. കുറവുള്ളവർ തെരഞ്ഞെടുക്കപ്പെടുന്നതും, ആ തെരഞ്ഞെടുപ്പിനുശേഷം അഭിഷേകം ചെയ്യപ്പെടുന്നതുമാണ് ബൈബിളിൽ നാം കാണുന്നത്. മോശ മുതൽ അപ്പസ്തോലൻമാർ വരെയുള്ളവരുടെ ചരിത്രവും അത് തന്നെയാണ് വ്യക്തമാക്കുന്നത്.

### ഉപസംഹാരം

ലോകവും, ശാസ്ത്രവും, ദൈവശാസ്ത്രദർശനങ്ങളും വിപ്ലവകരമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പുരോഹിതർ തങ്ങളെത്തന്നെ തുടർച്ചയായി നവീകരിച്ചുകൊണ്ടിരിക്കണം. പ്രഥമ ദിവ്യബലിയർപ്പണത്തിന് ശേഷമുള്ള ആവേശവും, ആത്മാർത്ഥതയും, ജാഗ്രതയും കാലങ്ങൾ മുന്നോട്ട് പോകവെ എപ്പോഴെങ്കിലുമൊക്കെ ചോർന്ന് പോയ വൈദികരെ പഴയ ആവേശത്തിലേക്കെത്തിക്കുന്നതിന് കാലഘട്ടത്തിന്റെ അടയാളങ്ങൾ നിദാനമാകട്ടെ. വിമർശകരുടെ ആരോപണവും വിമർശിതരുടെ വിചിന്തനവും വിശുദ്ധിയിലേക്ക് വളരുവാൻ കാരണമാകട്ടെ. പൗരോഹിത്യം ഇന്നും എന്നും പ്രസക്തമാണ്. പുരോഹിതനെ ജനത്തിന് ആവശ്യമുണ്ട്. ജീവിതത്തിലെ സന്തോഷങ്ങളിലും, സങ്കടങ്ങളിലും ആശ്വാസമായും, കൂദാശയായും, പ്രാർത്ഥനയായും ദൈവജനത്തിന് അവരെ ആവശ്യമുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത് ദൈവജനത്തിന്റെ കടമയാണ്. ഈ കാലഘട്ടത്തിന്റെ പ്രവാചകനായ ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം നമുക്ക് ഏറ്റെടുക്കാം, ''നിങ്ങളുടെ സ്നേഹവും പ്രാർത്ഥനയുംകൊണ്ട് എപ്പോഴും നമ്മുടെ വൈദികരെ സഹായിക്കുക. അങ്ങനെ മിശിഹായുടെ ഹൃദയത്തിനിണങ്ങിയ നല്ല ഇടയന്മാരായി അവരെന്നും പ്രശോഭിക്കട്ടെ''....

# ഹൈന്ദവ വിശ്വാസത്തിൽനിന്ന്
# ക്രിസ്തീയ സന്യാസത്തിലേക്ക്



**സി. പ്രശോഭ എസ്.ഐ.സി.**
(ബഥനി കോൺവന്റ്, തിരുമൂലപുരം)

''കർത്താവ് എന്നോട് അരുളിച്ചെയ്തു: മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു'' (ജെറ. 1:5). അതേ, മാതാവിന്റെ ഉദരത്തിൽ രൂപം ലഭിക്കുന്നതിനു മുൻപേ അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു, എന്നെ അറിഞ്ഞു. ഞാൻ ജനിക്കുന്നതിനു മുൻപേ അവിടുന്ന് തനിക്കായി എന്നെ വിശുദ്ധീകരിച്ചു. ഈ ലോകത്തിൽ അവിടുത്തെ കണ്ണായും കാതായും കരങ്ങളായും മാറാൻ എന്നെ ജനതകൾക്കുവേണ്ടി നിയോഗിച്ചുകൊണ്ട്, മാലാഖമാരുടെ ജീവിതത്തിലേക്ക് സ്വർഗീയ ജീവിതത്തിന്റെ മുന്നാസ്വാദനത്തിലേക്ക് എനിക്ക് പ്രവേശനം നൽകി. ഒരു സന്യാസിനിയായി തന്റെ മണവാട്ടിയായി ജീവിക്കാൻ അവിടുന്ന് എന്നെ അനാദിയിലെ വേർതിരിച്ചിരുന്നു.

ഹൈന്ദവ വിശ്വാസത്തിന്റെ നിഴലിൽ മന്ത്രങ്ങളുടെയും ശ്ലോകങ്ങളുടെയുമൊക്കെ ഇടയിൽ ജനിച്ചു വളർന്ന എനിക്ക് ക്രിസ്തീയ സന്യാസം തികച്ചും അപരിചിതമായിരുന്നു. എന്നാൽ സിസ്റ്റേഴ്സിനെയും വൈദികരെയും ഒക്കെ കാണുമ്പോൾ അവരാണ് ഈ ലോകത്തിൽ ഈശോയ്ക്ക് ഏറ്റവും പ്രിയപ്പെട്ടവർ എന്ന ചിന്ത എന്റെ കുഞ്ഞുമനസ്സിനെ ഏറെക്കുറെ സ്വാധീനിച്ചിരുന്നു. പക്ഷെ ഒരിക്കലും അവരുടെ കൂട്ടത്തിൽ ഞാനും എണ്ണപ്പെടണമെന്ന് ആഗ്രഹിച്ചിരുന്നില്ല. കാരണം, ഒരു ഹിന്ദുകുട്ടിയായ എനിക്ക് അത് അസാധ്യമാണ് എന്നാണ് ഞാൻ കരുതിയിരുന്നത്. യേശുതമ്പുരാന്റെ മണവാട്ടിയാകാൻ യാതൊരു യോഗ്യതയും എനിക്ക് ഇല്ല എന്ന് വിചാരിച്ചിരുന്ന എന്റെ ജീവിതത്തിലേക്ക് കടന്ന് വരാൻ അവിടുന്ന് നീണ്ട 16 വർഷങ്ങൾ കാത്തിരുന്നു എന്നതാണ് ഇപ്പോഴും എന്നെ അതിശയിപ്പിക്കുന്നത്. അതിന്റെ പ്രകടമായ അടയാളമാണ് എന്റെ +1, +2 പഠനകാലഘട്ടം. ചെങ്ങരൂർ സെന്റ് തെരേസാസ് ബഥനി കോൺവെന്റ് സ്കൂളിൽവച്ചാണ് ഞാൻ എന്തായി തീരാൻ വിളിക്കപ്പെട്ടുവോ, അതായി തീരാൻ തുടങ്ങിയത്. അവിടെ ബോർഡിംഗിൽ ചേർന്ന് പഠിക്കാനുള്ള നിയോഗമാണ് എന്നെ ക്രിസ്തുവിന്റെ സ്നേഹപ്രവാഹത്തിലേക്ക് അടുപ്പിച്ചത്. അവിടുത്തെ പ്രാർത്ഥനകളും സിസ്റ്റേഴ്സിന്റെ ജീവിതരീതികളും എന്തിനേറെ ഇന്ന് എന്റെ ജീവനായി മാറിയ പരി. കുർബാനപോലും അന്ന് എനിക്ക് അപരിചിതമായിരുന്നു. എന്നാൽ അവയൊക്കെ എന്റെ ഹൃദയമിടിപ്പായി മാറാൻ അധികം സമയം വേണ്ടി വന്നില്ല. മാതാവിന്റെ ഉദരത്തിൽ എനിക്ക് രൂപം ലഭിക്കുന്നതിനു മുൻപേ, ഈ ലോകസ്ഥാപനത്തിനു മുൻപേ, തന്റെ തിരുഹൃദയത്തിൽ എന്നെ ചേർത്തു പിടിച്ച ആ അനന്തമായ സ്നേഹത്തെ പിന്നീട് അങ്ങോട്ട് തിരിച്ചറിയുകയായിരുന്നു.

മകളെക്കുറിച്ചുള്ള ഒത്തിരി സ്വപ്നങ്ങൾ നെഞ്ചിലേറ്റി അതിന്റെയൊക്കെ സാക്ഷാത്കാരത്തിനായി കാത്തിരുന്ന എന്റെ മാതാപിതാക്കളുടെ പ്രതീക്ഷകളേക്കാളും, 16 വർഷങ്ങൾക്കിടയിൽ ഒരിക്കൽപോലും തന്നെക്കുറിച്ച് ചിന്തിച്ചിട്ടില്ലാത്ത, ആരാധിച്ചിട്ടില്ലാത്ത, എന്നെ സ്വന്തമാക്കാൻ കൊതിച്ച യേശുവിന്റെ സ്നേഹമാണ് എന്നെ മുന്നോട്ട് നയിച്ചത്. ചേർത്ത് പിടിച്ച് വളർത്തിയ മാതാപിതാക്കൾ ഇങ്ങനെയൊരു മകൾ ഇനി ഇല്ല എന്ന് പറഞ്ഞപ്പോഴും, സഹോദരങ്ങൾ ഒറ്റപ്പെടുത്തിയപ്പോഴും, ബന്ധുമിത്രാദികളും കൂട്ടുകാരുമൊക്കെ വിമർശിച്ച് തള്ളിയപ്പോഴും എന്നെ താങ്ങി നിർത്തിയത് ഒന്ന് മാത്രമാണ് - എന്റെ കുഞ്ഞുമനസ്സിനെ സ്വാധീനിച്ചിരുന്ന ചിന്തകൾ - ഈ ലോകത്തിൽ ഈശോയ്ക്ക് ഏറ്റവും പ്രിയപ്പെട്ടവളായി മാറാൻ എന്നെ തിരഞ്ഞെടുത്തു എന്ന ആത്മാഭിമാനം. പ്രയാസങ്ങളുടെയും പരിഹാസങ്ങളുടെയും പ്രതിസന്ധികളുടെയും നടുവിൽ അവന്റെ കരം പിടിച്ച് ഞാൻ ബഥനി സന്യാസിനിസമൂഹത്തിൽ ചേർന്നു. കുറച്ചുനാളത്തെ പരിശീലനത്തിനും പഠനത്തിനും ശേഷം ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര കത്തോലി

ക്കാപള്ളിയിൽവച്ച് ബഹു. കുര്യാക്കോസ് തടത്തിലച്ചനിൽനിന്ന് മാമോദീസായും മൂറോനഭിഷേകവും സ്വീകരിച്ചു. അങ്ങനെ ബിന്റാ ആയിരുന്ന ഞാൻ ഈശോയുടെ റോസ് ആയി മാറി. അന്നുതന്നെ പരി. കുർബാനയും സ്വീകരിച്ചു. ജീവിതത്തിൽ ഒരിക്കലും നടക്കില്ല എന്ന് ഞാൻ കരുതിയ ആദ്യകാര്യം വളരെ നിഷ്പ്രയാസം സാധിച്ചു. അവിടുത്തേക്ക് അസാധ്യമായി ഒന്നുമില്ല എന്ന് ജീവിതത്തിൽ തിരിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അത്. സന്യാസപരിശീലന കാലഘട്ടങ്ങൾ കൃപയുടെ നീർച്ചാലുകളായിരുന്നു. അതെന്റെ കുടുംബത്തിലേക്കും ഒഴുകിയിറങ്ങി. എന്റെ മാതാപിതാക്കളും സഹോദരങ്ങളും ഈശോയെ അറിഞ്ഞു. അവരെയും അവിടുന്ന് തൊട്ടു.

തന്നെ അനുഗമിക്കാൻ ആഗ്രഹിച്ചവരെ സ്നേഹിതരെന്ന് വിളിച്ചും, സ്നേഹിതനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് സ്വജീവിതത്തിലൂടെ കാണിച്ചും തന്ന യേശുവിന്റെ ആ ജീവിതമാതൃകയാണ് ഇന്നൊരു സന്യാസിനിയായി ജീവിക്കാൻ എനിക്ക് ധൈര്യം പകരുന്നത്. 2000 വർഷങ്ങൾക്കുശേഷവും ആ സ്നേഹം ഈ ലോകത്തെ പിടിച്ചു നിർത്തുന്നുണ്ടെങ്കിൽ അതേ പാത പിന്തുടരുന്ന സമർപ്പിതർ ഈ ലോകത്തിന്റെ അനുഗ്രഹമാണ്. അവിടുത്തെ സ്നേഹപ്രവാഹത്തിന്റെ നീർച്ചാലുകളാണ്. ഈ ജീവിതത്തിന് പകരം വയ്ക്കാൻ എന്തുണ്ട്? അവന്റെ സ്നേഹഹൃദയത്തിൽ ഒന്നായി ചേരാൻ വേറെ ഏതു വഴിയാണ് ഇതിലും ഉത്തമം? ഇനി ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്ന് ചങ്കിൽതൊട്ട് പറയാനുള്ള ധൈര്യം അവനുവേണ്ടി ഒരായുസു മുഴുവൻ സമർപ്പിച്ചവർക്കേ സാധിക്കൂ.

ഇന്ന് ചുറ്റുപാടും നടന്നുകൊണ്ടിരിക്കുന്ന പ്രതികൂല സംഭവങ്ങൾ സന്യാസ ദൈവവിളികളെ കുറച്ചൊക്കെ ബാധിച്ചേക്കാം. എന്നാൽ ഒരിക്കലും അതിനെ ഇളക്കുവാൻ കഴിയില്ല. കാരണം, സന്യാസം ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയുടെ ചങ്കാണ്. അവന്റെ സ്നേഹംപോലെ പവിത്രമാണ് സന്യാസജീവിതവും. അത് തിരിച്ചറിയാതെ, ഒന്നോ രണ്ടോ പേരുടെ തെറ്റുകൾ നിരത്തി സമൂഹവും മാധ്യമങ്ങളുമൊക്കെ അത് ആഘോഷിക്കുമ്പോൾ ഈ ജീവിതവിശുദ്ധികൊണ്ട് അവയ്ക്കൊക്കെ ഉത്തരം കൊടുക്കാനാകും എന്ന വിശ്വാസമുണ്ട് സമർപ്പിതർക്ക്. സന്യാസം ഈ ലോകത്തിന്റെ യോഗ്യതയല്ല, ദൈവത്തിന്റെ അനന്ത കരുണയുടെ പ്രകട ഭാവമാണെന്ന് ഓരോ നിമിഷവും തിരിച്ചറിയുന്നു. അതിനാൽതന്നെ ഇനി ഒരു ജന്മം ഉണ്ടെങ്കിൽ, അതും ക്രിസ്തുവിന്റെ മണവാട്ടിയായി ജീവിക്കാൻവേണ്ടി മാത്രമാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് പൗലോസ്ശ്ലീഹായോട് ചേർന്ന് ഞാനും പറയുന്നു. ‘‘എന്നാൽ, എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല. എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിനു സാക്ഷ്യം നൽകാൻ കർത്താവായ യേശുവിൽനിന്നു ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ’’ (അപ്പ.പ്ര. 20:24).



**ഏകനായി, പ്രാർത്ഥനയോടെ...**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് എല്ലാ വർഷവും ജൂലൈ 14–ാം തീയതി ആയിരക്കണക്കിനാളുകൾ പങ്കെടുക്കാറുണ്ടായിരുന്ന മെഴുകുതിരി പ്രദക്ഷിണദിനത്തിൽ, കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ, ഈ വർഷം **മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ** പ്രതീകാത്മകമായി, തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിന് ചുറ്റും ഏകനായി മെഴുകുതിരി പ്രദക്ഷിണം നടത്തുന്നു.



# സന്യാസം
## മൺപാത്രത്തിലെ നിധി

സി. റാണി മരിയ ഒ.എസ്.എസ്.
(ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്, തുകലശ്ശേരി, തിരുവല്ല)



ഇത് കൊറോണ കാലമാണ്. ജീവനുണ്ടോ ഇല്ലയോ എന്നു ശാസ്ത്രലോകം ഉറപ്പിച്ചു പറയുകപോലും ചെയ്യാത്ത കുഞ്ഞുഭീമന്മാരാണ് വൈറസുകൾ. മനുഷ്യകോശങ്ങളെ ഹൈജാക്ക് ചെയ്ത് തനിക്ക് ആവശ്യമുള്ള ജനിതകഘട്ടങ്ങളും പ്രോട്ടീനും എല്ലാം നിർമ്മിച്ചിട്ട് മനുഷ്യശരീരത്തിന്റെ മേൽക്കോയ്മ ഏറ്റെടുക്കുന്നു ഇവർ. സൂപ്പർ സ്പീഷിസ് എന്നൊക്കെ അഹങ്കരിച്ചുപോന്ന മനുഷ്യനെ അൽപമൊന്നു നാണിപ്പിക്കുകയും ചിന്തിപ്പിക്കുകയും വെല്ലുവിളിക്കുകയുമാണ് കൊറോണ.

സോഷ്യൽ മീഡിയ, മറ്റു പത്രമാധ്യമങ്ങൾ തുടങ്ങി നമ്മുടെ നാവുകൾ വരെ കൊറോണയെക്കാൾ ഭീകരനായി വിലസുന്ന കാഴ്ചകളും ഈ കോവിഡ് കാലത്ത് വിരളമല്ല. മനുഷ്യന്റെ വ്യക്തിജീവിതത്തിൽ വൈറസുപോലെ അതിക്രമിച്ചു കയറി, ഹൈജാക്ക് ചെയ്ത് അവന്റെ സ്വകാര്യതകളെ പോലും മാനിക്കാതെ, അതിഭീകരമായി സമൂഹവ്യാപനം നടത്തുന്ന വില്ലന്മാരായി തീരാറുണ്ട് ഞാനുൾപ്പെടുന്ന മനുഷ്യജാതി. കഴിഞ്ഞ കുറെ വർഷങ്ങളായി, കാരണം കൂടാതെയോ, കാരണങ്ങൾ ഉള്ളതുകൊണ്ടോ മനുഷ്യത്വരഹിതമായ ആക്രമണങ്ങൾക്ക് വിധേയമായി തീർന്നിരിക്കുന്നു സന്യാസജീവിതം. ഏറെ ത്യാഗനിർഭരമായി അനേകായിരം സന്യാസവര്യന്മാർ ജീവിക്കുന്ന ഈ ജീവിതത്തെ അല്പമൊരു പുച്ഛത്തോടെ വലിയൊരുഭാഗം ജനങ്ങളും നോക്കിക്കാണുമ്പോൾ, ഈ ജീവിതത്തിന്റെ നന്മകളെയും, ഈ ജീവിതത്തിലേക്കു കടന്നുവരാൻ ചങ്കുറ്റമുള്ളവർക്കായി ചില പ്രായോഗിക നിർദ്ദേശങ്ങളും നൽകാൻ മുതിരുകയാണ്.

സന്യാസത്തിന്റെ നന്മകളെ ഊന്നിപ്പറയുമ്പോൾ ഈ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന വെല്ലുവിളികളെയും, ദുഃഖങ്ങളെയും തെല്ലും മറക്കുകയോ മറയ്ക്കുകയോ ചെയ്യുന്നില്ല. സന്യാസം ഏത് കാലഘട്ടത്തിലും വെല്ലുവിളി തന്നെയാണ്. വചനം ഓർമിപ്പിക്കുന്നതുപോലെ ഒരു മനുഷ്യന്റെ യോഗ്യതയ്ക്കോ മാന്യതയ്ക്കോ ദൈവം നൽകുന്ന അംഗീകാരമുദ്രയല്ലിത്. മറിച്ച് ബലഹീനരായ മനുഷ്യരിൽ തന്റെ മഹത്വത്തെ പ്രത്യക്ഷീകരിക്കാൻ സന്യാസമെന്ന നിധി മൺപാത്രങ്ങളിൽ തമ്പുരാൻ ഏൽപ്പിച്ചു തരുകയാണ്. ജീവിതത്തിലെ ചില ഏകാന്ത നിമിഷങ്ങളിൽ ഒരു കാരണമില്ലാതെയും, പ്രാർത്ഥനകൾ കേൾക്കാത്തതിന്റെയുമൊക്കെ പേരിൽ കർത്താവിനോട് കലഹിക്കുമെങ്കിലും നസ്രായൻ വാക്കുപാലിക്കുന്നവനാണ്. തന്നെപ്രതി ഈ ലോകത്തെ ത്യജിക്കുന്നവനു നൂറിരട്ടി വാഗ്ദാനം ചെയ്തവനാണ് അവൻ. പറഞ്ഞാൽ വാക്കു മാറാത്ത എന്റെ കർത്താവ് ഈ ജീവിതത്തിൽ ഒന്നിനും കുറവു വരുത്തിയിട്ടില്ല.... ചില കുറവുകളെ അവന്റെ മഹത്വത്തിനുള്ള വഴികളാണെന്നു തിരിച്ചറിയാനുള്ള പ്രകാശവും തരുന്നുണ്ട്. സന്യാസം എനിക്ക് ഒരിക്കലും നഷ്ടമായി തോന്നിയിട്ടില്ല...കാരണം അതെനിക്ക് നിഷേധിക്കപ്പെട്ട എന്തിന്റെയൊക്കെയോ ആകെത്തുകയല്ല.... നിഷേധിക്കപ്പെട്ടവ നസറായനോടുള്ള പ്രണയം മൂലം വേണ്ടെന്നുവച്ചതുമാണ്. സന്യാസത്തെ സ്നേഹത്തോടെ ആലിംഗനം ചെയ്യാനും നേരിടേണ്ടിവരുന്ന പ്രതികൂലങ്ങളെ സമചിത്തതയോടെ നേരിടാനും താഴെപറയുന്ന ചില കാര്യങ്ങൾ എന്നെ ഏറെ സഹായിച്ചിട്ടുണ്ട്.

### 1. തിരഞ്ഞെടുക്കാം കരുതലോടെ

സന്യാസം ആത്യന്തികമായി ദൈവത്തിന്റെ ദാനമാണ്. ദൈവവുമായി അനുസ്യൂതമായ ബന്ധം നിലനിർത്തി അവന്റെ സ്നേഹത്തെ അനേകർക്കു പകർന്നു നല്കി വെളിച്ചമാകാനുള്ള ജീവിതം. സന്യാസത്തോടുള്ള ആഭിമുഖ്യം തിരിച്ചറിഞ്ഞവർ മാത്രം ആ ജീവിതം തിരഞ്ഞെടുക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന ഘടകമാണ്. മറ്റേതു ജീവിതാന്തസുപോലെതന്നെ ഏറെ ആലോചിച്ചു തീരുമാനിച്ചുറയ്ക്കേണ്ടതാണ് സന്യാസജീവിതം. സന്യാസം തിരഞ്ഞെടുക്കുമ്പോൾ തന്റെ ജീവിതാഭിമുഖ്യപ്രേഷിത മേഖലയിലുള്ള താത്പര്യങ്ങൾ കണക്കിലെടുക്കേണ്ടതാണ്. ദൈവം ഒരു സന്യാസിയിൽനിന്ന് എന്ത് ആഗ്രഹിക്കുന്നുവോ അത് പൂർത്തിയാക്കാൻ സാധ്യതയുള്ള സന്യാസസമൂഹം തിരഞ്ഞെടുക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. തങ്ങളുടെ സന്യാസഭവനങ്ങളിലേക്കു വരുന്ന അർത്ഥികളെ അവബോധമുള്ളവരാക്കുവാനും തിരഞ്ഞെടുത്തതിലെ അപാകതകളെ തിരുത്തി നേരായ വഴിയേ നയിക്കാനുമുള്ള ആർജവത്വം സന്യാസഭവനങ്ങൾക്കുമുണ്ടാവണം. Bloom

where you are planted – നാം എവിടെയാണ് നടപ്പെട്ടത് എന്നത് ഏറെ പ്രസക്തമാണ്. തിരഞ്ഞെടുപ്പിലെ പാളിച്ചകൾ വലിയ വാദകോലാഹലങ്ങളിലും തകർച്ചകളിലേക്കും കൊണ്ടെത്തിക്കും എന്നത് കാലം തെളിയിച്ചിട്ടുണ്ട്.

**2. പണിതുയർത്താം നൈപുണ്യത്തോടെ.....**

ബോധപൂർവ്വം തന്റെ അഭിരുചികളെ തിരിച്ചറിഞ്ഞ് സന്യാസസമൂഹത്തിലേക്ക് പ്രവേശിക്കുന്ന ഒരു വ്യക്തി ആത്യന്തികമായി ക്രിസ്തുവുമായി പ്രണയത്തിലാകേണ്ടതുണ്ട്. തന്റെ ജീവിതത്തെ ചില ചട്ടക്കൂടുകൾക്കുള്ളിൽ ഒതുക്കുന്നതിനു പകരം, വളരാനും ഉയരാനും ക്രിസ്തു നൽകുന്ന സ്വാതന്ത്ര്യവും അവസരങ്ങളും സന്യാസസമൂഹത്തിന്റെ അരൂപിക്കൊത്തവണ്ണം ഉപയോഗിക്കാനും അർത്ഥികൾ തയ്യാറാവണം. സ്വന്തം ആഗ്രഹംകൊണ്ടു മാത്രം സന്യാസവഴി പുൽകുവാനോ പൂർത്തീകരിക്കുവാനോ സാധിക്കുകയില്ല എന്നു ഫ്രാൻസിസ് പാപ്പ "Christus vivit" ലൂടെ ഓർമിപ്പിക്കുന്നുണ്ട്. അതിയായ ആഗ്രഹത്തോടെ നസ്രായനെ സമീപിച്ച യുവാവ് ദുഃഖത്തോടെ നടന്നകലുന്നത് വചനം സാക്ഷ്യപ്പെടുത്തുന്നുണ്ട്. സ്വത്തും സമ്പാദ്യവും അടർത്തി മാറ്റാനുള്ള കരളുറപ്പ് അവനില്ലാതെപോയി. സന്യാസം സ്വീകരിക്കാനുള്ള അദമ്യമായ ആഗ്രഹത്തോടൊപ്പം ഈ ലോകത്തെ ഉപേക്ഷിക്കാൻ തന്റേടമുള്ളവനെയാണ് സന്യാസത്തിലേക്ക് ക്രിസ്തു ക്ഷണിക്കുന്നത്. സ്വന്തമാക്കാനും വെട്ടിപ്പിടിക്കാനും യുദ്ധം ചെയ്യുന്ന ഈ ലോകത്ത് ഒന്നും ആഗ്രഹിക്കാതെ നന്മമാത്രം ചെയ്ത് കടന്നു പോകേണ്ടവനാണ് സന്യാസി. ആശ്രമങ്ങളും മഠങ്ങളും നൽകുന്ന പരിശീലനങ്ങൾക്കുപരി വ്യക്തിപരമായി ഈ ജീവിതത്തിൽ മുന്നേറുവാനുള്ള നൈപുണ്യം ഓരോ വ്യക്തിയും നേടിയെടുക്കേണ്ടതുണ്ട്. കാരണം ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളെ നേരിടേണ്ടി വരുന്നത് പലപ്പോഴും കൂട്ടമായിട്ടല്ല തനിച്ചാണ്.....ആത്മീയമായും ബൗദ്ധികമായുമുള്ള വളർച്ചയും ചിന്താശക്തിയും വിവേചനബുദ്ധിയും പരിശീലനകാലത്തു തന്നെ ആർജിച്ചെടുക്കേണ്ടത് അനിവാര്യമാണ്. പാറമേൽ അടിസ്ഥാനമിട്ട് രത്നങ്ങളോ സ്വർണമോ വെള്ളിയോ ഉപയോഗിച്ച് ശ്രദ്ധയോടെ പണിതുയർത്തേണ്ടതാണ് സന്യാസം.

**3. പരിശോധിക്കാം ജാഗ്രതയോടെ......**

സന്യാസജീവിതത്തിലെ ദൈനംദിന ആത്മീയതയിൽ മാറ്റിനിറുത്താനാവാത്ത ഒന്നാണ് ആത്മശോധന. വളർച്ചയുടെ പടികൾ താണ്ടി മുന്നോട്ടു നീങ്ങുമ്പോൾ ആദ്യസ്നേഹം നഷ്ടമാക്കിയതിനെ തെല്ല് കുറ്റപ്പെടുത്തുന്നുണ്ട് വെളിപാടു പുസ്തകത്തിൽ നസറായൻ. അതിനാൽതന്നെ ആദ്യസ്നേഹത്തിലും തീക്ഷ്ണതയിലും നിലനിൽക്കാനുള്ള ശ്രമങ്ങൾ അനുദിനവും ഒരു സന്യാസിയിൽനിന്നുണ്ടാകേണ്ടതാണ്. സ്വയം കഴിവിൽ ആശ്രയിക്കുന്നതിനപ്പുറം ദൈവാശ്രയ ബോധത്തിലുള്ള വളർച്ചയാണ് സന്യാസിയെ ശ്രേഷ്ഠനാക്കുന്നത്. ഉറവിടങ്ങളിലേക്ക് തിരിച്ചു നടക്കാനും ആത്മീയ ഉണർവ്വുള്ളവരാകാനും രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമിപ്പിക്കുന്നുണ്ട്. ഈ പ്രക്രിയ സന്യാസജീവിതത്തിന്റെ വളർച്ചയുടെയും മുരടിപ്പിന്റെയും ദശകളിലും ഒരുപോലെ ഉണ്ടാകേണ്ടതാണ്. ഏതു ജോലിമേഖലയിൽ ഉള്ളവരാണെങ്കിലും updated ആകുന്നത് നാം കാണാറുണ്ട്. സന്യാസം അതിന്റെ അരൂപി നഷ്ടമാക്കാതെ നവീകരിക്കപ്പെടേണ്ടതും കാലാനുസൃതമായ മാറ്റങ്ങൾക്കു വിധേയമാകേണ്ടതുമാണ്. ഓരോ സന്യാസസമൂഹവും എന്തിനായി വിളിക്കപ്പെട്ടുവോ ആ ദൗത്യങ്ങൾ കാലാനുസൃതമായി നിറവേറ്റുന്നതു പോലെതന്നെ ഓരോ സന്യാസിയും ദൈവം തന്നിലൂടെ നിർവ്വഹിക്കാൻ ആഗ്രഹിക്കുന്ന നന്മകളെ ലോകത്തിനു നൽകാൻ സാധിക്കുന്നുണ്ടോ എന്നതും, വിശുദ്ധിയിലുള്ള വളർച്ചയിൽ മുന്നേറാൻ സാധിക്കുന്നുണ്ടോ എന്നതും ജാഗ്രതയോടെ ചിന്തിക്കേണ്ടതാണ്. ശ്രേഷ്ഠദാനമായ ഈ ജീവിതത്തിലുള്ള ജാഗ്രതക്കുറവ് നിങ്ങളെ ഞാൻ അറിയുന്നില്ല എന്ന കഠോര വചനത്തിലോ നീണ്ട കാത്തിരിപ്പിനൊടുവിൽ എണ്ണ കരുതാതെ നിരാശയിൽ നീറുന്നവരോ ആയി തീരേണ്ടവരല്ല സന്യസ്തർ. വചനം അനുസ്മരിപ്പിക്കുന്ന ഈ അപകടങ്ങളെ അതിജീവിക്കാൻ നിതാന്ത ജാഗ്രതയിൽ ജീവിക്കേണ്ടവരാണ്.

**4. നടന്നു നീങ്ങാം നസറായനെപ്പോലെ**

ക്രിസ്തുവിനെപോലെ നന്മ ചെയ്ത് ഒന്നും ആഗ്രഹിക്കാതെ ചേമ്പിലയിൽ മഴത്തുള്ളിപോലെ, ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ലാതെ ജീവിക്കുക. ക്രിസ്തു നേരിടാത്തതായ ഒരു പ്രലോഭനവും ഇന്നിന്റെ സന്യാസിക്കു നേരിടാനുള്ളതായിട്ട് തോന്നുന്നില്ല. കഴിവിനപ്പുറത്തേക്ക് സഹനങ്ങൾ തരില്ല എന്നതും നസ്രായന്റെ വാക്കാണല്ലോ. എന്തൊക്കെയോ നഷ്ടപ്പെട്ടുവെന്ന തോന്നലും, ഇനിയും നേടുവാനുണ്ട് എന്ന സ്വാർത്ഥ ചിന്തകളും സന്യാസിയുടെ focal point ക്രിസ്തുവിൽനിന്ന് അടർത്തി ലോകത്തിന്റെ മായകാഴ്ചകളിൽ കൊണ്ടെത്തിക്കാം. അവന്റെ കണ്ണിൽനിന്നും ദൃഷ്ടിയെടുക്കാതിരുന്നാൽ ഏതു കാറ്റിലും കോളിലും സമചിത്തതയോടെ കടലിനുമീതെ നടക്കാൻ പത്രോസിനെപോലെ സന്യസ്തർക്കാവും. പ്രതികൂലങ്ങൾക്കിടയിൽ പ്ലാസ്റ്റിക് പുഞ്ചിരിയൊളിപ്പിച്ച് കാപട്യങ്ങളുടെ മൂടുപടങ്ങൾ ധരിച്ചു നടക്കേണ്ടവനല്ല സന്യാസി....നസ്രായന്റെ കൈപിടിച്ചു അവന്റെ തോളോട് ചേർന്നു അനേകർക്ക് അവനെ നൽകേണ്ടവനാണ്.

സന്തോഷങ്ങൾ മാത്രം നിറഞ്ഞ ജീവിതമാണ് സന്യാസം എന്ന കള്ളം പറഞ്ഞു വയ്ക്കുന്നില്ല. സങ്കടങ്ങളും ഏകാന്തതയും പ്രലോഭനങ്ങളും നിറഞ്ഞതുതന്നെയാണ് ഈ ജീവിതം. ഇത് ആനന്ദദായകമാകുന്നത് നസ്രായനോടുള്ള ചങ്ങാത്തത്തിന്റെ തോതനുസരിച്ചാണ്. ആ കൂട്ട് നഷ്ടമാകാതിരുന്നാൽ നിത്യതയോളം നീണ്ടുനിൽക്കുന്ന ആനന്ദം നൽകുന്നതാവും സന്യാസം.

# ദൈവത്തിനായി
## മാറ്റിവയ്ക്കപ്പെട്ടവർ



**ഡോ. അനിത ജോജി, വാളക്കുഴിയിൽ**
(വൈസ് പ്രിൻസിപ്പാൾ, അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി)

എന്റെ ജീവിതത്തിൽ ഞാൻ ഏറെ ബഹുമാനത്തോടും, അത്ഭുതത്തോടുംകൂടെ നോക്കിക്കാണുന്നവരാണ് നമ്മുടെ പ്രിയപ്പെട്ട വൈദികരും സന്യസ്തരും. ദൈവത്തിന്റെ സ്വന്തമായി മാറ്റി വയ്ക്കപ്പെട്ട ഈ ജീവിതങ്ങളെക്കുറിച്ച് അല്പം ചിന്തകൾ പങ്കുവയ്ക്കാൻ ഞാൻ ഒരുങ്ങുമ്പോൾ ഈശോ തൊട്ടരികിൽ നിന്ന് സ്നേഹത്തോടെ പ്രോത്സാഹിപ്പിക്കുന്നുണ്ട്...... തമ്പുരാനേ നയിക്കേണമേ.....

സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള യാത്രയിലാണ് നാം എല്ലാവരും. ഈ യാത്രയിൽ ലോകം മുഴുവനെയും കൂടെ കൂട്ടി സ്വർഗ്ഗത്തിലെത്തിക്കാനും നമുക്കെല്ലാവർക്കും പ്രത്യേകം വിളിയുണ്ട്. 'അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോസ് 16:15). ആഗ്രഹമുണ്ടെങ്കിലും നമ്മിൽ പലർക്കും ജീവിതം മുഴുവൻ കർത്താവിന്റെ വേലയ്ക്കായി മാറ്റി വയ്ക്കുവാൻ പലപ്പോഴും കഴിയുന്നില്ല. എന്നാൽ ചില മനോഹര ജീവിതങ്ങൾ നമുക്കു ചുറ്റുമുണ്ട്. സുവിശേഷത്തിനുവേണ്ടി, ദൈവരാജ്യത്തിനുവേണ്ടി തങ്ങൾക്കു പ്രിയപ്പെട്ടതെല്ലാം, ജീവിതം മുഴുവൻ ദൈവത്തിനായി മാറ്റിവെച്ച് അവിടുത്തെ വിളി സ്വീകരിച്ച് ഇറങ്ങി പുറപ്പെട്ടവർ - അവരാണ് പ്രിയപ്പെട്ട വൈദികരും സന്യസ്തരും. ഇവരിൽ 95 ശതമാനം പേരും ജീവിതത്തിന്റെ ഏറ്റവും മനോഹരമായ യുവത്വത്തിലാണ് ദൈവത്തിന് തങ്ങളുടെ ജീവിതം ഒരു "blank cheque' ഒപ്പിട്ടു കൊടുക്കുംപോലെ കൊടുത്ത് ഭവനം വിട്ടിറങ്ങിയത്.

എന്നാൽ ഏറെ സങ്കടകരമായ വസ്തുത, കർത്താവിന്റെ അഭിഷിക്തരും സന്യസ്തരും ഇന്ന് സമൂഹത്തിൽ വളരെയധികം വിമർശിക്കപ്പെടുന്നു എന്നുള്ളതാണ്. ഇവിടെ സങ്കടം കടലായി മാറാൻ ഒരു കാരണം ഞാൻ കാണുന്നത് - നാവുകൾക്കും, വാക്കുകൾക്കും മൂർച്ചകൂട്ടാൻ മുൻപന്തിയിൽ നിൽക്കുന്നത് പലപ്പോഴും സഭാമക്കൾ തന്നെയല്ലേ എന്ന വസ്തുതയാണ്. ക്രിസ്തുവിന്റെ മൗതികശരീരമായ സഭയെ വളർത്തേണ്ടവർതന്നെ ഒരിക്കലും അതിനെ തകർക്കാൻ കൂട്ടുനിൽക്കാൻ പാടില്ല. അങ്ങനെ ചെയ്യുമ്പോൾ ദൈവരാജ്യം ഭൂമിയിൽ വരാനുള്ള വഴികൾ അടയ്ക്കപ്പെടുകയാണ്. കർത്താവിന്റെ രക്ഷാകര ദൗത്യനിർവ്വഹണത്തിൽനിന്നും ഇത്തരം വിമർശനക്കാർ ഏറെ അകലെയാണെന്നും പറയാതെ വയ്യ. കർത്താവിന്റെ സഭയെ പീഡിപ്പിക്കുന്ന സാവൂളിനോട് ഈശോ ചോദിക്കുന്നത് ഇതു തന്നെയല്ലേ? 'സാവൂൾ, സാവൂൾ, നീ എന്നെ പീഡിപ്പിക്കുന്നതെന്തുകൊണ്ട്? ഇരുമ്പാണിമേൽ തൊഴിക്കുന്നത് നിനക്ക് അപകടമാണ്' (അപ്പ. പ്ര. 26:14). ഗാർഹികസഭയാകുന്ന കുടുംബത്തിൽനിന്നാണ് ഓരോ വൈദികനും ഓരോ സന്യാസിനിയും വരുന്നത് - കുറവുകളുള്ള സാധാരണ മനുഷ്യർ - നമ്മുടെതന്നെ മക്കൾ. വളരെയധികം ആത്മബലം ഉണ്ടെങ്കിൽ മാത്രമേ ഈ ദൈവവിളി ഏറ്റെടുത്ത് വിജയത്തിലെത്തിക്കുവാൻ ഈ മക്കൾക്ക് സാധിക്കുകയുള്ളൂ. ഇവരെ ശക്തിപ്പെടുത്താൻ നാം മുട്ടുമടക്കി തമ്പുരാനോട് പ്രാർത്ഥിക്കാൻ കടപ്പെട്ടവരാണ്. അവരുടെ കരങ്ങളെ ശക്തിപ്പെടുത്തുമ്പോൾ നമ്മളും സുവിശേഷവേലയിൽ "full timers' ആയി ത്തീരുകയാണ്.

വിദ്യാഭ്യാസകാലത്തും ജോലിമേഖലയിലും മറ്റും വർഷങ്ങളായി വൈദികരോടും, സന്യസ്തരോടുമൊപ്പം പ്രവർത്തിക്കാൻ കിട്ടിയ അവസരങ്ങളിൽ, അവരുടെ നന്മകൾ ഏറെ അനുഭവിക്കാൻ സാധിച്ചിട്ടുണ്ട്. എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ തിരുസഭയ്ക്കും, വൈദികർക്കും, സന്യസ്തർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിനോടൊപ്പം, കുടുംബങ്ങൾ പ്രത്യേകം ഊന്നൽ നൽകി പ്രാർത്ഥിക്കേണ്ടവരാണ്, വൈദിക വിദ്യാർത്ഥികളും സന്യാസാർത്ഥിനികളും. അവർ ബലപ്പെടാനും കൃപയിൽ അങ്ങോളം നിലനിൽക്കാനും നാം പ്രാർത്ഥിക്കണമെന്ന് ഈ കാലഘട്ടത്തിൽ ഈശോ ആഗ്രഹിക്കുന്നു. ആ ഓരോ കുഞ്ഞും നമ്മുടെ സ്വന്തം കുഞ്ഞാണെങ്കിൽ നാം എങ്ങനെ പ്രാർത്ഥിക്കുമോ, അതിലും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതുണ്ട്. വിവാഹാന്തസ്സി

ലേക്കു പ്രവേശിക്കുന്ന മക്കളേക്കാൾ കൂടുതൽ പ്രാർത്ഥന ഇവർക്കാവശ്യമുണ്ട്.

ദൈവവേലയ്ക്കായി ത്യാഗോജ്ജ്വലമായി ജീവിതം സമർപ്പിച്ച് ഇറങ്ങുന്ന മക്കളുടെ മാതാപിതാക്കളുടെ സ്ഥാനത്തുനിന്ന് നാം ചിന്തിച്ചിട്ടുണ്ടോ? പ്രത്യേകിച്ച് അമ്മമാരുടെ? ഞാൻ പറയും, 24 മണിക്കൂറും തന്റെ കുഞ്ഞിനുവേണ്ടി നെഞ്ചുരുകി കരഞ്ഞ് ത്യാഗം ചെയ്ത് പ്രാർത്ഥിക്കുന്നവരാണവർ. ഒരു വൈദികന്റെയോ സന്യാസിനിയുടെയോ മാതാപിതാക്കളുടെ പ്രാർത്ഥനയും കണ്ണുനീരും അവൻ/അവൾ ഭവനം വിട്ടിറങ്ങിയ നിമിഷം മുതൽ അങ്ങോളം ദൈവസന്നിധിയിൽ അവർക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചുകൊണ്ടേയിരിക്കും. 'അവിടുന്ന് അരുളിച്ചെയ്തു: 'എന്റെ അഭിഷിക്തരെ തൊടരുത്. എന്റെ പ്രവാചകന്മാരെ ഉപദ്രവിക്കരുത്' (1 ദിനവൃത്താന്തം 16:22). 'എന്റെ അഭിഷിക്തരെ തൊട്ടുപോകരുത്. എന്റെ പ്രവാചകർക്ക് ഒരുപദ്രവവും ചെയ്യരുത് എന്ന് അവിടുന്ന് ആജ്ഞാപിച്ചു' (സങ്കീ. 105:15). നമ്മുടെ മതബോധന ക്ലാസ്സുകളിലും ഭവനങ്ങളിലും ഈ ഒരു ബോധ്യം കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കണം. ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഈ ജീവിതങ്ങളെ ബഹുമാനിക്കുക മാത്രമല്ല, അവർക്കുവേണ്ടി പ്രാർത്ഥിക്കുകകൂടി വേണം എന്ന് ദൈവം ആഗ്രഹിക്കുന്നു. കാരണം അവർ അവിടുത്തെ സ്വന്തമാണ്, അവിടുത്തേക്ക് ഏറെ പ്രിയപ്പെട്ടവരാണ്; അവിടുത്തേക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ടവരാണ്. കുടുംബങ്ങൾ അനുഗ്രഹിക്കപ്പെടാൻ നമ്മൾ ഇതു ചെയ്തേ പറ്റൂ. മെത്രാന്മാരും വൈദികരും ദൈവസന്നിധിയിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്ന അപ്പസ്തോലിക പൈതൃകത്തിന്റെ പിൻതുടർച്ചക്കാരാണെന്ന സത്യം മറക്കാതിരിക്കുക. 'എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്കു തരും; അവർ ജ്ഞാനത്തോടും വിവേകത്തോടുംകൂടെ നിങ്ങളെ പാലിക്കും' (ജറെ. 3:15). 'സഹോദരൻ തങ്ങളുടെ തലവനെ ബഹുമാനിക്കുന്നു; കർത്താവാകട്ടെ തന്റെ ഭക്തനെയും' (പ്രഭാ. 10:20,21). അതുപോലെ, പ്രഭാഷകന്റെ പുസ്തകത്തിൽ വീണ്ടും ഇങ്ങനെ പറയുന്നു. 'തന്നെ സ്നേഹിക്കുന്നവരെ കർത്താവ് കടാക്ഷിക്കുന്നു. അവിടുന്ന് ശക്തമായ സംരക്ഷണവും ഉറപ്പുള്ള താങ്ങും, ചുടുകാറ്റിൽ അഭയകേന്ദ്രവും പൊരിവെയിലിൽ തണലും, ഇടറാതിരിക്കാൻ സംരക്ഷണവും, വീഴാതിരിക്കാൻ ഉറപ്പും ആണ്' (പ്രഭാ. 34:19).

വൈദികരുടെ രാജ്ഞിയായ പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിലൂടെ ഈശോയുടെ തിരുഹൃദയത്തിലേക്ക് ഈ പ്രിയപ്പെട്ടവരെ, മഹത്തരമായ ഈ ജീവിതങ്ങളെ സമർപ്പിച്ച്, തിരുസഭാഗാത്രത്തോടു ചേർന്നുനിന്നുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



ഓഗസ്റ്റ് 15-ാം തീയതി മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായ്ക്ക്**
തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപത്തിന്റെയും ആശംസകൾ.

# പ്രധാനപ്പെട്ട ദിവസങ്ങൾ
## ആഗസ്റ്റ്

| | | |
|---|---|---|
| ഓഗസ്റ്റ് 01 | – | പതിനഞ്ചു നോമ്പാരംഭം |
| ഓഗസ്റ്റ് 04 | – | വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി |
| | – | മലങ്കര സുറിയാനി കത്തോലിക്കാ സണ്ടേസ്കൂൾ ദിനം |
| ഓഗസ്റ്റ് 05 | – | പാറശ്ശാല ഭദ്രാസന സ്ഥാപനദിനം (2017) |
| ഓഗസ്റ്റ് 06 | – | നമ്മുടെ കർത്താവിന്റെ തേജസ്ക്കരണം |
| ഓഗസ്റ്റ് 15 | – | ശൂനോയോ പെരുന്നാൾ പതിനഞ്ചുനോമ്പുവീടൽ |
| | – | **മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ** മെത്രാഭിഷേക വാർഷികം (2001) |
| | – | ഭാരത സ്വാതന്ത്ര്യദിനം |
| ഓഗസ്റ്റ് 16 | – | സാമൂഹ്യനീതി ഞായർ |
| ഓഗസ്റ്റ് 29 | – | വി. എവുപ്രാസിയ |


# സന്യാസം
## അപരനെ സ്നേഹിക്കുവാനും കരുതുവാനുമുള്ള ജീവിതം



**ഫാ. അലൻ തോമസ് ഒ.ഐ.സി**
(ബഥനി ആശ്രമം, തോലശ്ശേരി)

'വിളിച്ചിടം തന്നതാണീ വീട്ടിലല്പമിരിക്കുവാൻ വിഭവങ്ങൾ നിരത്തുന്ന വിശ്വസൽക്കാരശാലയിൽ'(ജീ.)

It was very difficult to say no, but I did say no to any infatuations. കൗമാരത്തിലെ പ്രണയങ്ങളും പ്രേമബന്ധങ്ങളും മറ്റ് ഏതൊരു കൗമാരക്കാരനെപ്പോലെ എന്നെയും ഏറെ ആകർഷിച്ചിരുന്നു. എന്നാൽ ഞാൻപോലും അറിയാതെ നസ്രായനോട് ആഴമായ പ്രണയം എന്നിൽ രൂപപ്പെട്ടു. അതുകൊണ്ടാവാം ദൈവവിളി ഉണ്ടെന്ന് അനുഭവപ്പെട്ടതും പത്താംക്ലാസ്സിനുശേഷം സന്ന്യാസം എന്ന ജീവിതശൈലിയെ പരീക്ഷിച്ചു നോക്കാൻ ഞാൻ തീരുമാനിച്ചതും, 'ഇതിലൊന്നും അർത്ഥം ഇല്ലടാ', 'അവിടെ നിനക്ക് കഞ്ഞി മാത്രമെ കിട്ടൂ', 'ഇത് അപ്രായോഗികമാണ്' എന്നിങ്ങനെയുള്ള വാദമുഖങ്ങളുന്നയിച്ച് എന്റെ ബന്ധുമിത്രാദികളും കൂട്ടുകാരും എന്നെ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചു. മാത്രമല്ല ആ കാലഘട്ടത്തിൽ ഒരു പുരോഹിതനെതിരെ ഉയർന്നുവന്ന ആരോപണം മാധ്യമങ്ങളിൽ സഭയേയും സന്യാസത്തെയും താഴ്ത്തികെട്ടുന്നവിധം ചർച്ച ചെയ്യപ്പെട്ടു. എന്നാൽ ആ നാളുകളിൽ എന്റെ മനസ്സിൽ ആദ്യം ഓടിവന്നത് എന്റെ ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന ഒരു മുതിർന്ന സന്യാസിനിയുടെ മുഖമാണ്. നിരന്തരം ജപമാലപ്രാർത്ഥന ഉരുവിട്ടിരുന്ന, അനേകർക്ക് സ്വാന്തനവചസുകൾ അരുളിയിരുന്ന, സ്നേഹത്തിന്റെ പ്രതിരൂപമായിരുന്ന ആ സമർപ്പിതയുടെ ജീവിതം ചാനൽചർച്ചകളിലൂടെ ഉരുവാക്കപ്പെട്ട സന്യാസ വിരുദ്ധപ്രബന്ധങ്ങളുടെ മുന ഒടിക്കുന്നതായിരുന്നു. ആ സന്യാസിനിയുടെ നിശബ്ദ സാന്നിധ്യം സന്യാസത്തെക്കുറിച്ചുള്ള ഒരു സുശക്ത നിലപാടായി എന്നിൽ നിലകൊണ്ടു. അന്ന് ഞാൻ ആദ്യമായി തിരിച്ചറിഞ്ഞു, സന്യാസത്തിന്റെ നിശബ്ദത വാക്കുകളേക്കാൾ അർത്ഥവത്താണെന്ന്. അതുകൊണ്ടായിരിക്കും മൗനം മുനിയുടെ ആയുധമാകുന്നത്. ഈ ഒരു തിരിച്ചറിവാണ് ബഥനി ആശ്രമത്തിൽ ഒരു അർത്ഥിയാകുവാൻ എനിക്കു പ്രേരണയായതും. ആശ്രമത്തിന്റെ പടി കയറിയപ്പോളാകട്ടെ ഗുരുവച്ചന്റെ ആദ്യപാഠം തന്നെ മൗനത്തെക്കുറിച്ചും, നിശബ്ദതയെക്കുറിച്ചുമായിരുന്നു. ധ്യാനത്തിന്റെ ഈ നിശബ്ദതകൾ ആദ്യകാലങ്ങളിൽ വിരസതയായി എനിക്ക് അനുഭവപ്പെട്ടുവെങ്കിലും മെല്ലെ ഈ നിശബ്ദത ദൈവശബ്ദത്തിന്റെ മന്ത്രിപ്പായി അനുഭവപ്പെട്ടു. അതുകൊണ്ടുതന്നെ നമുക്ക് പറയാം, "this silence is not a dead silence, rather a life giving one'. അതെ, സന്യാസവും അത് ആവശ്യപ്പെടുന്ന നിശബ്ദതയും ബാഹ്യാർത്ഥത്തിൽ ഒരു ഭാരമായി നമുക്ക് അനുഭവപ്പെട്ടാലും അതിന്റെ ആഴങ്ങളിലേക്ക് നാം കടന്നു ചെല്ലുമ്പോൾ അത് എത്രത്തോളം ജീവദായകമാണെന്ന് മനസ്സിലാക്കാൻ സാധിക്കും.



അതുകൊണ്ടാണല്ലോ സന്യാസത്തിന്റെ പ്രതീകമായ 'സ്വർഗ്ഗരാജ്യത്തെ നിലത്തു വീണ് അഴിയുന്ന ഗോതമ്പുമണിയായി' യേശു നാഥൻ ചിത്രീകരിക്കുന്നത്. സന്യാസം കേവലം ഉപേക്ഷകൾ അല്ല, മറിച്ച് നേടിയെടുക്കലുകളാണ്. ഈ സത്യം തിരിച്ചറിഞ്ഞതുകൊണ്ടായിരിക്കണം മാർ ഈവാനിയോസ് പിതാവ് സന്യാസത്തെക്കുറിച്ച് പറഞ്ഞത് 'എന്തെന്നാൽ അത് കേവലം ഒരു ത്യാഗം അല്ല, പിന്നെയോ ദൈവസമ്പാദനം ആണത്രെ'...

സന്യാസം എന്നത് അപരനെ, എന്നോളം corona virus. നന്മയുടെയും വിശുദ്ധിയുടെയും ഇപ്രകാരമുള്ള വൈറസുകൾ ആവുക എന്നതാണ് സന്യാസിയുടെ ജീവിതവിളി. അതെ, സന്ന്യാസത്തിലൂടെ ഒരു സ്നേഹവിപ്ലവം സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് ശ്രേഷ്ഠ സന്ന്യാസിയായ യേശുനാഥൻ തന്റെ ജീവിതംവഴി നമുക്ക് കാണിച്ചുതന്നു. മറ്റുള്ളവരോടുള്ള ബന്ധത്തിന്റെ ആഴം തിരിച്ചറിയുവാനും ക്ഷമിക്കുവാനുമുള്ള വിളിയാണ് സന്യാസം. I say sorry not because I am wrong, but



സ്നേഹിക്കുവാനും കരുതുവാനുള്ള വിളിയാണ്. അതുകൊണ്ടായിരിക്കും മാർ ഈവാനിയോസ് പിതാവ് സന്യാസത്തെ സ്നേഹമാർഗ്ഗമായി ചിത്രീകരിച്ചത്. ഈ തിരിച്ചറിവായിരിക്കാം സ്വന്തം ജീവൻപോലും പണയപ്പെടുത്തി കുഷ്ഠരോഗികളെ ശുശ്രൂഷിക്കുവാൻ വി. ഡാമിയനെ പ്രേരിപ്പിച്ചത്. ഈ തിരിച്ചറിവ് കൊണ്ടുതന്നെയാണ് മാർ ഈവാനിയോസ് പിതാവ് ആശ്രമത്തോട് ചേർന്ന് അനാഥാശ്രമവും സ്ഥാപിച്ചത്. സന്യാസജീവിതം എല്ലാ മനുഷ്യരെയും പ്രണയിക്കാനുള്ള വിളിയാണെന്ന് ഞാൻ മനസ്സിലാക്കിക്കൊണ്ടേയിരുന്നു. രോഗികളായ സഹോദരങ്ങളെ പരിചരിച്ചും സഹസന്യാസികളെ സ്നേഹിച്ചും അവരുടെ സ്നേഹവും കരുതലും ഏറ്റുവാങ്ങിയും സന്യാസമെന്ന സ്നേഹമാർഗ്ഗത്തിലൂടെ ഞാൻ യാത്ര ചെയ്തു. പിന്നീട്, വഴിയോരങ്ങളിൽ അലയുന്ന പാവപ്പെട്ട മനുഷ്യരെ സ്നേഹിക്കുവാനും കരുതുവാനും ഞാൻ പഠിച്ചു. കൈയിൽ ഉണ്ടായിരുന്ന തുഛമായ പണം പലപ്പോഴും മുൻപിൽ വരുന്ന പാവങ്ങൾക്ക് നല്കുവാൻ ആരംഭിച്ചു. പിന്നീടാണ് ഞാൻ ശ്രദ്ധിച്ചത് എന്റെ കൂടെയുള്ളവരും ഇങ്ങനെതന്നെ ചെയ്യുന്നുണ്ടെന്ന്. എന്തിനാണ് അവർക്ക് കൊടുക്കുന്നത് എന്ന് ചോദിച്ച പലരും പിന്നീട് ഇപ്രകാരം പ്രവർത്തിക്കുന്നത് ഞാൻ കണ്ടിട്ടുമുണ്ട്. Goodness is more contagious than

because I value the relationship. അപരനിലേക്ക് വളരുവാനാണ് ഓരോ സന്യാസിയും വിളിക്കപ്പെട്ടിരിക്കുന്നത്. എന്റെ അഹന്ത പലപ്പോഴും അപരനിൽനിന്ന് എന്നെ അകറ്റുന്ന ഒരു ചാലകമാണ്. The others is a hell എന്ന് Sartre നെകൊണ്ട് പറയിപ്പിച്ചത് ഈ അഹന്ത ആയിരിക്കണം. ഈ അഹന്തയെ നിഗ്രഹിക്കുന്ന പ്രക്രിയയെയാണ് നാം സന്യാസമെന്ന് വിളിക്കുന്നത്. സന്യാസമെന്നത് അപരനെ അവനായി തന്നെ മനസ്സിലാക്കുന്നതാണ്. The other is not an object but a subject like me എന്ന തിരിച്ചറിവ് ലോകത്തിൽ പ്രഘോഷിക്കേണ്ടത് സന്യാസികളത്രെ. സന്യാസ വ്രതങ്ങൾ ഒരിക്കലും ഒരു സന്യാസിയെ ബന്ധിച്ചിരിക്കുന്ന ഒരു ചങ്ങലയല്ല, മറിച്ച് ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും വളരുവാനുള്ള ഒരു ചാലകശക്തിയാണ്. സമർപ്പിത വർഷത്തിൽ പരിശുദ്ധ മാർപ്പാപ്പ എല്ലാ സന്യാസികളോടും ആഹ്വാനം ചെയ്തത് ഇപ്രകാരമാണ്, 'നിങ്ങളോടു എനിക്ക് ഒരു വാക്കു പറയുവാനുണ്ട്, ആ വാക്ക് സന്തോഷം എന്നതാണ്. എവിടെയെല്ലാം സമർപ്പിത വ്യക്തിത്വമുണ്ടോ അവിടെ എപ്പോഴും സന്തോഷമുണ്ട്.' അതിനാൽ നാം സ്വന്തം മതിൽക്കെട്ടുകൾക്ക് പുറത്തിറങ്ങി അനേകരെ ദൈവരാജ്യമെന്ന വിഭവശാലയിലേക്ക് ആനയിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

# ആനന്ദത്തിന്റെ സാക്ഷികൾ



റവ. സി. ഇവാനിയ എസ്.ഐ.സി.

സന്യാസജീവിതത്തിൽ അനേക വർഷങ്ങൾ കഴിഞ്ഞ് തിരിഞ്ഞു നോക്കുമ്പോഴും ആനന്ദവും സംതൃപ്തിയും മാത്രം. ഇക്കാലയളവിൽ ഞങ്ങളുടെ ശുശ്രൂഷാമേഖലകൾ കുടുതലും മാനസികാസ്വാസ്ഥ്യം ഉള്ളവരുടെയും വമിറശരമുലറ ആയിട്ടുള്ളവരുടെയും കാൻസർ രോഗികളുടെയുംകൂടെ ആയിരുന്നു. അവരെല്ലാം ജനിച്ച വീട്ടിൽനിന്നും വളർന്ന നാട്ടിൽനിന്നും അകലെയായി ഞങ്ങളുടെ സന്യാസസമൂഹത്തിന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന വിവിധ ഭവനങ്ങളിലാണ് താമസിക്കുന്നത്. ഈ ലോകത്തിൽ ഒറ്റപ്പെട്ടവരുടെ ഇടയിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് ഞങ്ങളുടെ കഴിവുകൊണ്ടല്ല, മറിച്ച് ഞങ്ങളെ വിളിച്ചു സ്വന്തമാക്കിയ ദൈവത്തോടുള്ള സ്നേഹം ഒന്നു കൊണ്ടുമാത്രമാണ്. സന്യാസജീവിതത്തിന്റെ മഹത്വവും ഔന്നത്യവും തിരിച്ചറിയണമെങ്കിൽ വിശ്വസ്തതയോടുകൂടെ, ദാനമായി ലഭിച്ച ദൈവവിളിയിൽ ജീവിക്കുകതന്നെ വേണം. ദൈവം ഒരു വ്യക്തിയെ ഒരു കാര്യം ഭരമേല്പിക്കുമ്പോൾ അതിനുള്ള കൃപയും അതോടൊപ്പം തരും. ഞങ്ങൾക്ക് കുറവുണ്ട്, വീഴ്ചകളുണ്ട്, സമ്മതിക്കുന്നു. എന്നാൽ വാഗ്ദാനങ്ങളിൽ വിശ്വസ്തനായവൻ മഹോന്നതമായ സന്യാസ ദൈവവിളി തന്ന് ഈ മൺപാത്രം ഉടയാതെ ഞങ്ങളെ ഇന്നും സംരക്ഷിക്കുന്നു. ഈ ജീവിതത്തിലൂടെ എത്രയോ ആളുകളുടെ കണ്ണീരൊപ്പാൻ, എത്രയോ പേരുടെ ദുഃഖങ്ങളിൽ താങ്ങാവാൻ ദൈവം ഞങ്ങളെ അനുഗ്രഹിച്ചിട്ടുണ്ട്. പ്രായമായവരായും, കാൻസർരോഗികളായും മരിച്ച അനേകമാളുകൾക്ക് സാന്ത്വന പരിചരണം നൽകി സമാധാനമായി മരിക്കുന്നതിന് ഇടയായിട്ടുണ്ട്. അനേക കുടുംബങ്ങളിൽ അത്യാസന്ന നിലയിലായിരുന്നവരെ മരണത്തിന് ഒരുക്കിയിട്ടുണ്ട്. അവരുടെയും, ആ കുടുംബാംഗങ്ങളുടെയും സന്തോഷകരമായ മുഖമാണ് ഞങ്ങൾക്കുള്ള പ്രതിഫലവും ഞങ്ങളുടെ ആനന്ദവും. 'ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നു വെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ' (ലൂക്കാ 9:28) എന്ന വചനത്തിലൂടെ, ബലപ്പെടുത്തുന്ന ദൈവത്തെ അറിഞ്ഞുകൊണ്ടും ഇഷ്ടപ്പെട്ടുകൊണ്ടും വാക്കു കൊടുത്തുകൊണ്ടും സന്യാസജീവിതത്തെ സ്വയം ആശ്ലേഷിച്ചവരാണ് ഞങ്ങളെല്ലാവരും. ഈ ജീവിതത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു, അഭിമാനിക്കുന്നു, ആനന്ദം കൊള്ളുന്നു. ആ ആനന്ദത്തിന്റെ കാരണം, ഈ ജീവിതത്തിലൂടെ അനേകർക്ക് നന്മ ചെയ്യാൻ കഴിയുന്നു എന്നതു മാത്രം. ആ നന്മകൾ ഏറ്റുവാങ്ങുന്ന, ആരോരുമില്ലാത്തവരുടെ മുഖത്തെ സന്തോഷം കാണൂ.

# കരുതൽ നല്കുന്ന വൈദികരും സന്യസ്തരും



അന്ന സി. ബിജു ചക്രശ്ശേരിൽ
സെന്റ് ജോൺസ് കത്തീഡ്രൽ

വളരെ ചെറുപ്പകാലം തുടങ്ങി പതിനൊന്ന് വർഷക്കാലം ഞങ്ങൾ പള്ളിയിലെത്തിയിരുന്നത് വളരെ ദൂരം യാത്ര ചെയ്തായിരുന്നു. ഞായറാഴ്ചകളിൽ അതിരാവിലെ ഉണർന്ന് മൂന്ന് ബസിലുള്ള യാത്ര അത്ര സുഖകരമായിരുന്നില്ല. അച്ഛയുടെ ജോലി സംബന്ധമായാണ് അത്ര ദൂരെ താമസിക്കേണ്ടി വന്നത്. വരുന്ന വഴിയിൽതന്നെ ധാരാളം പള്ളികൾ ഉണ്ടായിരുന്നു. എന്തിനാണ് ഇത്ര ദൂരം യാത്ര ചെയ്യുന്നതെന്ന് അന്നെനിക്ക് മനസ്സിലായിരുന്നില്ല. എന്നാൽ അന്നത്തെ അനുഭവങ്ങളാണ്, എന്റെ ഇടവകയോടും സഭയോടുമുള്ള സ്നേഹത്തിന്റെ അടിസ്ഥാനം. അതിലുമേറെയാണ് നമ്മുടെ വൈദികരോടും സന്യസ്തരോടുമുള്ള സ്നേഹവും ബഹുമാനവും. വൈദികരോട് വളരെ നല്ലൊരു സ്നേഹബന്ധം കാത്തുസൂക്ഷിക്കുന്നവരാണ് കുടുംബത്തിലുള്ളവരെല്ലാം. അതിന്റെ അനുഗ്രഹം എത്രമാത്രമാണെന്ന് പറഞ്ഞറിയിക്കുക പ്രയാസമാണ്. ദുഃഖങ്ങളുണ്ടാകുമ്പോൾ മാത്രമല്ല, സന്തോഷത്തിന്റെ അവസരത്തിലും വൈദികരോട് പങ്കിടുന്നതിലും ഏറെ ശ്രദ്ധിച്ചിരുന്നു. നമുക്ക് ലഭിക്കുന്ന കൃപകൾക്ക് അവർ നമുക്കുവേണ്ടി നന്ദി പറയുന്നതിലും വലിയ കൃതജ്ഞത മറ്റെന്താണുള്ളത്?

വൈദികരെ അഭിഷേകം ചെയ്യുന്ന കർമ്മത്തിൽ, കാർമ്മികൻ കാപ്പയ്ക്കുള്ളിൽ അർത്ഥിക്ക് പരിശുദ്ധാത്മാവിനെ അഭിഷേകം ചെയ്യുന്ന ശുശ്രൂഷയുണ്ട്. ആ കർമ്മത്തിൽ സംബന്ധിക്കുന്ന നമുക്കുണ്ടാകുന്ന അനുഭൂതി വർണ്ണിക്കുവാൻ പ്രയാസമാണ്. അതിലൂടെ വൈദികർക്ക് ലഭിക്കുന്ന ഊർജ്ജം എത്രത്തോളമായിരിക്കുമെന്ന് ഞാൻ ആലോചിച്ചിട്ടുണ്ട്. നമ്മുടെ കർത്താവിന്റെ തിരുശരീരവും തിരുരക്തവും വാഴ്ത്തുന്ന കരങ്ങളാണ് അവരുടേത്. കൈവച്ച് പ്രാർത്ഥിക്കണമെന്നില്ല, വിശുദ്ധ ബലിയിൽ ഓർക്കാമെന്നുള്ള അവരുടെ വാക്കുകൾക്കുപോലും വലിയ ധൈര്യം പകരാൻ കഴിയുന്നവയാണ്. ഇപ്പോൾ എനിക്ക് ഈ കുറിപ്പ് എഴുതാൻ സാധിക്കുന്നതുപോലും ഗുരുക്കന്മാരുടേയും, ഒപ്പം കുറെയധികം സന്യസ്തരുടെയും വൈദികരുടെയും അനുഗ്രഹങ്ങളും പ്രോത്സാഹനങ്ങളും കൊണ്ടുതന്നെയാണ്. എം. സി. സി. എൽ. സംഘടനയിലൂടെയാണ് ഞാൻ വളർന്ന് കൊണ്ടിരിക്കുന്നത്. മുന്നിൽ നിൽക്കുന്ന ധൈര്യശാലികളായ നേതാക്കന്മാർക്കെല്ലാം ധൈര്യം പകരുന്നത് അണിയറയിൽ നിൽക്കുന്നവരാണ്. എന്റെ കാര്യത്തിൽ തീർച്ചയായും അതങ്ങനെതന്നെയാണ്. പൗലൊസ്ശ്ലീഹായുടെ വാക്കുകൾ ഞാനും ഏറ്റ് പറയുന്നു:'യേശുക്രിസ്തുവിൽ നിങ്ങൾക്ക് കൈവന്ന ദൈവകൃപക്ക് ഞാൻ നിങ്ങളെപ്രതി സദാ നന്ദി പറയുന്നു'

# പുസ്തക പ്രകാശനം



യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലിത്തായുടെയും, ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്തായുടെയും സംയുക്ത ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്, അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയെക്കുറിച്ച് ഫാ. ഡോ. ഐസക് പറപ്പള്ളിൽ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച പുസ്തകം കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ, അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ്രകാശനം നിർവ്വഹിക്കുന്നു.



തിരുവല്ല അതിഭദ്രാസനത്തിലെ 23 വൈദികരുടെ ജീവചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ട്, മോൺ. ചെറിയാൻ താഴമൺ പ്രസിദ്ധീകരിച്ച 'അറിയാൻ, ആദരിക്കാൻ, അനുകരിക്കാൻ' എന്ന പുസ്തകത്തിന്റെ പ്രകാശനം ജൂലൈ 15-ാം തീയതി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന ചടങ്ങിൽ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ വന്ദ്യ കരിമ്പനാമണ്ണിൽ ഏബ്രഹാം റമ്പാന് നൽകി നിർവ്വഹിക്കുന്നു.

## 25th Death Anniversary

OF OUR BELOVED ACHANACHAYAN

(25-08-2020)



**REV. FR. VARGHESE VADACHERRY**

Thottabhagam, Thiruvalla

## REMEMBRANCE - AUGUST



Fr. Philipose Elavatta
02 August 1967



Fr. Joseph Cherupuzhathottam
08 August 1992




Fr. David Payyampallil
09 August 1980




Fr. Joseph Pattassery
11 August 1988




Fr. Joseph Pattani
14 August 1994



Fr. Antony Karatt
16 August 1994




Fr. Varghese Karikott
21 August 2010



Fr. Alexander Chalunkaparampil
25 August 2008



Fr. Chacko Elavumparampil
28 August 1999



Fr. Jacob Mundaplackal
30 August 1963

## ആശംസകളോടെ



ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ് (Opus Spiritus Sancti)
തുകലശ്ശേരി, തിരുവല്ല – 689101
ഫോൺ : 0469 2730823 / 2631304

## ആശംസകളോടെ



മിശിഹാനുകരണ സന്യാസിനി സമൂഹം (Sisters of Imitation of Christ)
ബഥനി കോൺവെന്റ് തിരുമൂലപുരം, തിരുവല്ല – 689115
ഫോൺ : 0469 2630229 / 2736087

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

Date of Publication : 10.08.2020
Price : ₹10/-

R.N.I. 35982/80
August 2020




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala
and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Isaac Parappallil